RAMAYANAM PANA.

രാമായണം പാന.

ഹരിഃ ശ്രീഗണപതയെ നമഃ
അവിഘ്നമസ്തു.

യോഗിനിതന്റെ യോഗപ്രഭാവത്താൽ വേഗംപോന്നു പുറത്തുകപികളും- മയമായമയമാംഗുഹതന്നിൽ ആയതാക്ഷിയെ നോക്കുകകാരണാൽ- സുഗ്രീവൻചൊന്നകാലംകഴിഞ്ഞുപോയ് വ്യഗ്രരായകപികളുമന്നേരം- അംഗദനവരോടേവംചൊല്ലിനാ ൻ മംഗലാംഗന്റെപത്നിയെകണ്ടീല- സുഗ്രീവൻപാർത്തുകാണു ന്നനേരത്ത ഉഗ്രശാസനനെല്ലാകപികളെ- എന്തുനാമിനി ചെയ്യേണ്ടുസാമ്പ്രതം ഹന്ത പ്രായോപവേശനമല്ലാതെ- താരത നുടെനന്ദനൻതന്നോടു താരനപ്പോളീവണ്ണമുരചെയ്തു- സുഗ്രീ വൻപറഞ്ഞുള്ളോരുകാലവും ഒട്ടേശീലകഴിഞ്ഞുനമുക്കിപ്പോൾ- അ ത്യുഗ്രനാകുന്നസുഗ്രീവൻ തത്രനാമിനിചെന്നുവെന്നാക, ലൊ- കൊന്നീടുംനൂനംവേഗംബോനെയും പിന്നെഞങ്ങളെയെ ന്നോരുസംശയം- നമുക്കിപ്പോൾവിചാരച്ചുകാണുമ്പോൾ രാമ നെക്കൊണ്ടുകാര്യവുമെന്തുള്ളൂ- എന്നതുകൊണ്ടുനാമിഗ്ഗുഹതന്നിൽ മന്നവവാണീടുകസുഖമായി- രാമചന്ദ്രനെക്കൊണ്ടുള്ളഭീതിയും നമുക്കീഗ്ഗുഹതന്നിൽവരികില്ല- താരവാക്കുകൾകേട്ടുയുവരാജൻ വീരൻവാനരരോടേവംചൊല്ലിനാൻ-രാജ്യംഹേതുവായ്ഭ്രാതാവി നെക്കൂടെ സൂര്യനന്ദനൻകൊല്ലിച്ചുഹൃഷ്ടനായ്- ജ്യേഷ്ഠഭാര്യ യോടൊന്നിച്ചിരിക്കുന്ന കഷ്ടംകഷ്ടമതെന്നേപറയാവു- മാനസേ ചേറ്റുംസംശയമില്ലാതെ യിനിനാമവിടെച്ചെന്നുവെന്നാകിൽ- ബലഹീനരാംനമ്മളെക്കൊന്നീടും ബലമുള്ളോരുസുഗ്രീവൻവേ ഗത്തിൽ- അംഗദനേവംചൊന്നതുകേട്ടിട്ടു ജാംബവപ്രമുഖരാം കപികളും- ക്ഷിപ്രമെല്ലാരുമൊന്നിച്ചുമാനസേ അപ്രകാരമുറ ച്ചോരനേരത്ത- വാനരരുടെഭാവത്തെക്കണ്ടിട്ടു മാനശാലിയും അമാനുഷംചെയ്തു- താരനംഗദനുരാജ്യമുണ്ടാവാൻ പാരംമോദ

നചൊന്നൊരുവാക്കിലം- ശ്രീരാമനുവിരൊധമാംകമ്മങ്ങൾ മ
ത്തൊന്നനുസരിച്ചീടില്ല- എന്നതുകൊണ്ടിന്നുടെ വാക്കി
നെതന്നെനിങ്ങളനുസരിച്ചീടല്ലൊ- അതമൊദമിനിക്കഭവിച്ചീ
ട്ടുംഅരുളചെയ്യാരുൽനിങ്ങളെഞാനിപ്പൊൾ-ബലംകൊണ്ടുഞാൻ
നിങ്ങളെയാകവെ ചാലവെനല്ലമാർഗ്ഗെനയച്ചീടും- നാലാമത്തെ
ഉപായത്തെകൊണ്ടുഞാൻ- ചാലവെശിക്ഷിച്ചിട്ടവൻ നിങ്ങ
ളെ- സഹായമാരുമല്ലാതെയാകുമ്പൊൾ സഹസ്രാംശുസുതനാം
കപീശ്വരൻ- തന്നെ-ംഗിമന്ദയാകുന്നസീതയെ അന്വെഷി
പ്പാനസമത്ഥനായിട്ടും- അപ്പൊൾരാമകൃതസഖ്യംപൊയിട്ടും കെ
ല്പൊടെഏവമാശയവനുടെ- വക്തൃത്തെക്കൊണ്ടുപൂർവ്വംസുരാ
ധിപനിന്ദ്രനിഗ്രഹകിംഖിൽപിളുനുതെ- ഉഗ്രവിക്രമൻലക്ഷ്മ
ണൻതന്നുടെപക്ഷത്തെക്കായലെത്രയുംതിക്ഷ്ണമാം- ഘൊരമായു
ള്ളബാണങ്ങൾക്കിഗ്രഹാരണംചെയ്യാനെരംകൊമത- വ
രജക്ഷനാം ശ്രീരാമചന്ദ്രന്റെ പരിയത്തിന്റെചലനം കൊ
ണ്ടെവം- നയമംതന്നിൽനിൽക്കുന്നലൊകങ്ങൾ നിയമൊരു
ഭെദത്തെക്കൂടാതെ- അങ്ങിനെയുള്ളരാമന്റെശക്തിയുമിങ്ങൊരു
നാളുംവന്നിട്ടകയില്ല പറഞ്ഞത അതമെല്ലൊനങ്ങളുംഅറിയപ്പെ:
കാത്തമൂഢരെമൂഢരെ- അംഗദഭവാൻതന്റെപിതൃവ്യനം മംഗ
ലശീലൻസ്വതൃപരനല്ലെ- മാതാവിന്റെതെചിത്തമതംപൊലെ
പിതൃവ്യൻനടന്നിട്ടവെപൊൾ പുനഃ- പണ്ടുയാതൊരുനിത്യകൊ
ണ്ടുണ്ടായി ശത്രുരാജാവിനൊടുധരിച്ചാലും- അതുതന്നെയമാ
റിംതുടങ്ങിതെ അനുസാപത്തിനല്ലവിപത്തിനാം- മാരുതിതന്റെ
വാക്കുകൾകെട്ടവൻ പാരംഭീതരായ്ത്തീരാതെ- ഹനുമാ
നവരൊടുമൊരുമിച്ചുവാനരെശൻമഹെന്ദ്രത്തെപ്രാപിച്ചു- പാ
രമില്ലാതെവാരധികണ്ടപ്പൊൾ പാരംഖിന്നരായ്വാനരരെല്ലാരും-
ഭക്ഷിണാംബുധിതന്നുടെതീരത്തിൽ ഭക്ഷണംകൂടാതെമരുവിടി
നാർ- ഭാനുവംശമണിതന്റെലീലകൾ വാനരന്മാർപറഞ്ഞങ്ങി
രിക്കുമ്പൊൾ- അക്കഥകെട്ടുഹൃഷ്ടനാംസമ്പാതി സൽക്കരിച്ചവ
രൊടെവംചൊല്ലിനാൻ- എന്തനങ്ങൾക്കു ദുഃഖിച്ചിരിക്കുന്നു പ
ങ്ക്തികണ്ഠൻജനകതനൂജയെ- കൊണ്ടുപൊയിനാൻലംകാപുരം
പ്രതി കണ്ടിടാംതത്രപൊയെങ്കിൽസീതയെ- പറയുന്നെൻഞാ
ൻലംകയ്ക്കുമാർഗ്ഗവും നൂറുയൊജനയുണ്ടിവിടെനിന്ന- ഉത്തരം
ചൊല്ലിസംപാതിപൊയപ്പൊൾ ചിത്തമൊദമൊടെ കപിക
ൾ- വെഗംപ്രാപിച്ചുവാനരവീരന്മാർ സാഗരതീരംസിംഹനാ
ദത്തൊടെ- പാരമില്ലാതെഘൊരശബ്ദത്തൊടും വാരിധികണ്ടനെ

ലംകപികളും- പാരംപിന്നയാസ്സാഗരംതന്നുടെ തീരംതന്നിലമര ൎന്നനെരത്ത- അംഗദൻ കണ്ടുബാലിതനയനാം ജാംബവാ നൊടുചൊല്ലിനാനിതും- ആരുവാനുള്ളു വാരിധി ചാടുവാൻ ആരുവാനസ്സ്യയംനീകിട്ടുംനമുടെ - ആരുവാൻകപിരാജനെറ സത്യവുംനെരാക്കീടുവാനിനുകപികളിൽ - ആരെന്നാകിലും വെഗംനമുക്കിപ്പൊൾ വരവൊടിന്നഭയത്തെനൽകുക - ഇ ത്തരമംഗദവാക്കുകെട്ടിട്ടും ഉത്തരമുരചെയ്തുമില്ലാരും - ബാലി പുത്രനുരചെയ്തുപിന്നെയും ബലശാലികളാകുംകപികളെ - ഓ രൊരുത്തരാത്ത്യങ്ങടെമാനസം വിരവൊടുപറഞ്ഞാലുംവീരരെ-സ ത്തമനാംകപിശന്റെവാക്കിനാലുത്തരമുരചെയ്തുകപികളും - ഉ ത്തമനാംഗജനുരചെയ്തു പത്തുയൊജനചാടാംഞാൻനിൎണ്ണയം- ഇരുപതുയൊജനഞാൻചാടാമെന്നുരചെയ്തുഗവാക്ഷനന്നെരം അപ്പൊൾചൊന്നാൻശരഭനാംയൂഥപൻ മുപ്പതുയൊജനഞാ നുംചാടുവൻ - നാല്പതുയൊജനചാടാമെന്ന കെല്പൊടുശര ഭനുരചെയ്തു- വമ്പനാംഗന്ധമാദനൻചൊല്ലിനാനമ്പതുയൊ ജനഞാനുംചാടുവൻ- ഹൃഷ്ടനായിപ്പറഞ്ഞുമൈന്ദനും ഷഷ്ടി യൊജനഞാൻചാടാംനിൎണ്ണയം- എഴുപതുയൊജനഞാൻചാടാ മെന്നഴകൊടെപറഞ്ഞുവിവിദനും- കമ്പംകൂടാതെചൊന്നാൻ സുഷെണനും എണ്പതുയൊജനഞാനുംചാടുവൻ- കപിവൃദ്ധ നാംജാംബവാനപ്പൊൾ കപിസത്തമനൊടെവംചൊല്ലിനാ ൻ- മുന്നമുണ്ടെനിക്കേറ്റംബലമെന്ന ഇന്നുചൊല്ലിയാലെന്തു ഫലമല്ല- എംകിലുമിന്നുതൊണ്ണൂറുയൊജനശങ്കകൂടാതെചാടുവ ൻനിൎണ്ണയം- കപിരാജസുതനത്തുനെരം കപിവൃദ്ധനൊടെവമു രചെയ്തു- ചെതസിചെറ്റുംസംശയമില്ലമെ ശതയൊജനയുമ ഹംചാടുവൻ- ശതയൊജനയിങ്ങൊട്ടുംചാടുവാൻ ചെതസിഎ ളുതല്ലെന്നുതൊന്നുന്നു- എന്നതുകെട്ടുജാംബവാൻചൊല്ലിനാൻ നന്നിചൊന്നതുംബാലിസുതഭവാൻ - വാരിധിതന്റെപാരത്തെ പ്രാപിച്ചു പൊരുവാൻശക്തിയുണ്ടെങ്കിലുംതവ- യുക്തമല്ലെല്ലൊ ചാടുന്നതുംഭവാൻ സത്തമഭൃത്യന്മാരങ്ങിരിക്കവെ- എന്നാലാ രിനിസാഗരംചാടുവാൻ ഇന്നുവാനരന്മാരിൽ വിചാരിച്ചാൽ- ഇ ക്ഷിതിതന്നിൽപട്ടിണിയിട്ടുകൊ ണ്ടിക്കിടന്നുശായിനിയുംകിടക്ക നാം- ഇത്തരമംഗദൊക്തികൾകെട്ടപ്പൊൾ ഉത്തരംകപിവൃദ്ധ നുംചൊല്ലിനാൻ- വീൎയ്യവാരിധിയായഭവാനുടെ കാൎയ്യത്തിന്നൊ രുമൊഷംഭവിക്കില്ല-വീരകാൎയ്യത്തെസാധിപ്പാൻശക്തനെ വി ചാടുഞാൻചൊല്ലിയയച്ചീടാം- വൈരാജതനയസുതനൊട ഏ

വംജാംബവാൻചൊല്ലീട്ടനന്തരം - വീരമൌലിയായുള്ളകപിൽമു
ഖ്യനാ യ്യാരിധതിരെ സൈ്വരമിരുക്കുന്ന- ഹരിപുംഗവനാംഹ
നുമാനൊടു പരിചൊടു പറഞ്ഞുതുടങ്ങിനാൻ- വീരസർവ്വജ്ഞവാ
നരപുംഗവ സൈ്വരമായെന്തുമന്ദ്യാതിരിക്കുന്നു- തവപരാക്ര
മംകാണ്മവാനാഗ്രഹിച്ചു കെല്പൊടെമരുവുന്നുകപികളും- വീരാതെജ
നനീയാകുമഞ്ജനാ ചാരുഗാത്രിയായ്സ്വെരിക്കുന്നെരം- മാരുതൻ
കണ്ടുകാമശരമെററു ചാരുഗാത്രിയെആലിംഗനംചെയ്തു- ശൊ
കത്തൊടപ്പൊഴഞ്ജനയുംചൊന്നാ ളെകപത്നിവ്രതംമെകളുകൊ
ല്ല- എന്നതുകെട്ടുമാരുതനുംചൊന്നാ നിന്നതനുഞാൻഭംഗ
ത്തെചെയ്തില്ല- മാനസമെന്റെനിൻകൽഗമിക്കയാൽ മാനിയാ
യൊരുവപുത്രനുമുണ്ടാകും- ഉത്സാഹമഗ്നങ്ങൾക്കതെസുതൻ മ
ത്സമനായ്‌വരിച്ചിട്ടുംനിന്നുയം- കെസരിപത്നികെട്ടവംഹൃഷ്ടയാ
യ്പ്രസവിച്ചുഭവാനെഗ്ഗുഹതന്നിൽ- സൂര്യനെഫലമെന്നുവചാ
രിച്ചു വിഴുവാൻഭവാൻബാലനെന്നാകിലും- മന്നൂറുയൊജന
ചാടിനാൻഭവാൻ ഒന്നുമെവൈമുണ്ടായതുമല്ല- ഇന്ദ്രനപ്പൊൾ
ഭവാനെക്കുറിച്ചാശു വജ്രത്തെവരവൊടുപ്രയൊഗിച്ചു- കലി
ശംകൊണ്ടുബാലനാകുംഭവാൻ ശൈലാഗ്രംതന്നിൽവീണൊരു
നെരത്ത- ഹനുതെകിഞ്ചിൽഭഗ്നൊക്കകാരണാൽ ഹനുമാനെന്നു
പെരുമുണ്ടായ്‌വന്നു - ഈ പ്രാണനതുനെരംക്രുദ്ധനാ ജ്ജഗത്തിങ്ക
ൽപ്രവഹിച്ചതുമില്ല-മൂന്നുലൊകവുമന്നെരംക്ഷൊഭിച്ചു ഖിന്നരാ
യപ്പൊൾദെവകളാകവെ - പവനനാംപവമാനനെക്കൂപ്പി
ദെവകൾതൊഷിപ്പിച്ചൊരനന്തരം - സർവ്വശസ്ത്രങ്ങളാലവദ്ധ്യ
തയെ സർവ്വസ്രഷ്ടാവാംബ്രഹ്മാവുനൽകിതെ- വജ്രമെററുംഭ
വാൻസ്വസ്ഥനായപ്പൊൾ - വജ്രപാണിയുംനൽകിവരം
തവ- സ്വഛന്ദമരണംകപിവീരാ ഇച്ഛിച്ചാൽഭവാനെന്നു
ള്ളുപ്പെടം- വീരകെസരിപുത്രമഹാബല മാരുതൻതന്റെഔരസ
നന്ദനാ- പ്ലവനത്തിംകലിന്നുവിചാരിച്ചാൽ പവനനൊടുതുല്യ
നെല്ലൊഭവാൻ- പരിതാപങ്ങൾഞങ്ങടെകണ്ടിട്ടും വീരാഎന്തി
നുപെക്ഷിച്ചിരിക്കുന്നു- ഊററമിന്നുഭവാനുടെകാണ്മവാൻ ഏ
ററമുണ്ടുള്ളിൽകൌതുകംഞങ്ങൾക്കു- ഹരിപുംഗവവീരശിഖാമ
ണെ വാരിധിയിന്നുചാടുകവൈകാതെ- ഇത്തരംജാംബവ
ദുക്തികൾകെട്ടപ്പൊൾ ഉത്തമബലശാലി ഹനുമാനും- താപംവാന
രന്മാരുടെനീക്കുവാൻ രൂപവുംതന്റെഏററംവലുതാക്കി -അപ്പൊ
ൾകാട്ടിനവെഷംകപീശന്റെ ഇപ്പൊൾഞാനുംപറയുന്നതെ
ങ്ങിനെ- മാരുതാത്മജൻതന്റെശരീരവും മെരുമന്ദരംപൊലെവ

ലുതായി - വജ്രകൊടിപ്രഭതുല്യകാന്തിയും വിദ്രുമംപൊലെരക്തമു
ഖാബ്ജവും- ചെന്തീയുംകനൽപൊലെനയനവും ദന്തിദന്തങ്ങ
ങ്ങൾപൊലുള്ളദംഷ്ട്രവും- ഏവംഭീഷണമായുള്ളവെഷവും സാ
വധാനമാൎന്നുണ്ടുകപികളും - സന്താപമെല്ലാംപൊയിത
വക്കാശു സന്തൊഷവുംവളൎന്നമനതാരിൽ - വൃദ്ധവാ
നരംകപികളൊരൊതരം ബന്ധമൊദമരിവാദ്യവുംചെയ്തു - ഏ
വം ചൊല്ലിനാൻ മാരുതനന്ദനൻ സുഗ്രീവവരനാം സമീര
ണൻ- അപ്രമെയൻഗമിക്കുന്നതുപൊലെ കഷ്ടപ്രംതൊറംഗമി
ക്കുവൻനിൎണ്ണയം- മഹാമെരുഗിരിവരനെയഹം സഹസ്രപ്രവൃത്തി
ചുററഗമിക്കുവൻ- ഇക്കടൽജലംകൊണ്ടുഞാൻഭൂമിയെ മുക്കി
ടാമെന്നുബാഹുബലത്തിനാൽ- ഭിന്നമെന്നിയെയാകാശമാൎഗ്ഗത്തി
ൽ വൈനതെയൻപറക്കുന്നനെരത്ത- ആയാസമെന്നിയെതാ
നവനെയും ആയിരംചുററികൂടെഗമിക്കുവൻ- ദക്ഷിണാന്താ
ത്തിൽനിന്നുഞാൻഭൂമിയെ ഇക്ഷണംചാടുവനന്തരാന്തവും-
അത്രചെന്നുധരണിതൊടാതെഞാ നത്രപൊരുവനില്ലൊരുസംശ
യം- ഉദയാചലംതന്നിൽനിന്നാദിത്യനുദിച്ചുപൊങ്ങിപ്പൊകുന്നനെ
രത്തുഞാനുംകൂടെയനുഗമിച്ചങ്ങസ്താ ഭാനുസന്ധ്യാദ്രിതന്നിലവ
ഞ്ചില്ലിൽ- അത്രചെന്നങ്ങൊന്നിൽക്കുവൻനിൎണ്ണയ മെത്രെ
യെങ്കിലുംയൊജനചാടിടാം- ഇമെപ്പിന്നെയില്ലൊരുവൈഷമ്യം
ശതയൊജനസംഖ്യതമായുള്ള- എന്തിനെപ്പറയുന്നുഞാനി
പ്പൊൾ ചിന്തിച്ചാലഹംചാടുന്നനെരത്ത- ആകാശചാരികളി
ലൊരുത്തരും സാകമെന്നൊടുപൊരികയില്ലല്ലൊ- മാനസമെ
ൻെറഏററംതെളികയാൽ ഭാനുവംശമണിരാമജായയാം- ജാനകീ
ദെവിയെയഹംകാണുവൻ മാനസെമമ നിശ്ചയവുമുണ്ടു- കപി
വീരൻെറവാക്കുകൾകെട്ടെവം കപിവൃദ്ധനാംജാംബവാൻചൊ
ല്ലിനാൻ- പരിചൊടെഭവാനുടെവാക്കിനാൽ പരിതാപങ്ങൾ
പൊയിഞങ്ങൾക്കിപ്പൊൾ- മാരുതെഭവാൻപൊയി വരുവൊ
ളമൊരുപാലനഞങ്ങളെല്ലാവരും- മംഗലംതവപ്രാൎത്ഥിച്ചുനിൽ
ക്കുവൻ മംഗലാംഗസമുദ്രത്തെച്ചാടുക- ഏവംജാംബവാൻചൊ
ന്നൊരനന്തരം പൎവ്വതംതന്നിൽകെറിഹനുമാനും- പാരമില്ലാ[illegible]
വാരിധികണ്ടപ്പൊൾ പാരമുത്സാഹത്തൊടെമനതാരിൽ- പ[illegible]
തംതന്നിൽസഞ്ചരിക്കുംനെരം പൎവ്വതവുംകുലുങ്ങിത്തുടങ്ങിനാ[illegible]
വൃക്ഷങ്ങളുംകുലുങ്ങിയതുനെരം പക്ഷികളുംപറന്നുഭയപ്പെട്ടു- [illegible]
പുഷ്പവൃഷ്ടിയെചെയ്യുന്നതുപൊലെ പുഷ്പങ്ങളുംപൊഴിഞ്ഞുതുട[illegible]
തെ- പൎവ്വതവാസികളായുരഗങ്ങളുംകമ്പമാൎന്നുപെടിച്ചോടിത്തുടങ്ങി

തെ- വിദ്യാധരിമാരൊന്നിച്ചുസൈപരമാ ഞ്ചവിദ്യാധരന്മാർവ
ന്നിട്ടുംനെരത്തെ- ഉളുക്കിടിന്നനെരംഗിരിവര നിളുകയവരാക
വെയന്നെരം- ക്ഷിപ്രമാകാശെചെന്നവർനൊക്കുമ്പൊൾ അ
പ്രമെയനാംവാനരവീരനെ- കണ്ടുപവ്വതംതന്നിൽപ്രസാദിച്ചു
കൊണ്ടുതെവെന്നെ മാരൊട്ടുമൊരുമിച്ചു- രാമകാൎയ്യത്തിന്നായി കപി
വരൻ ഭീമകമ്പംചെയ്യാനുതുടങ്ങുന്നു- ഇത്തരമവർതമ്മിൽ
പറഞ്ഞുകൊണ്ടാരത്തൊടംമരുവിനാരാകാശെ- വൈരിവാരണ
കണ്ഠീരവാരണെ ശ്രീരസിംഹന്നിലസുതൻപിന്നെ- തന്നുടം
ഗിമന്നിസിതതൻറപാദ മനെപക്ഷിപ്പാനായുന്നമാൎഗ്ഗത്തി
ൽ- നിശ്ചയച്ചുഗിരിശെഖരംതന്നിൽ നിശ്ചലനായികെറിഹനൂ
മാനും- ഭീമവക്രമനത്താഹത്തൊട്ടളളിൽ ക്രമവൃത്തമാംതന്നുടെ
ലാംഗൂലം- കൂടെക്കൂടെയടിച്ചുധരണിയിൽ കൂടെക്കൂടെക്കട
ത്തുശരീരവും- സിംഹനാദവുംചെയ്തുതുടങ്ങിനാൻ സംഹാര
കാലമെഘനാദംപൊലെ- രാമദൂതനാം മാരുതി ഭീമ
സാഗരംചാടുവാനായിട്ട- പരവലംപൊലെ ഉള്ളൊരുബാഹുക്ക
ൾ പരപൊടപ്പൊൾസ്സംട്ടിപ്പിച്ചീടിനാൻ- അരെയുംകുറത്തൊ
നുചുരുച്ചുട്ട ചരണങ്ങളെസംകൊച്ചിപ്പിച്ചുട്ട- അണ്ണുവസമ
ഗംഭീരമാനസൻ കണ്ണുവുംതലയുംചുരുക്കപ്പിന്നെ- ദൂരാതമാ
ൎഗ്ഗത്തെയാലൊകയന്നായി വിരൽമുട്ടിയുമുദ്ധപമുറപ്പിച്ചു- ഹൃ
ദയത്തിംകൽപ്രാണനെരൊധിച്ചു സാമരമാകാശത്തകൽനൊ
ക്കീട്ട- പാദംമൊനെവാരിധ ചാട്ടുവാൻ വിരമെറ്റലിതുടരുംസ
... ൾ- വാനരന്മാരൊടെറംപ്രസന്നനായ്ചൊന്നാരൊത്തമ
നെവമൽഭചെയ്യു- മന്നവർകുലമെറ്റലിമണിരാമൻതന്നുടെ
ബാണംപൊകുന്നതുപൊലെ- ഇന്നുപൊവൻഞാൻലംകാപു
രംപ്രതി ചെന്നിട്ടുംതത്രകാണാഞ്ഞാൽസീതയെ- ഇന്നുവെഗ
ത്തൊടെസ്വൎഗ്ഗത്തിലുമഹംകെവലംചെന്നുനൊക്കുവൻസീതയെ-
കണ്ടീവാൎകുഴലാളെയവിടെയും കണ്ടീലെന്നാകിലലംകയെപ്രാ
പിച്ചു- കെട്ടിക്കൂന്നാംരാവണനെയഹം പെട്ടെന്നുകൊണ്ടുപൊരു
വനിർണ്ണയം- സവ്വഥാകൃതകാൎയ്യനായ്ക്കൊരുവൻ ചാപ്പുങ്ങളിമ
...യൊടുമൊരുമിച്ചു- അല്ലെങ്കിൽകപിവീരരെകെട്ടാലു മല്ലൂ
...ഞാൻകൊണ്ടിഹപൊരുവൻ- ശംകകൂടാതെകത്തിയമത്തു
...ലംകയുംരജനിചരരെന്നിച്ചു- സന്താപങ്ങൾകളഞ്ഞുമനതാ
... സന്തൊഷത്തൊടെവാണാലുംവീരരെ- വാനരന്മാരൊ
...മുരചെയ്തു വാനരൊത്തമൻചാടിനാൻവെഗത്തിൽ- മാ
...ലിഹനൂമാൻ മഹാബലൻ മാനസെചെറ്റുംചിന്തയും...

ട്ടാതെ- ചാടിനനെരംമാരുതനന്ദനൻ ചൊടെയപ്പൊൾ പറി
ഞ്ഞുമരങ്ങളും- ബന്ധുകൾയാത്രപൊകുമ്പൊൾദൂരത്തു ബ
ന്ധുക്കളുമയാത്രചൊല്ലുംപൊലെ- പിന്നാലെപൊയിരണ്ടര
നാഴികപിന്നെ സാഗരെവീണെളുകാണുമ്പൊൾ- കുറഞ്ഞൊന്ന
വർപിന്നാലെപൊയിട്ടു പറൊത്തുംകൊണ്ടുപൊരുന്നതുപൊലെ-
നാനാവർണ്ണകുസുമമണിഞ്ഞൊരു വാനരൊത്തമൻതന്നുടെദെഹ
വും- പലധാതുക്കൾകൊണ്ടു വിളങ്ങുന്നശൈലംപൊലെയും കാ
ണായിദൂരത്തു- വെഗത്താൽകപിവീരൻറപുഷ്പങ്ങൾസാഗരംത
ന്നിൽവീണൊരുനെരത്തു- അംബരംതന്നിൽതാരകളെപ്പൊലെ
അംബുധിതന്നിൽപുഷ്പങ്ങൾശൊഭിച്ചു- ദൂരത്താമ്മാറുകാണാംഹ
നൂമാനെ മെരുമന്ദരംപൊകുന്നതുപൊലെ- തലയുള്ളസൎപ്പ
ങ്ങളെപ്പൊലെ ചാലവെകാണാംവീരൻറബാഹുക്കൾ- വാ
ലുംകാണാമുയൎന്നകപീശൻറ വലവൈരിധ്വജംപൊലെദൂര
ത്തു- മിന്നീടുന്നൊരുമിന്നൽപിണർപൊലെ മിന്നികാണാംഹ
നൂമാൻറനെത്രവും- മാരുതിതൻറകക്ഷിന്തരൊൽഗതൻ മാരു
തൻമെഘംപൊലെഗൎജ്ജിക്കുന്നു- ഏവംവാനരവീരൻഗമിക്കു
മ്പൊൾ ദെവഗന്ധൎവ്വവിദ്യാധരന്മാരും- അതിമൊദെനവാനര
വീരനെ സ്തുതിച്ചുപുഷ്പവൃഷ്ടിയുംചെയ്തുതെ- വെഗമെവംഹനൂ
മാൻഗമിക്കുമ്പൊൾ സാഗരംമൈനാകത്തൊടുരചെയ്തു- സൂൎയ്യ
വംശകുലമണിരാമൻറ കാൎയ്യത്തിന്നായിമാരുതനന്ദനൻ- വാ
രിധിചാടിയാകാശമാൎഗ്ഗെണവീരൻപൊകുന്നുലംകാപുരംപ്രതി-
ദുഷ്കരംകൎമ്മംചെയ്യൊരുവീരനെ സൽക്കരിക്കെണംവെഗെനനീ
യിപ്പൊൾ- എന്നതുകൊണ്ടുവെഗംഭവാൻപൊങ്ങിച്ചെന്നു സ
ൽക്കരിച്ചാലുംഹനൂമാനെ- സാഗരൊക്തികൾകെട്ടെവംമൈനാ
കം വെഗംപൊങ്ങിനാൻവാരിധിയിൽനിന്ന- ചെന്നുനിന്നു
ഹനൂമാൻറമാൎഗ്ഗത്തിലന്നെരംജഗൽപ്രാണതനയനും- ശൈ
ലത്തെക്കണ്ടുമാൎഗ്ഗമദ്ധ്യംതന്നിൽ ചാലവെവിഘ്നമെന്നൊൎത്തന
ന്തരം- ധീരൻതൻറയുരസാപതിപ്പിച്ചു സ്വൈരമായിട്ടുപൊകു
ന്നനെരത്തു- വാനരൊത്തമൻശക്തിയറിഞ്ഞിട്ടു മൈനാകംതൊ
ഴിച്ചുനാദവുംചെയ്തു ഇത്തരമുരചെയ്തുമഹീധരസത്തമമമവാക്യ
ത്തെക്കെട്ടാലും- സഗരന്മാരാൽവൎദ്ധിതമായുള്ള സാഗരമിന്നുപ്ര
ത്യുപകാരത്തെ- മന്നവമണിരാമനെചൊല്ലുവാ നെന്നെയിങ്ങു
പറഞ്ഞയച്ചുമുദാ- സൽക്കരിക്കാൻഭവാനെകപിവര സൽക്കരി
ച്ചാൽഭവാനെയതുകൊണ്ടു- രാമചന്ദ്രനുതൊഷവുമുണ്ടാകും
ചന്ദ്രൻറദൂതനെപ്പൊഴുവാൻ- മാനസെചിന്തിച്ചീടുന്നു

ത്ത മാനറിയനിനിക്കുംഭൊനെല്ലൊ- പൂൎവ്വം വജ്രത്തെക്കൊണ്ടു
ശചിപതിപൎവ്വതങ്ങളുടെപക്ഷം ഛെദിച്ചു- എന്നുടെചിറകുംമുറി
പ്പാനായി വന്നുമെവാധിനാഥന്നെരം- മാരുതനെന്നെവാരി
ധിയിലിട്ട പരിപാലനം ചെയ്തുകപിവരാ- ഘൊരവിക്രമവാനര
പുംഗവാ മാരുതൻതന്റെപുത്രനെല്ലൊഭവാൻ- എന്നതുകൊ
ണ്ടുവീരാഭവാനെ ഞാൻഇന്നുസൽക്കരിക്കെണം വിശെഷിച്ചും-
സൽക്കരിച്ചാൽഭവാനെയഹമിന്ന ഉൾക്കാമ്പിൽതൊഷം മാരുത
നുണ്ടാകും- എന്നതുകൊണ്ടുവായുസുതഭവാ നെന്നുടെമൊളിൽ
വാണുസുഖമായി- ഫലമൂലാദിഭക്ഷിച്ചുതൃപ്തനാ യ്ജലപാനവും
ചെയ്തുശ്രമം തീൎത്ത- ഹൃഷ്ടനായിട്ടനന്തരം പാടുക ശിഷ്ടസാഗരം
വെഗവുംകൂടാതെ- ഇത്തരം മൈനാകൊക്തികൾകെട്ടപ്പൊ ളുത്ത
രമുരചെയ്തു ഹനൂമാനും- എവം ചൊന്നൊരുവാക്കുകൾ കൊണ്ടെ
വം കെവലമഹം സൽക്കാരം പ്രാപിച്ചു- വിശ്വവാരിധിയാകുന്ന
രാമന്റെകാൎയ്യം സാധിക്കവൊളമൊരെടത്തും- നിൽക്കയില്ലകഷ്ട
ന്നെരമെങ്കിലും കെൾക്കയെന്റെപ്രതിജ്ഞയുമിങ്ങിനെ-
സൎവ്വജീവസുതനെവം ചൊല്ലിട്ട പൎവ്വതത്തെയുമാലിംഗനം ചെ
യ്തു- വെഗമാകാശമാൎഗ്ഗത്തെപ്രാപിച്ച സാഗരൊപരിപൊയി
ത്തുടങ്ങിനാൻ- മെഘമാൎഗ്ഗത്തിൽകൂടെഹനൂമാനും മെഘംതന്നി
ൽമറഞ്ഞും പ്രകാശിച്ചും- ഹൎഷത്തൊടെഗമിക്കുന്നതുകണ്ടാൽ വ
ൎഷകാലത്തെപൂൎണ്ണശശിപൊലെ- വാനരൊത്തമസാമൎത്ഥ്യം ക
ണ്ടപ്പൊൾ വാനവന്മാരുമെറ്റം പ്രസാദിച്ചു- മാരുതിശക്തിപി
ന്നെയും കാണ്മാൻ സുരസയൊടിവണ്ണമുരചെയ്തു- ബുദ്ധിമാ
ൻകപിവീരൻഗമിക്കുമ്പൊൾ മദ്ധ്യമാൎഗ്ഗത്തിൽചെന്നുഭവതി
യും- രണ്ടരനാഴികവിഘ്നം ചെയ്യുക കണ്ടീടാമെന്നാൽഭാവം കപി
ശന്റെ- എന്തുവെണ്ടന്നറിയാതെനിൽക്കയാൽചിന്തകൂടാതെകൃ
ത്യത്തെചെയ്കയൊ- നിന്നെക്കാൾവലുതായുള്ളസത്വവും നി
ന്നുടെവായിലിന്നുകടക്കുവാൻ- ഇച്ഛിച്ചാൽഭവതിയുടെയാസ്യ
വും ഇച്ഛപൊലെവലുതാകും നിൎണ്ണയം- എന്നതുകെട്ടുനാഗജനനി
യും ചെന്നുരാക്ഷസിവെഷവും കൈക്കൊണ്ടു- കമ്പം കൂടാതെവാന
രവീരന്റെമുമ്പിൽചെന്നഥനിന്നുചൊല്ലീടിനാൾ- വാനരെശഭ
വാനെന്റെഭക്ഷ്യമാ യ്വാനവന്മാർനിയൊഗിക്കകാരണാൽ- ഇ
ന്നുഭക്ഷിച്ചീടുന്നെൻഭവാനെഞാൻ വന്നീടുകഎൻവായിൽവിര
വൊടെ- എവം ചൊന്നതുകെട്ടൊരുനെരത്ത സാവധാനമാളൊ
ന്നാൻകപിവീരൻ- വിശ്വവാരിധിദാശരഥിരാമൻ ഭാൎയ്യയാകുന്ന
സീതയൊടൊന്നിച്ചു- ലക്ഷ്മണനാകും ഭ്രാതാവൊടുംകൂടി ലക്ഷ്മിവാ

ൻമന്ധകാരണ്യെവാഴുമ്പൊൾ- രാവണൻസീതാദെവിയെ
ക്കൊണ്ടുപൊ യ്ദെവിതന്നുടെസന്നിധിയിലഹം- രാമശാസനം
കൊണ്ടുഗമിക്കുന്നെൻ രാമസാഹ്യംവെതിയുംചെയ്യേണം- അ
ല്ലെങ്കിൽജനകാത്മജയെക്കണ്ടു മല്ലനെർമിഴിയാളുടെസന്ദെശം -
രാമചന്ദ്രനൊടാകെയുണർത്തിച്ചു ഞാനൊനെവരാമിഹ ന്നു
യം- മാരുതിതന്റെവാക്കുകൾകെട്ടെവം സുരസയുംവരവൊടു
ചൊല്ലിനാൾ- ഒട്ടുംതാമസിച്ചിടാകപിവരാ പെട്ടെന്നെൻവായിൽ
ചാടിഗമിച്ചാലും- എന്നതുകെട്ടുചൊന്നാൻകപിവീരൻ എന്നാ
ലെന്നുടെദെഹത്തെഭക്ഷിപ്പാൻ- തുല്യമായിട്ടുവാപിളർന്നിടുക ക
ല്യകതവഉണ്ടെങ്കിൽവെഗത്തിൽ- ഇത്തരംചൊല്ലിമാരുതിദെഹ
ത്തെ പത്തുയൊജനവർദ്ധിപ്പിച്ചീടിനാൻ- സുരസയുമിരുപത്തു
യൊജന വിരവൊടപ്പൊൾവായുംപിളർന്നതെ- ആശുമാരുതിത
ന്നുടെദെഹത്തെ ത്രിംശദ്യൊജനവർദ്ധിപ്പിച്ചീടിനാൻ- കെല്പൊ
ടെയപ്പൊൾനാഗജനനിയും നാല്പതുയൊജനവാപിളർന്നതെ-അ
ഞ്ചാതെകപിവീരനുംദെഹത്തെ പഞ്ചാശദ്യൊജനവലുതാക്കിനാ
ൻ- അറുപതുയൊജനവാപിളർന്നവൾ സർവ്വജീവസുതനുംശരീര
ത്തെ- എഴുപതുയൊജനവലുതാക്കിനാൻ അഴകൊടെസുരസ
യനന്തരം- എണ്പതുയൊജനവാപിളർന്നപ്പൊൾ കമ്പംകൂടാതെമാ
രുതിദെഹത്തെ- വലുതാക്കിനാൻതൊണ്ണൂറുയൊജന ചാലവെ
യപ്പൊൾനാഗജനനിയും- ശതയൊജനവാപിളർന്നിടനാൾ മ
തിശാലിഹനൂമാൻകപിവീരൻ- അപ്പൊളംഗുഷ്ഠമാത്രംശരീരനാ
യ്യെല്ലൊടെനാഗമാതാവുതന്നുടെ- വായിൽചാടിപ്പുറത്തെക്കു
പൊന്നാശു വായുനന്ദനനെവമതൾചെയ്തു- ദാക്ഷായണിതെ
വായിൽകടന്നെൻഞാൻ കാൽക്ഷണംവൈകാതെയിനിപൊക
ന്നെൻ- സത്യസന്ധന്റെജായാസമീപത്തിൽ സത്യമായിഭ
വിക്കട്ടെതെവരം- മാരുതിവാക്കുകെട്ടുപ്രസന്നയാ സുരസചൊ
ന്നാൾതന്റെസ്വരൂപമായ്- ശൌര്യവാരിധെമാരുതനന്ദനാ
കാര്യംസാധിപ്പാനായിഗമിച്ചാലും - ജാനകിദെവിയെയൊട്ടും
വൈകാതെ ഭാനുവംശമണിയൊടുചെർക്കുക- പരിചൊടെവം
നാഗജനനിയും ഉരചെയ്തുഗമിച്ചൊരനന്തരം- വായുമാർഗ്ഗത്തെ
പ്രാപിച്ചുവെഗെന വായുനന്ദനൻപൊയിത്തുടങ്ങിനാൻ- പ
ക്ഷമുള്ളൊരുപർവ്വതംപൊലെയും പക്ഷിരാജൻഗമിക്കുന്നതുപൊ
ലെ- ദശയൊജനവിസ്താരവുമായിത്രിംശദ്യൊജനനീളവുമായിട്ടു-
ഛായയുംകപിവീരന്റെയന്നെരം തൊയരാശിയിലെററംപ്രകാ
ശിച്ചു- പങ്കജാസനൻതന്റെവരത്തിനാൽ ശങ്കകൂടാതെ [illegible]

രയാംസിംഹികാ- മാരുതാത്മജൻതന്നുടെഛായയും വിരവൊടെ
പിടിച്ചൊരുനേരത്ത- ചിന്തിച്ചാൽകപിസത്തമൻമാനസെ എ
ന്തുവാൻതടവിപ്പൊൾഗമിക്കുവാൻ- സൎവ്വജീവസുതനെവം
ചിന്തിച്ചു സൎവ്വദിക്കിലുംനൊക്കുന്നനെരത്ത- വാരിധിതന്നിൽ
നിന്നതിഘൊരമായ് ഒരുസത്വവുംപൊങ്ങുന്നതുകണ്ടു- കപി
പുംഗവനെവംവിചാരിച്ചു കപിരാജൻപറഞ്ഞൊരുസത്വവും-
ഛായാഗ്രാഹിയിമെതിബ്ഭീമസമായതുതന്നെസംശയമില്ലിതു-നി
ശ്ചയിച്ചുവമുഗ്രപരാക്രമൻനിശ്ചലനായിനിന്നൊരുനെരത്ത-
രുക്ഷയാകിനരാക്ഷസിസിംഹികാ ഭക്ഷിപ്പാനായിവാനരവീര
നെ- ദുഷ്ടന്നുടെവായുംപിളൎന്നുകൊ ണ്ടട്ടഹാസവുംചെയ്തുഭയ
കരി- ഓടിച്ചെല്ലുന്നനെരംഹനുമാനും ചാടിവായിലവളുടെവെ
ഗത്തിൽ- ഹൃദയംതന്നിൽചെന്നുകപിശനും ഹൃദയാബ്ജംമുറിച്ചു
വൾതന്നുടെ- അന്ത്രമാലയണിഞ്ഞവൾതന്നുടെ അന്ത്രമാലി
ന്ദ്രുഹരികണക്കിനെ- പുറത്തുച്ചാശുപൊന്നുമഹാബലൻ മുറയിട്ടു
വൾചത്തുവീണുജലെ- ദുഷ്ടയെക്കൊലചെയ്തതുകണ്ടപ്പൊൾ ഹൃഷ്ട
ന്മാരായിത്തുകാശചാരികൾ- ദെവദെവപവനതനയനൊടെ
വംചൊല്ലിനാൾവിസ്മയിച്ചേററവും- എത്രയുംഘൊരമായുള്ളസ
ത്വത്തെ ചിത്രംചിത്രംഭവാനിപ്പൊൾകൊന്നതും- വാനരെശഭ
വാനുള്ളതുപൊലെ മാനവുംബുദ്ധിയുമുള്ളവൎക്കിപ്പൊൾ - ഒരു
കാൎയ്യവുംചെയ്യുവാനൊക്കമ്പൊ ഒരുദ്ഘടവുമില്ലനിൎണ്ണയം -
മാരുതതെവൊൻകാൎയ്യത്തെസാധിപ്പാൻ വിരവൊടെഗമിക്കസുഖ
മായി- ഘൊരയാകുന്നസിംഹികയെക്കൊന്ന പരിചൊടവർരാൽ
സ്തുതനായിട്ടു- ഹരിപുംഗവനാകാശമാൎഗ്ഗേണ വിരവൊടെഗമി
ച്ചുമനൊജവൻ - ഉല്ലാസെനവഴിയെറെലംഘിച്ചി ട്ടെല്ലാദിക്കി
ലുംനൊക്കുന്നനെരത്ത- ശതയൊജനത്തിനുടെയന്തത്തിൽ വാ
തനന്ദനൻകണ്ടുവനങ്ങളും - ഹരിപുംഗവൻപൊകുമ്പൊൾപി
ന്നെയും പരിചൊടെക്രമത്താലെകണ്ടിതെ- വാരിധിതന്റെതീര
പ്രദെശവും തീരങ്ങളുംവൃക്ഷലതകളും- ചാരുവായുള്ളൊരുദ്യാന
ജാലവും ഗിരിയുംശിഖരങ്ങളൊടൊന്നിച്ചു- പാരാവാരത്തെവാ
രിധിതന്നുടെ ധീരൻപ്രാപിച്ചുദീപവുംകണ്ടപ്പൊൾ- ബുദ്ധിമാ
നെവംചിന്തിച്ചുമാനസെ ക്രുദ്ധന്മാരാകുംരക്ഷസന്മാരിവർ -
എന്നുടെവലുതായുള്ളരൂപത്തെ ഇന്നിവർകണ്ടാൽകൌതുഹലം
ചെയ്യും- ഏവംചിന്തിച്ചുദെഹംചെറുതാക്കി സൎവ്വകാൎയ്യവും
ചിന്തിച്ചാശുകാരി- മാരുതാത്മജൻരാമഭക്താഗ്രണിചാരുനാനാ
വിധദ്രുമമണ്ഡിതെ- ഗിരിതന്റെശിഖരെശിഖരവൽഹരിപുംഗ

വൻചാടിവീണുമലാ - വാരിധിവരപാരത്തെപ്രാപിച്ചു വി
രമൌലിമണിപവനാത്മജൻ - രാവണന്റെപുരിയുംഗിരി
മൊളിൽ ദെവരാജപുരിപൊലെകണ്ടുടനെ - അനാധൃഷ്യ
മാംസാഗരംലംഘിച്ചു ഖിന്നഹീനനിശ്വാസനായിട്ടു - ശൈ
ലത്തിന്റെതലംതന്നിൽനിന്നിട്ടു ബലശാലിവരൻപവനാത്മജ
ൻ- ശംകയൊട്ടുമെകൂടാതെസ്വസ്ഥനാ യ്ലംകയുംനൊക്കിക്കണ്ടുവ
ഴിപൊലെ- ലംകതന്റെപുറത്തുവിലസുന്ന പംകംകൂടാതെപംക
ജമുള്ളൊരു- ചാരുവായുള്ളവാപികളുംകണ്ടു മാരുതാത്മജൻക്രീഡ
വനങ്ങളും- പരിഘങ്ങളുംപത്തൊല്ലലങ്ങളാൽ പരിശൊഭിതയാ
യുള്ളൊരുമാരുതി - അണ്ണവതീരംതന്നിൽവിളങ്ങുന്ന സ്വണ്ണംകൊ
ണ്ടുള്ളപ്രാകാരവുംകണ്ടു- ക്രൂരനാംരാവണന്റെനിയോഗത്താൽ
ശരചാപാസിപാണികളായിട്ടു - രാക്ഷസന്മാർനടക്കുന്നതുംക
ണ്ടു രക്ഷൊദെശപുരിടെചുഴലവും - വിശ്വകൎമ്മകൃതമായലംക
യെ വിശ്വസാക്ഷിസുതൻകണ്ടുവെഗെന- ഉത്തരദ്വാരംപ്രാ
പിച്ചുലംകെടെ ചിത്തംതന്നിലിവണ്ണംവിചാരിച്ചു- യാതുധാ
നെശൻതന്റെപുരിയുള്ളിൽ യാതുധാനരുടെവെഷമായിട്ടൊ-
മന്നവെശന്റെപത്നിയെനൊക്കെണ്ടു പിന്നെമറെറാരുവെ
ഷംധരിച്ചിട്ടൊ - മാരുതൻപൊലുമിന്നറിയാതിവർ ചരിക്കില്ലി
ഹയെന്നുമെതൊന്നുന്നു- ചഞ്ചലാക്ഷിയാംസീതയെനൊക്കുമ്പൊ
ൾ വഞ്ചിക്കേണമീരാക്ഷസരെയഹം - എന്നതുകൊണ്ടുരാത്രി
യിലിന്നുഞാനെന്നുടെരൂപംതന്നെചെറുതാക്കി - മിന്നൽപൊ
ലെനടന്നതിവെഗത്തിൽ മന്നവാധിപപത്നിയെക്കാണുവൻ-
ചെതസിയെവംചിന്തിച്ചുവഞ്ചിച്ചു വാതനന്ദനൻസൂൎയ്യാസ്തമ
നത്തെ- സൂൎയ്യനസ്തമിച്ചൊരുനെരത്ത വീൎയ്യശാലികപികുല
ശെഖരൻ- മാരുതിമാൎജ്ജാലമാത്രദെഹനാ യ്ചാരുരൂപൻകടന്നി
തുലംകയിൽ- പ്രാണനന്ദനൻതന്നുടെസാചിവ്യ മെണാംക
ൻതാനുംചെയ്യുന്നതുപൊലെ - വന്നുദിച്ചുവിളങ്ങിനഭസ്സിലെ
അന്നെരമെല്ലാദിക്കുംപ്രകാശിച്ചു - ഹൎമ്മ്യവുംഹൎമ്മ്യംതന്നിൽഗൃഹ
ങ്ങളും സ്വൎഗ്ഗംപൊലെപവനാത്മജൻകണ്ടു-പരന്മാരാൽകടപ്പാന
ശക്യയാം പുരികണ്ടൊരുനെരംഹനുമാനും - ശ്രീരാമചന്ദ്രൻത
ന്റെപരാക്രമം പരിചൊടൊൎത്തുസന്തൊഷിച്ചീടിനാൻ- അ
ന്നെരംഘൊരരൂപയാംലംകയും ചെന്നുമാരുതിതന്റെപുരൊഭാ
ഗെ - അട്ടഹാസവുംചെയ്യെവംചൊല്ലിനാൾ ധൃഷ്ടമാംവണ്ണം
വായുസുതനൊട - ആരുനീയെന്തിനാണിഹവന്നതും വിരവൊ
ടെപറഞ്ഞാലുമെന്നൊട - പുരിതന്നിലശക്യംകടക്കയും ക്രൂരരാ

വണ്ണപാലിതെയായുള്ള — ഹരിവീരനതുകെട്ടചൊല്ലിനാൻ പര
മാൎത്ഥംപറയുന്നെൻഞാനിപ്പൊൾ— ഇതന്നിവികൃതാകൃതിനെത്ര
യാ ദ്വാരപാലത്തിൽനിൽക്കുന്നതുമിപ്പൊൾ — കാരണമെന്തിനെ
ന്നതുടൎപ്പാനും പതക്ഷങ്ങൾപറവാനുമിത്തരം — എന്നതുകെട്ടു
ചൊല്ലിനാൾലംകയു മിന്നുലംകയിലെന്നെജ്ജയിക്കാതെ — ക
ടന്നിട്ടുഗമിക്കയുംവാനര ക്കുടകയില്ലയെന്നുധരിച്ചാലും— ഞാനാക
ട്ടെനഗരിയാകുംലംക താനെൎക്ഷിച്ചിട്ടന്നെൻപുരമിതം— രാവ
ണൻെറനിയൊഗെനസൎവ്വദാ കെവലമഹംചൊന്നെൻപരമാ
ൎത്ഥം — പരിചൊടവൾവാക്കുകൾകെട്ടപ്പൊൾ വീരമൌലികപി
വരൻചൊല്ലിനാൻ— പുരിയുംപുരിതന്നിൽഗൃഹങ്ങളും പാദപാ
കംവനങ്ങളുമാകവെ— കാണ്മാനായിവന്നെനഹമിഹ കാണ്മ
വനഹംനിന്നൊക്കിനിൽക്കവെ — ഹരിമുഖ്യൻെറവാക്കുകൾകെ
ട്ടെവം പരിചൊടപ്പൊൾകൊപിച്ചുലംകയും — ഘൊരമാംവണ്ണ
മട്ടഹാസംചെയ്തു കരംകൊണ്ടൊന്നടിച്ചുഹനൂമാനെ— കരംകൊ
ണ്ടവൾതല്ലിനനെരത്ത ഹരിവീരനുംസിംഹനാദംചെയ്തു — സ്ത്രീ
യല്ലൊയിവളെന്നുവിചാരിച്ചു വായുനന്ദനനെററംകൊപിക്കാ
തെ — ഭീമവിക്രമൻമുഷ്ടിവിമട്ടനൻ വാമഹസ്തംകൊണ്ടൊന്നടി
ച്ചീടിനാൻ — ഹനൂമാൻതൻെറതാഡനമെററപ്പൊൾ ഭീനഭിന
യാൎത്തിനിതുലംകയും — വാനരാധിപൻതന്നൊടുലംകയും ഭീനമാം
വണ്ണംപിന്നെയുരചെയ്തു — സമയംതന്നിൽനിത്യമുള്ളൊരുകൾ
ഭീമവിക്രമാനിൎക്കമെല്ലൊസദാ — പങ്കജാസനൻതൻെറനി
യൊഗത്താൽ ലംകഞാൻതന്നെരക്ഷിക്കുന്നുപുരം— എന്നൊരുക
പിനിന്നെജ്ജയിച്ചീട മന്നുരാക്ഷസന്മാൎക്കുഭയംവരും — എന്നൊരു
ദൈവമരുൾചെയ്തുപത്മജ നെന്നെയിന്നുജയിച്ചുവെല്ലൊവീരവാ
ൻ — സ്വൈരമായിക്കടന്നിനിലംകയിൽ വാരിജാക്ഷിയാംസീത
യെക്കണ്ടാലും— ജയിച്ചുകാമരൂപിണിലംകയെ വായുനന്ദനൻ
ബുദ്ധിമതാംബരൻ — നല്ലസന്ധ്യയിൽപാരത്തിൽകൂടാതെ ഉ
ല്ലാസെനമതിലിന്മെൽചാടിനാൻ — വാമപാദവുംവച്ചുഹനൂമാ
നും ഭീമവൈരികൾതൻെറതലത്തിൽ — മുത്തുമാലയണിഞ്ഞ
മഹാപഥം ഉത്തമാജപൻപ്രാപിച്ചനന്തരം — രാജീവാ
ക്ഷിയാംസീതയെനൊക്കുവാൻ രാജമാൎഗ്ഗത്തിൽകൂടെഗമിക്കു
മ്പൊൾ— ഹരിപുംഗവൻകെട്ടുപുരിതന്നിൽ ഭെരിമുമ്പായവാദ്യ
സ്വനങ്ങളും — ഹസിതൊൽഘുഷ്ടനാനാനിനാദവും ഭാസിതയാ
യിലംകയിലന്നെരം — രാവണാനന്ന്യതിക്കുനഘൊഷവും പ
വനാത്മജൻകെട്ടുപുരിതന്നിൽ — ഏഴെട്ടുസൗധമുള്ളഭവനങ്ങൾ

അഴകൊടെപവനാത്മജൻകണ്ടു- രാജവീഥികളെങ്ങുമാഗത്തിലും രജതാചലംപൊലെപ്രകാശിച്ചു - നാനാരത്നമയമാംഗൃഹങ്ങളും വാനരൊത്തമൻകണ്ടുപ്രസാദിച്ചു - ഭവനംതൊറുംജാനകിദെവിയെ പവനാത്മജൻനൊക്കിനടക്കുമ്പൊൾ - രാക്ഷസിമാരുമൊന്നിച്ചുരാക്ഷസ രക്ഷക്രീഡയെച്ചെയ്യുന്നതുകണ്ടു- ബാലകരെഉറക്കുന്നതുംകണ്ടു ചിലമിക്കിൽകപികുലശെഖരൻ- ഘൊരരൂപന്മാർഭാൎയ്യമാരൊന്നിച്ചുസ്വൈരമായിട്ടിരിക്കുന്നതുംകണ്ടു- പലചങ്ങകൾരാക്ഷസന്മാരുടെബാലിസൊദരമന്ത്രിവരൻകണ്ടു-അവിടെയെങ്ങുംജാനകിദെവിയെപവനാത്മജൻകാണാഞ്ഞനന്തരം-രാവണാലയഗൊപുരംപ്രാപിച്ചു സാവധാനമായുള്ളിൽകടന്നുടൻ- സീതാദെവിയെനൊക്കുവാനായിട്ടു ജാതമൊദംകപികുലശെഖരൻ_ പ്രഹസ്തന്റെഭവനത്തെപ്രാപിച്ചു സിംഹവിക്രമൻനൊക്കിക്ഷണത്താലെ- മഹാപാൎശ്വന്റെമന്ദിരംതന്നിലും മഹൊദരന്റെമന്ദിരംതന്നിലും- വജ്രദംഷ്ട്രന്റെമന്ദിരംതന്നിലും ഇന്ദ്രജിത്തിന്റെമന്ദിരംതന്നിലും-കുംഭൻതന്റെഭവനത്തിലുംപിന്നെ കുംഭകൎണ്ണന്റെമന്ദിരംതന്നിലും- അക്ഷിണബലൻപിന്നെയുമുള്ളൊരു രാക്ഷസാധ്യപ്രവരഭവനങ്ങളിൽ- ചെതസിയൊട്ടുംശംകയുംകൂടാതെ സീതാദെവിയെനൊക്കിക്രമത്താലെ- രാവണാലയഗൊപുരെചെന്നപ്പൊൾ കാവൽക്കാരെയുംകണ്ടുകപീശ്വരൻ- നാലുകൊമ്പുള്ളമത്തഗജങ്ങളെ ചാലവെകണ്ടുഗൊപുരവാതുക്കൽ- അത്ഭുതങ്ങളാംപക്ഷിജനങ്ങളും അത്ഭുതങ്ങളാംനാനാമൃഗങ്ങളും- മിന്നീടുന്നശയനാസനങ്ങളും മിന്നീടുന്നശിബികസമൂഹവും- സ്യന്ദനങ്ങളുംരത്നമയങ്ങളാം സുന്ദരമാകമശ്വസമൂഹവും- പത്തിഹസ്തിപതെരാളിസാദിയു മാത്തമൊദംചരിക്കുന്നതുംകണ്ടു- പവനാത്മജനുള്ളിൽകടന്നപ്പൊൾ ഭവനങ്ങളുംകണ്ടുവിചിത്രമായ്- ചന്ദ്രരശ്മികൾകൊണ്ടുവിളങ്ങുന്ന ചന്ദ്രശാലകൾകണ്ടുകപിവരൻ_ ചിത്രങ്ങളാകുംക്രീഡഗൃഹങ്ങളും കൃത്രിമമാകുംക്രീഡഗിരികളും- ലംകതന്നുടെയാഭരണമിതം ശംകയില്ലെന്നുചിന്തിച്ചുമാരുതി- ശൌൎയ്യവാരിധിശംകയുംകൂടാതെ വിരവൊടെകടന്നുഗൃഹംതന്നിൽ- രാക്ഷസാധിപൻതന്റെനിയൊഗത്താൽ രാക്ഷസിമാരും ശസ്ത്രങ്ങൾകൈക്കൊണ്ടു- ഘൊരരൂപികൾനിൽക്കുന്നതും കണ്ടു വീരവീരൻകടന്നുഗൃഹാന്തരെ- മണികാഞ്ചനനെത്രധനമൂഹങ്ങൾ പ്രാണനന്ദനൻകണ്ടുവിടെയപ്പൊൾ- അത്ഭുതങ്ങളായുള്ളൊരുവസ്തുകൾ തത്ഭവനത്തിൽകണ്ടു

പലവിധം- പിന്നെയപ്പുരിതന്നുടെമദ്ധ്യത്തിൽ മിന്നീടുംഗൃ
ഹംകണ്ടുകപിവരൻ- ഒരുയോജനനീളവുമായിട്ട അരയോജ
നവിസ്താരവുമായി- നവരത്നമയമായ്വിളങ്ങുന്ന ഭവനൊത്ത
മംകണ്ടുഹനുമാനും- അതിനുള്ളിൽകടന്നുമഹാബലൻ വാത
നന്ദനൻവീരശിഖാമണി- തത്രകണ്ടുതമാകപിപുംഗവൻ ചി
ത്രംപുഷ്പകമാകുംവിമാനവും- വാരിജോൽഭവൻതന്നെധനെ
ശ്വരൻ പരിതൊട്ടുസേവിച്ചുലഭിച്ചോരു- പുഷ്പകമാംവിമാനത്തെ
രാവണൻ കെല്പോടുധനദന്നെജയിച്ചുടൻ- തൻകലാക്കിനിജ
പുരമദ്ധ്യത്തിൽ ശങ്കകൂടാതെകൊണ്ടുവന്നുവച്ചുള്ള- ചിത്രമാംപു
ഷ്പകത്തിന്റെമദ്ധ്യത്തിൽ ചിത്രമാകുന്നനല്ലശയനത്തിൽ- ച
ന്ദ്രമദ്ധ്യകളുംകംകണക്കിനെ നിദ്രചെയ്യുന്നരാവണൻതന്നെ
യും- സൈരമായൊട്ടുംശങ്കയുംകൂടാതെ വീരമൌലികപിവ
രൻകണ്ടുതെ- അഞ്ജനാചലംപൊലുള്ളദെഹവും അഞ്ജനാദ്രി
ശിഖരങ്ങളിൽപിന്നെ- രാത്രിയിൽ തീ ജ്വലിക്കുന്നതുപൊലെ
രാത്രിചാരിജനാധിപൻതന്നുടെ- പിംഗകെശമാംപത്തുതലകളും
പിംഗാധിപസചിവവരൻകണ്ടു- ക്രൂരമായുള്ളദംഷ്ട്രങ്ങളുംപ
ഷ്പം ഘൊരമാകുംനയനങ്ങളുംമൂക്കും- ഐരാവതവിഷാണവ
ടുക്കളും ക്രൂരൻതന്നുടെമാറത്തുകണ്ടുതെ- വജ്രമെറവടുക്കളും
കണ്ടുതെ ശ്രീലഖലന്നുടെമാറത്ത- നീണ്ടകൈകളുംകണ്ടുശ
യനത്തിൽ നീണ്ടപാമ്പുകൾപൊലെയിരുപതും- രക്തചന്ദ
നാലിപ്തശരീരനാ യ്ക്തവസ്ത്രമുടുത്തുകിടക്കുന്ന- രാവണൻത
ന്നെവീരശിഖാമണി പവനാത്മജൻകണ്ടൊരനന്തരം- ഗി
രികന്ദരംതന്നിൽനിന്നഞ്ജസാ മാരുതൻവരുമ്പൊലെദശാസ്യ
ന്റെ- മൂക്കിൽനിന്നുവരുന്നൊരുശ്വാസവും സൽകപികലമൌ
ലിയുംകെട്ടുതെ- ആയതാക്ഷികലമൌലിമാലയാം മയപുത്രിയാം
മണ്ഡോദരിയെയും- തല്പംതന്നിൽകിടക്കുന്നതുംകണ്ടു തല്പാ
ശംതന്നിലഞ്ജനാനന്ദനൻ- രാവണന്റെസമീപെചുഴല
വും ചാര്വംഗിമണിമാരുടെയായിരം- മാരുതികണ്ടുക്രീഡാരതി
കൊണ്ടു പരിശ്രാന്തമാരായുറങ്ങുന്നു- ഛത്രചത്രവുംകണ്ടു
മനൊജ്ഞമാ യ്സാതനന്ദനൻതത്രസമീപത്തിൽ- കാമിനികല
മൌലികളിൽചിലർ ചാമരങ്ങൾപിടിച്ചുറങ്ങുന്നു- നീലെ
ന്ദീവരനെത്രമാരിൽചിലരാലവട്ടങ്ങൾ കൈക്കൊണ്ടുറങ്ങുന്നു-ഏ
ണനെർമിഴിമാരിൽചിലർപിന്നെവീണാവെണുക്കൾകൈക്കൊ
ണ്ടുറങ്ങുന്നു- മംഗലമംഗാലിയാംവാദ്യങ്ങൾകൈക്കൊണ്ടു മൃദുഗാത്രിമാർ
നിദ്രചെയ്യുന്നതും- വാനരൊത്തമൻകണ്ടുമഹാബലൻപൊന്ത്രമി

യുംകണ്ടുവലൻതന്റെ- ആസവങ്ങളാൽപൂർണ്ണങ്ങളായുള്ള ഭാസുരങ്ങളാംരത്നഘടങ്ങളും- മദ്യംപാതികുടിച്ചകുടങ്ങളും മദ്യമാകെകുടിച്ചഘടങ്ങളും- പന്നികോഴിമയിൽമൃഗവൃന്ദവും തിന്നുപാതിടക്കുന്നതുംകണ്ടു- നല്ലനല്ലശയനാസനങ്ങളും നല്ലനല്ലമണിദീപജാലവും- കണ്ടുമാരുതിതത്രശയിക്കുന്ന കൊണ്ടൽവേണിമാർതന്നുടെവൃന്ദവും- ചന്ദനാഗരുധൂപസുഗന്ധവും സുന്ദരിമുഖവാതസുഗന്ധവും- നാനാപുഷ്പങ്ങൾതന്നുടെഗന്ധവും പാനഗന്ധവുംകൈക്കൊണ്ടുമാരുതൻ- മന്ദംമന്ദമവിടെചരിക്കുന്നുസുന്ദരമാകുംരാവണമന്ദിരെ- ബുദ്ധിമാനെവംചിന്തിച്ചുമാനസെ ബന്ധുരാംഗിമാർകാന്തനമൊന്നിച്ചു- നിദ്രചെയ്യുമ്പോൾ തത്രചരിപ്പതും ധർമ്മമല്ലല്ലോബ്രഹ്മചാരിക്കോർത്താൽ- മാനിനികുലമദ്ധ്യേചരിച്ചിട്ടും മാനസെചെറ്റുംവികൃതിയില്ലമെ- മാനുഷസ്ത്രീയെനോക്കുവാനായിട്ടു മാനിനിമദ്ധ്യത്തിൽനോക്കിയാൽകിട്ടുമൊ- എന്നതുകൊണ്ടിവിടെനടക്കയാ ലിന്നുപാപവുമില്ലെന്നുനിർണ്ണയം-നിശ്ചയിച്ചു- വാനരപുംഗവാൻ നിശ്ചലചിത്തൻപിന്നെയുംനോക്കിനാൻ- ദേവരാജാദിലോകേശസമ്പത്തും രാവണാലയെയൊന്നിച്ചുകണ്ടുതെ- ദേവഗന്ധർവ്വകന്യകമാരെയും പാവനിരാജകന്യകമാരെയും- കണ്ടുപൌലസ്ത്യൻതന്നുടെമന്ദിരെകണ്ടില്ലജഗന്നാഥന്റെപത്നിയെ- കാണാഞ്ഞപ്പോൾജനകതനൂജയെ പ്രാണനന്ദനനേറ്റംവേഗത്തോടെ- എല്ലാദിക്കിലും നോക്കിത്തുടങ്ങിനാൻ മല്ലനേർമിഴിയാകുന്നസീതയെ- വായുസഞ്ചാരമുള്ളസ്ഥലങ്ങളിൽ വായുനന്ദനൻനോക്കിനാൻസീതയെ- ചതുരൻകപിവംശമഹാമണി ചതുരംഗുലംപൊലുംഖലാലയെ- ഇല്ലനോക്കാത്തദിക്കുകളെങ്ങുമെ ഫുല്ലേന്ദീവരനേത്രയാംസീതയെ- തത്രയെങ്ങുമെകാണാഞ്ഞുസീതയെ വിക്രമശാലിയാകുംകപിവരൻ- പ്രാകാരംതന്നിൽചാടിയിരുന്നുട നകതാരിലിവണ്ണംവിചാരിച്ചു- മംഗലാംഗിയാംസീതയെകാണാതെഎങ്ങിനെയഹമങ്ങുഗമിക്കേണ്ടു- അംഗദാദികപിവരന്മാരുടെ എങ്ങിനെമുഖംകാണേണ്ടുചെന്നുഞാൻ- വ്യർത്ഥംസാഗരലംഘനമിന്നുമെ വ്യർത്ഥമിശ്രമമൊക്കെയുമൊക്കുമ്പോൾ - സോമകോടിസമാനമുഖാംബുജം രാമചന്ദ്രന്റെഎങ്ങിനെനോക്കേണ്ടു- നരവാനരരാജസമീപത്തിൽ സാരസാക്ഷിയാം സീതയെകാണാതെ- മംഗലാംഗിയെകണ്ടില്ലെന്നുള്ളതു എങ്ങിനെയഹംചെന്നുപറയേണ്ടു- ദുഷ്ടനാകുന്നരാവണനെയഹം മുഷ്ടികൊണ്ടൊന്നിടിച്ചുഹനിക്കയൊ- കെട്ടിരാത്രിഞ്ചരാ

ധിപതിയെഞാൻ പെട്ടെന്നുസാഗരൊപരികൊണ്ടുപൊയ്-അ
ച്യുതനാകംശ്രീരാമചന്ദ്രന്ന കാഴ്ചവെക്കയൊവെണ്ടുകഠൊരനെ-
ശ്രൂരനെവംവിചാരിക്കുന്നെരത്ത ചാരുവാകമശൊകവനിക
യും- കണ്ടുസവ്വകപികുലശെഖരൻ കണ്ടാലെത്രയുമത്ഭുതമാ
യുള്ള- അശൊകൊദ്യാനംകണ്ടപ്പൊൾമാരുതി ആശയംതന്നി
ലെവംവിചാരിച്ചു- ഇവിടെയഹംനൊക്കീലസീതയെ ദെവിയെ
യിവിടെയഹംകാണുവൻ- ഭീമവിക്രമനെവംവിചാരിച്ചു രാ
മപാദാബ്ജംകൈകൂപ്പിവെഗെന- ഉദ്യാനംതന്നിൽചാടികപിവ
രനുദ്യമത്തിൽസമാനകളെബരൻ-കാമികൾക്കെററംശൊകപ്ര
ദമാകും കൊമളമാമശൊകതരുക്കളും- കണ്ടാലെത്രയുംദൃഷ്ടിമനൊ
ഹരം കണ്ടുമാരുതിപുഷ്പംനിറഞ്ഞുള്ള- ദിവ്യങ്ങളാകുംനാനാതരു
ക്കളും ദിവ്യൊദ്യാനത്തിൽകണ്ടുപലവിധം- സുന്ദരമാകുംചൈ
ത്രരഥത്തൊടും നന്ദനൊദ്യാനത്തൊടുമിയുദ്യാനം- തുല്യമെ
ന്നുകപിവരൻചിന്തിച്ചു കല്യൻദെവിയെനൊക്കിത്തുടങ്ങിനാ
ൻ- വൃക്ഷങ്ങളിൽകപിശൻചരിക്കുമ്പൊഴും പക്ഷികളുമനെ
ങ്ങുടങ്ങിതെ- പുഷ്പതല്പങ്ങൾപൊലെമഹീതലെ പുഷ്പങ്ങളും
കൊഴിഞ്ഞുനിറഞ്ഞുതെ- അശൊകൊദ്യാനംതന്നുടെമദ്ധ്യത്തിൽ
ശിംശപാവൃക്ഷംകണ്ടുകപിശെഖരൻ- സ്വൎണ്ണംകൊണ്ടുള്ളവെദി
കയായുള്ള സ്വൎണ്ണവൎണ്ണമാംശിംശപവൃക്ഷവും- നല്ലപല്ലവ
പുഷ്പങ്ങളെക്കൊണ്ടു ശൊഭിക്കുംവിളങ്ങുന്നതുദ്യാനെ- ശിംശ
പാതന്നിൽചാടികപിശെഖരൻ ആശയത്തിലിവണ്ണംവിചാരിച്ചു-
ഇവിടെസുഖമായിയിരുന്നുഞാൻ ദെവിതന്നുടെപാദാബ്ജംകാ
ണുവൻ- ചിത്തംതന്നിലിവണ്ണംവിചാരിച്ചു പത്രമിക്കിലുംനൊ
ക്കുന്നനെരത്ത- അവിടെക്കണ്ടുവാപിസരസ്സുകൾ പവിഴം
കൊണ്ടുകെട്ടിപ്പടുത്തുള്ള- കാന്തങ്ങളാകുംനാനാതരുക്കളും സന്താ
നാലതാജാലങ്ങളുംകണ്ടു- ഹെമംകൊണ്ടുള്ളവെദികയല്ലാതെ
കൊമളൊദ്യാനെയില്ലതറകളും- കണ്ടുമാരുതിക്രീഡഗിരിവരം
കണ്ടാലെത്രയുംദൃഷ്ടിമനൊഹരം- സൎവ്വജീവതനയൻനദികണ്ടു
പൎവ്വതംതന്നിൽനിന്നങ്ങൊഴുകുന്ന- കാന്തൻതന്നുടെയങ്കത്തി
ൽനിന്നാശു കാന്തകൊപിച്ചുപൊകുന്നതുപൊലെ- തീരജദ്രുമ
ശാഖാസമൂഹങ്ങൾ വാരിയിൽമുട്ടിനിൽക്കുന്നതുകണ്ടാൽ- വാ
രിജാക്ഷിയെതന്നുടെബന്ധുക്കൾ വാരണംചെയ്കയൊഎന്നും
തൊന്നീടും- തത്രപിന്നെസമീപെവിളങ്ങുന്ന ചിത്രമാകുന്ന
ചൈത്യപ്രസാദവും- ചാരുസ്തംഭസഹസ്രെണശൊഭിതം മാ
രുതികണ്ടുകൈലാസപാണ്ഡരം- പിന്നെപ്രാണതനയൻക

പിവരൻ മിന്നൽപോലെനയനമാരായുള്ള- രാക്ഷസിഗണ
മദ്ധ്യമലിനയായ്വൃക്ഷമൂലത്തിലേററംകൃശയായി- ഉഷ്ണമാകുന്ന
ദീർഘശ്വാസത്തോടും ഉഷ്ണമാകുന്നകണ്ണീരോടുംകൂടി- ഭൂമിതന്നി
ലിരിക്കുന്നദേവിയെ യാമിനീശകലപോലെകണ്ടുതെ- കൊ
ണ്ടൽവേണിമണിയാകുംസീതയെ കണ്ടനേരംപവനാത്മജൻ
കപി - ഏവംചിന്തിച്ചുബുദ്ധിമതാംവരൻ ദേവദേവനത
ളിനലക്ഷണം-പൂർണ്ണചന്ദ്രനിഭാനനയിലഹം പൂർണ്ണമായിട്ടുകാ
ണ്മാനമുണ്ടല്ലൊ- പണ്ടുരാവണൻകൊണ്ടുഗമിക്കുമ്പോൾ
കണ്ടോരംഗംനാരത്നമിതമെല്ലൊ- ദേവിയന്നവിടെയിട്ടഭൂഷ
ണമിവിടെഎങ്ങുംകാണുന്നതില്ലെല്ലൊ- ഇവിടെയുള്ള ഭൂഷണ
ങ്ങളും അവിടെയുണ്ടുനാരിമാർതന്നുടെ- എന്നതുകൊണ്ടു
മന്നുവിചാരിച്ചാൽ മന്നവാധിപജായനസംശയം- യാതൊ
രുദേവിതന്നെക്കപികള് മെതെല്ലാംദിക്കിൽനോക്കിനടക്കുന്നു-
അങ്ങിനെയുള്ളശ്രീരാമജായയാം മംഗലാംഗിയെ ഞാനിന്നുക
ണ്ടല്ലൊ- സ്വാന്തംതന്നിലിവണ്ണംവിചാരിച്ചു സന്തോഷാശ്രു
സമേതമുഖാബ്ജനായ്- ആശയംതന്നിലേററം പ്രസാദിച്ചുശിം
ശപയിലിരുന്നുകപീശ്വരൻ - ചന്ദ്രരശ്മികൾകൊണ്ടുവനാന്ത
രം ഭദ്രശീലൻപ്രസാദിച്ചുകണ്ടുതെ- അപ്പോൾതത്രനിശാചരി
മാരെയും കെല്പോടെപവനാത്മജൻകണ്ടുതെ - അമ്പിളിത്തെല്ലു
പോലുള്ളപല്ലുമാ യൂമ്പിളൈക്കപോലെനീണ്ടുള്ളമൂക്കുമായ് രാക്ഷ
സിമാരെക്കണ്ടുകപീശ്വരൻ രാക്ഷസാന്തകജായസമീപത്തിൽ-
മങ്ങലിപോലെയുള്ളോരുദരവും ഞാങ്ങണപോലെകൈകളുംകാലു
മായ് - ഭംഗികൂടാത്തരാക്ഷസിമാരെയും മംഗലാംഗിടെസന്നിധി
യിൽകണ്ടു- വായസംപോലെചിത്തനിറമായി പ്ലായുപോലെ
പരന്നചെവിയുമായി- ചെവികൊണ്ടുപുതച്ചുകൊണ്ടേററവുംദേ
വിസന്നിധൌചുററുമിരിക്കുന്ന - ആശരനാരിമാരെയുംകണ്ടു
തെ ആശരാന്തകനഞ്ജനാനന്ദനൻ- കാലില്ലാതുള്ളരാക്ഷസിക്കൂ
ട്ടവും തലമദ്ധ്യത്തിൽകാലുള്ളകൂട്ടവും- അലസാക്ഷിയാംദേവിടെ
സന്നിധൌ ബലശാലിപവനാത്മജൻകണ്ടു - ഏവംബീഭത്സ
രൌദ്രമാർമദ്ധ്യത്തിൽ ദേവദേവൻറപത്നിയെയുംകണ്ടു- ചെ
ന്നമദ്ധ്യത്തിൽമാൻപൈതലെപ്പോലെ ഖിന്നയായിധരണി
യിൽവാഴുന്ന- ദേവിയെക്കണ്ടുവാനരപുംഗവൻ വൈദേവപ
ദാബ്ജവുംവന്ദിച്ചു-വായുനന്ദനൻചിത്തംരഘൂത്തമമായാദേവി
പദാബ്ജത്തിൽദൃഷ്ടിയും- രാക്ഷസാധിപസൈന്യത്തിൽകോപ
വും രാക്ഷസാന്തകൻവച്ചുമരുവുമ്പോൾ- ബ്രഹ്മരാക്ഷസദേവ

ദെഹ്യാഷങ്ങളും ബ്രഹ്മാവിൻമണികെട്ടുവിരാത്രത്തിൽ - പൌല
സ്ത്യനുമുന്നുവശമായി അലസാക്ഷിമണിയാളെചിന്തിച്ചു -
ച്യുതസായകൻതന്റെശരംകൊണ്ടു ചെതസിശൊകമൊട്ടുംസ
ഹിയാതെ - അശൊകൊദ്യാനംതന്നിലസ്സായിട്ടു ആശരാധിപ
നെറ്റുപുറപ്പെട്ടു- ക്രൂരനാകുന്നരാവണനൊന്നിച്ചു നൂറുനാരിമാ
ർമാത്രംഗമിച്ചുതെ - വളഞ്ഞുള്ളൊരുവാളുകൾകൈക്കൊണ്ടു ആളു
കാധിപൻതന്റെഅനുജന്റെ- പുരൊഭാഗത്തുനാരിമാരിൽചി
ലർ വിരവൊടെഗമിച്ചുതുടങ്ങിനാർ_ നാരിമാരിൽചിലരപ്പൊൾ
ദീപിക കരംതന്നിലെടുത്തുനടന്നുതെ- ശ്വെതഛത്രമെടുത്തൊരു
കാമിനി യാതുധാനന്റെപിന്നാലെപൊയിനാൾ - ആലവട്ടംപി
ടിച്ചുചിലരപ്പൊൾ പൌലസ്ത്യൻതന്റെപിന്നാലെപൊയിനാ
ർ-അന്നെരംരജനിചരന്മാരുടെ മന്നവൻതന്റെപിന്നാലെവെ
ഗത്തിൽ- പൊന്നുകൊണ്ടുള്ളപാത്രങ്ങളിൽജലം സന്നതാംഗി
മാർകൈക്കൊണ്ടുപൊയിനാർ- മന്ദംമന്ദംനടന്നുദശാനനൻ സു
ന്ദരൊദ്യാനദ്വാരത്തെപ്രാപിച്ചു - കാഞ്ചിനൂപുരകങ്കണനാദങ്ങ
ളുഞ്ചൊതെകെട്ടുവാനരപുംഗവൻ- ദ്വാരദെശത്തിൽസംപ്രാപ്ത
നായുള്ള ക്രൂരനാകുന്നരാവണൻതന്നെയും- വാനരൊത്തമൻ
കണ്ടൊരനന്തരം മനതാരിലിവണ്ണംവിചാരിച്ചു- പുഷ്പകമദ്ധ്യ
തന്നിൽശയനത്തിൽ കെല്പൊടെനിദ്രചെയ്യുന്നകണ്ടൊരു- രാവ
ണനിവനില്ലൊരുസംശയ മെവംനിശ്ചയിച്ചുഗ്രപരാക്രമൻ -
ആശരാകുലതൂലദവാനലൻ ശിംശപതന്നിൽവാണിതുസ്വ
സ്ഥനായ് - രാവണനുംകടന്നുവനംതന്നിൽ ദെവിതന്നുടെസ
ന്നിധിയിൽചെന്നു- ചാരുശീലയാംശ്രീരാമപത്നിയും ക്രൂരനാകു
ന്നരാവണൻവന്നപ്പൊൾ - ഊരുകൊണ്ടുകുചവുമുദരവും പരി
ചൊടെമറച്ചുകൃശൊദരി- കൂരിരുൾസമമാകുന്നകെശത്താൽ വാരി
ജാക്ഷിമറച്ചുമുഖാബ്ജവും - തിരിഞ്ഞങ്ങുമരുവുന്നനെരത്ത ക്രൂര
നെവംപറഞ്ഞുതുടങ്ങിനാൻ - നാരിമാർകുലമൌലിമണിയാളെ
വാരിജാക്ഷിതിരിഞ്ഞെന്തിരിക്കുന്നു - പൌലസ്ത്യനഹംത്രൈലൊ
ക്യനായക നലസാക്ഷിതെദാസനെന്നൊത്താലും- മുല്പസായക
നസ്ത്രങ്ങൾകൊണ്ടെന്നെ കൊല്ലുന്നുമല്ലനെർമിഴിരത്നമെ- മാ
നിനീഭൂമിയാകെജ്ജയിച്ചുഞാൻ ജനകനുകൊടുത്തീടാംനിർണ്ണയം-
ഭീമരാക്ഷസപൂർണ്ണയാംലംകയിൽരാമനെങ്ങിനെവന്നുകടക്കുന്നു-
കൊണ്ടുപൊവതുമെങ്ങിനെയുംനിന്നെ കൊണ്ടൽവെണിഭജി
മാംകാമിതം - രാവണൻതന്റെവാക്കുകൾകെട്ടെവം മെറ
നെചിന്തിച്ചുമാനസെ-ഏണനെർമിഴിയാകുന്നസീതയും

ന്തരെയിട്ടതല്ലിടിനാൾ- പരമാരങ്ങളൊടെവം ചൊല്ലുക പാരം പൊ
പമെന്നൊക്കെ ദശാനനാ - കാഞ്ചനമയമായ മൃഗത്തിനാൽ വ
ഞ്ചിച്ചെല്ലൊ നീ വീരനാം കാന്തനെ- കൊണ്ടുപൊന്നതുമെന്നെ നീ
ലംകയിൽ കണ്ടിടാമതിനുള്ള ഫലമിനി- വീരമൌലിമണി രാമസ
ന്നിധൌ ക്രൂരനീയെന്നെ തൊട്ടുവെന്നാകിലൊ - ശൂരൻ ത
ന്റെ ശരമെറ്റു ചത്തു നീ ഖരനാം നിന്റെ ഭ്രാതാവെ കാണും നി -
മയാനത്തലവന്റെ മസ്തകം മലിച്ചു കീറി ചൊര കുടിക്കുന്ന -
കെസരിതുല്യനെന്നുടെ വല്ലഭൻ വാസവാരശതുല്യൻ നീയെ
ടാ - എന്നതു കൊണ്ടു രാമപാദാബ്ജത്തി ലെന്നെ കൊണ്ടു പൊ
യ്ച്ചുവണങ്ങുക - അല്ലെങ്കിൽ നിന്നെയെന്നുടെ വല്ലഭൻ
കൊല്ലുമില്ലൊരു സംശയം രാവണാ - രാമകല്പനയില്ലായ്കകൊ
ണ്ടു ഞാൻ ഭസ്മമാക്കാത്തു നിന്നെ ദശാനനാ- ദെവിയെവമരുളിയി
രുന്നപ്പൊൾ രാവണനെറ്റം കൊപിച്ചു ചൊല്ലിനാൻ- സീതയെ
വം ചൊൽ നിന്നെയറുത്തുടൻ പ്രാതരാശത്തിം വക്കും മഹാനസെ-
ക്രൂരനെവം പറഞ്ഞൊരു നെരത്ത ചാരുഗാത്രിയാം മണ്ഡൊദരി
താനും - പൌലസ്ത്യൻ തന്നെയാലിംഗനം ചെയ്തു ചാലവെയെ
വം മന്ദമുരചെയ്തു - പീരാപൊരികളായുള്ളൊരൊന്നിച്ചു സ്വൈരമാ
യിട്ടുവാഴുക മന്ദിരെ - ദീനയാകുന്ന മാനുഷിയെക്കൊണ്ടു മാനനീ
യതെ കാര്യവുമെന്തുള്ളു-രാക്ഷസാധിപൻ കാന്തഗീരം കെട്ടു രാക്ഷ
സിമാരൊടെവമുരചെയ്തു - എങ്ങിനെ സീതയെന്റെ വശയാക
മങ്ങിനെനിങ്ങൾ ചെയ്യാലുമെന്നതും - ഏവം രാവണൻ ചൊ
ല്ലിനടന്നുടൻ സാവധാനമായ്യാപിച്ചു മന്ദിരം- ക്രൂരനെവം പറ
ഞ്ഞുഗമിച്ചപ്പൊൾ ഘൊരരൂപകളൊടിയടുത്തുടൻ - ഓരൊരൊ
വിധം ചൊല്ലിത്തുടങ്ങിനാർ ചാരുഗാത്രിയൊടെറ്റം വിരൂപകൾ-
ഘൊരയാകും ഹരിജടയന്നെരം വാരിജാക്ഷിയൊടെവമുരചെയ്തു-
പുലസ്ത്യന്റെ പൌത്രൻ മഹാബലൻ ബാലികെ വെദവെ
ദാംഗപാരഗൻ - ത്രൈലൊക്യാധിപൻ രാവണനെന്നതും അ
ലസാക്ഷി ധരിക്കവഴി പൊലെ - നിന്നിലാഗ്രഹമുള്ള ദശാസ്യ
നെ കന്നൽനെർമിഴി നീയും ഭജിച്ചാലും - മാനുഷനാകും രാമനെ
ക്കൊണ്ടുതെ മാനിനീയിനിയെന്തുള്ള കാര്യവും - ഇനുഞാനെ
വം ചൊന്നതു ചെയ്യാഞ്ഞാൽ കൊന്നിടും നിന്നെ ഭൃത്യന്മാർ സുന്ദരി-
രൂക്ഷകളാകുമെകജടാമിയാം രാക്ഷസികളും ശസ്ത്രങ്ങൾ കൈ
ക്കൊണ്ടു - പാരം പാരം പരുഷമായ് ചൊല്ലിനാർ സാരസാക്ഷിശ്രീല
ദെവിയൊടപ്പൊൾ- കുന്തമുൾത്തുള്ള ശസ്ത്രങ്ങളെക്കൊണ്ടു ചെത്തി
ചെത്തിത്തവാംഗങ്ങൾ ഞങ്ങളും - തിന്നു തിന്നു സുരയും കുടിച്ചുട

നിന്നു ചാടിക്കളിച്ചീടും മൈഥിലി — ഇത്തരമവർവാക്കുകൾകെട്ടപ്പൊളുത്തരമുരചെയ്തു പതിവ്രത — നിങ്ങൾ ചൊന്നതുകെൾക്കയുമില്ലഞാൻ നിങ്ങളിന്നെന്നെയൊന്നിച്ചുതിന്നുക — ദീനനെങ്കിലും മാനുഷനെങ്കിലും ധനിയെങ്കിലും നിർദ്ധനനെങ്കിലും — എന്നുടെ കാന്തനെന്നുടെ ദൈവത മെന്നറിഞ്ഞാലും നക്തഞ്ചരികളെ — ഇങ്ങിനെയരുൾചെയ്തു ജനകജാ മംഗലാംഗികരഞ്ഞു തുടങ്ങിനാൾ — രാക്ഷസസ്ത്രീകളിൽ ചിലരന്നേരം രാക്ഷസാധിപൻതന്നൊടു മന്ത്രത്തെ — പറഞ്ഞുംകൊണ്ടുവന്നിട്ടു പിന്നെയും ക്രൂരവാക്കുകൾ ചൊല്ലുന്ന നെരത്ത — ചാരുരൂപയാം വൃദ്ധ ത്രിജടയും വിരവൊടെവം ചൊല്ലിനാളന്നെരം — നിങ്ങൾ തങ്ങടെ യംഗങ്ങൾ തിന്നുകാ മംഗലാംഗിയാം സീതയെ ത്തിന്നേണ്ട — കണ്ടു ഞാനിപ്പൊൾ സ്വപ്നം ഭയംകരം ഇണ്ടൽ വന്നീടും നക്തഞ്ചരന്മാർക്ക — ഇങ്ങിനെ ത്രിജടഗിരം കെട്ടപ്പൊൾ മംഗലാംഗീടെ സന്നിധിയിൽ നിന്ന — ഓടിപ്പൊയി നിശാചരിമാർ ചൊന്നാ രാടലൊടെ ത്രിജടയൊടിത്തരം — ത്രിജടെ നീയും കണ്ടൊരു സ്വപ്നത്തെ വ്യാജംകൂടാതെ ചൊല്ലുക വെഗത്തിൽ — എന്നതു കെട്ടു ചൊന്നാൾ ത്രിജടയും ഇന്നു ഞാൻ കണ്ട സ്വപ്നത്തെ കെട്ടാലും — ആയിരം ഹംസയുക്തയായുള്ളൊരു ആയതമാം ശിബികയിൽ രാഘവൻ — ശുക്ലമാല്യാനുലെപനനായിട്ടു ശുക്ലവസ്ത്രമുടുത്തു മഹാബലൻ — ലക്ഷ്മണനാകും ഭ്രാതാവൊടൊന്നിച്ചു ലക്ഷ്മിവാനായി യാകാശമാർഗ്ഗേണ — വന്നു ലംകയിൽ നിന്നു രഘൂത്തമ നെന്നു കണ്ടു ഞാൻ സ്വപ്നത്തിലിന്നുഹൊ — വാരിജാക്ഷിയാം സീതയെ സ്വപ്നത്തിൽ വാരിധിമദ്ധ്യെ ശ്വെതചലൊപരി — ശ്വെതവസ്ത്രാനുലെപനയായിട്ടു പ്രീതയായിട്ടിരിക്കുന്നതും കണ്ടു — ചാലവെ കണ്ടു പിന്നെയും സ്വപ്നത്തിൽ നാലു കൊമ്പുള്ള മത്തഗജൊപരി — ഭ്രാതാവൊടുമൊരുമിച്ചു രാഘവൻ സീത വാഴുന്ന ശൈലത്തിൽ ചെന്നുടൻ — വൈദെഹിതന്റെ കരത്തെപ്പിടിച്ചുടൻ വെവനാനക്കഴുത്തിലിരുത്തിനാൻ — ഭർത്താവിന്റെ മടിയിന്നു ചാടീട്ടു മാർത്താണ്ഡശശിമണ്ഡലം ഹൃഷ്ടയായ് — പാണികൊണ്ടു തലൊടുന്നതും കണ്ടു ഏണനെർമിഴിയാളാകും സീതയും — എട്ടു നല്ല വെളുത്ത ഹയങ്ങളെ കെട്ടീട്ടുള്ളൊരു സ്യന്ദനരത്നത്തിൽ — ഭാര്യയാകുന്ന സീതയൊടൊന്നിച്ചു വീര്യവാനാകും ഭ്രാതാവൊടും കൂടി — രാമൻ നിൽക്കുന്നതും കണ്ടു ഹൃഷ്ടനാ യ്യാമനെപ്പിന്നെ കണ്ടെ ഞാൻ പുഷ്പകെ — പിന്നെയും കണ്ടു സ്വപ്നത്തിലത്ഭുതം പൊന്നു കൊണ്ടുള്ള സിംഹാസനം തന്നിൽ — ജാനകിയൊടുമൊന്നിച്ചു രാഘവൻ മാനനീയനിരുന്നൊരനന്തരം — ബ്രഹ്മർഷിക

ളുമെററംപ്രസന്നരാ ബ്രഹ്മവെല്ലാക്ഷെണതീൎത്ഥജലംകൊണ്ടു-
അഭിഷെകവുംചെയ്യുന്നതുംകണ്ടു അഭിമാനിയാംശ്രീരാമചന്ദ്ര
നെ- കമലാസനൻമുമ്പായദൈവകൾ രാമപാദെനമിക്കുന്നതും
കണ്ടു- പിന്നെയുംകണ്ടുഎത്രയുമത്ഭുതം മിന്നീടുന്നൊരുസിംഹാ
സനംതന്നിൽ - വിക്രമശാലിയാകുന്നശ്രീരാമൻ ചക്രശംഖഗ
ദാബ്ജധരനായി- ശ്രീവത്സകൌസ്തുഭാദിസമെതനാ ശ്രീവന
മാലയിട്ടുപ്രസന്നനായ് - ശ്രീസമെതനായ്ക്കുസച്ഛന്ദനാ
ദ്യാനസത്മഭ്രവന്ദിതനായിട്ടു- വാരിജാക്ഷനിരിക്കുന്നതുംകണ്ടു പ
രിചൊടിപ്പൊൾസ്വപ്നത്തിൽഞാനഹൊ - പൌലസ്ത്യനെയും
കണ്ടുഞാൻസ്വപ്നത്തിൽ തൈലവുംതെച്ചുകെശവുംകൂടാതെ-
കരവീരസ്രജവുമണിഞ്ഞുടൻ കറുത്തുള്ളൊരുവസ്ത്രവുംചുററിട്ടു-
നീലവസ്ത്രമുടുത്തൊരുനാരിയും പാലവെകെട്ടിരാവണൻതന്നെ
യും- കൊണ്ടുപൊകുന്നുതെക്കൊട്ടുകായിട്ടു കണ്ടുഞാനെവംസ്വ
പ്നംഭയങ്കരം- ഖരങ്ങളെപരിചൊടെകെട്ടിന തെരിതകെറിട്ടശാ
നനൻപൊകുമ്പൊൾ- യാമിനിചരനാഥനുമെന്നെരം ഗൊമയ
ഹ്രദെവീണുവിവശനായ്- മുങ്ങിപ്പൊങ്ങികടിക്കുന്നുപംകവും
ഇങ്ങിനെയുംഞാൻകണ്ടിതുസ്വപ്നത്തിൽ- രാക്ഷസെശൻകഴു
തമെലെറിട്ടു ദക്ഷിണദിക്കിലെക്കായിപൊയിനാൻ- ഒട്ടകത്തി
ൻറമെലിൽകരെററിട്ടു പെട്ടന്നുകുംഭകൎണ്ണനുംപൊയിതെ- ആശ
രാധിപപുത്രനാമിന്ദ്രജിൽ ശിംശുമാരത്തിലെറിട്ടുപൊയിനാൻ-
രാക്ഷസന്മാരുംരക്താംബരന്മാരാ യ്ദക്ഷിണദിക്കിലെക്കായിപ്പൊ
യിനാർ - യാതുധാനരിലെകനെക്കണ്ടുഞാൻ ശ്വെതഛത്രം
പിടിപ്പിച്ചു സ്വൈരമായ്- മതിശാലിയാംവീരൻവിഭീഷണ
ൻ പ്രീതനായിട്ടുനിൽക്കുന്നതുംകണ്ടു- ധവളാംബരഭൂഷണ
ന്മാരാകും കെവലംനാലുഭൃത്യന്മാരൊന്നിച്ചു- ഗെഹഗൊപുരസൌ
ധയൂസ്ലംകയും ഭഗ്നമായ്‌ന്നെകണ്ടുസമുദ്രത്തിൽ- രാമദൂതനെന്നാം
വാനരൻലംകയെ ഭസ്മമാക്കിനാനെന്നുംഞാൻകണ്ടുതെ- ക്രൂ
രകളെ വൃഥാപരുഷാക്ഷരം ചാരുശ്രുപയൊടെന്തിനുചൊല്ലുന്നു-
രാമൻഭാൎയ്യയെതജ്ജിച്ചതുകെട്ടാൽ ഭീമവിക്രമൻകൊന്നീടുംനി
ങ്ങളെ- ആശ്രയിച്ചെങ്കിൽനമ്മളെരക്ഷിപ്പാൻ സുശ്രൊണി
മതിയാമെന്നറിഞ്ഞാലും- എന്നതുകൊണ്ടുനമ്മളെല്ലാവരും പ്രസ
ന്നതാംഗിയെ യാശ്രയിച്ചീടണം- വൃക്ഷശാഖയിൽവാണപ്ര
ഹൃഷ്ടനായ്പക്ഷിയുംകൂടെക്കൂടെപ്പറയുന്നു- അമ്പൊടെസീതാമെ
വിക്കുമംഗളം മുമ്പിൽശ്രീരാമൻനിൽക്കുന്നുഎന്നതും- ഖെലാ
ദനാകുന്നരാവണൻതന്നുടെ ക്രൂരമായുള്ളവാക്കുകൾകെട്ടിട്ടു -

ഘോരകാനനെബാലികയെപ്പോലെ ചാതുശാസ്ത്രികരഞ്ഞുതുങ്
ങ്ങിനാൾ— സോമകൊടിസമാനമുഖാംബുജാ രാമായെന്നുടെകാ
ന്തമഹാബല— ഇങ്ങിനെഞാനംദുഃഖിച്ചിരിക്കുമ്പൊളെങ്ങുപൊ
യിഭവാനംരഘൂത്തമാ — ലക്ഷ്മണനാനീയറിഞ്ഞതുമില്ലെയൊരാ
ക്ഷസീമദ്ധ്യെഞാനിരിക്കുന്നതും— കൌസല്യെയെന്റയമ്മെ
ധരിച്ചാലും വസിക്കുന്നുഞാൻലംകയിൽഖിന്നയായ്— ഇഷ്ട
യാംതവഭാൎയ്യയുംരാഘവ ദുഷ്ടനിന്നഹൊകൊല്ലുവാൻപാത്രമാ
യ്—എന്നുള്ളതുമറിഞ്ഞില്ലല്ലൊഭവാൻ മന്നവർകുലമൌലിമണെ
രാമാ— കൊണ്ടുപൊയെന്നെരാവണൻകൊന്നീടും രണ്ടുമാസ
മെയുള്ളതവധിയും— വനവാസംകഴിഞ്ഞൊരനന്തരം വന
ജാക്ഷിമാരൊന്നിച്ചയൊദ്ധ്യയിൽ— സൈ്വരമായിഭവാനംവ
സിച്ചീടും സ്മരകൊടിമനൊജ്ഞകളെവരാ— വിഷംകിട്ടിയാൽ
തിന്നിട്ടുചത്തീടാം വിഷമാതാവുമില്ലല്ലൊയിന്നുമെ— ശസ്ത്ര
മാതാവുംരാക്ഷസമന്ദിരെ ചിത്രമാതമെ ഇല്ലല്ലൊചിന്തിച്ചാൽ—
എന്നതുകൊണ്ടുകെശത്തെക്കെട്ടിഞാ നിന്നുപൊക്കുകതന്നെയാമ
ക്ഷണം— ഏവംചിന്തിച്ചുകെശപാശംകയ്യിൽ ദെവികൈ
ക്കൊണ്ടുമന്ദംനടന്നുടൻ— പുഷ്പിതമായവൃക്ഷത്തെപ്രാപിച്ചു കെ
ല്പൊടെശാഖാകൈക്കൊണ്ടുസീതയും— സൊമതുല്യവദനമന
ക്കാമ്പിൽ രാമചന്ദ്രനെചിന്തിച്ചുനിൽക്കുമ്പൊൾ— നല്ലനല്ല
നിമിത്തങ്ങളന്നെരം മല്ലനെർമിഴിക്കെറ്റമുളവായി— വാമബാ
ഹുനെത്രവുമന്നെരം കൊമളാംഗിക്കിളകിത്തുടങ്ങിതെ— ശുഭമാ
യനിമിത്തങ്ങൾകണ്ടപ്പൊൾ ശുഭശീലയുംശൊകവിഹീനയായ് —
രാഹുമുക്തനായുള്ളശശിപൊലെ മൊഹനാംഗിയുമെറ്റംപ്രകാ
ശിച്ചു— വാതനന്ദനൻവീരൻഹനൂമാനും സീതയന്നെരംചൊ
ന്നഗിരങ്ങളും— ഋക്ഷനാഥൻത്രിജടഗിരങ്ങളും രാക്ഷസിമാരു
ടെതൎജ്ജനങ്ങളും— ദുഷ്ടകാലൻകപികുലസത്തമൻ കെട്ടനെര
മിവണ്ണംവിചാരിച്ചു— ദുഃഖമൊട്ടുമറിയാത്തസീതയും ദുഃഖത്തി
ന്റെയൊട്ടക്കത്തെക്കാണാതെ— നിശ്വാസത്തൊടെഖെദിച്ചി
രിക്കുന്നു ആശ്വസിപ്പിക്കുവനഹംദെവിയെ— ഇപ്പൊൾ
തന്നെഞാനാശ്വസിപ്പിക്കാഞ്ഞാൽ കെല്പൊടെദെവിജീവ
ൻകളഞ്ഞീടും— നിശാചരിമാർതന്നുടെപ്രത്യക്ഷം വിശെഷങ്ങ
ൾപറകയുംദുൎല്ലടം— എന്നതുകൊണ്ടിവിടെയിരുന്നുഞാ നി
ന്നിവരുടെയന്തരംപ്രാപിച്ചു— ഭാനുവംശമണിരാമവൃത്തത്തെ
മാനുഷവാക്കുകൊണ്ടുപറഞ്ഞുടൻ— മാനസെശൊകമാകെക്കള
ഞ്ഞുവൻ ജാനകിതന്റെയില്ലൊരുസംശയം— ഏവംനിശ്ചയി

ഞ്ജനാനന്ദനൻ സാവധാനമാച്ചൊല്ലിത്തുടങ്ങിനാൻ- പുണ്യകീൎത്തിദശരഥനെന്നൊരു പുണ്യശീലൻനരപതിയുണ്ടായി- ഇന്ദ്രതുല്യനശസ്സുമഹീപതി ചന്ദ്രനെപ്പോലെസൌമ്യൻമഹാരഥൻ- രാജരാജൻെറപുത്രൻപ്രിയൻശ്രേഷ്ഠൻ രാജീവായതചാരുവിലൊചനൻ- സകലവെദവെദാംഗപാരഗൻ സകലജനസന്തൊഷകാരകൻ- ധൎമ്മത്തിലതിപ്രിയൻശൂരൻ മാനവാധിപൻ രാമനിതിശ്രുതൻ- വിശ്വവാൻതാതവാക്കിനാൽകാനനെ ഭാൎയ്യസൊദരൻ താനുമൊരുമിച്ചു- വാണിട്ടന്നൊരുകാലംദശാനനൻ നാണമെന്നിയെസീതയെക്കൊണ്ടുപോയ്- കാനനംതന്നിൽനൊക്കിനടക്കുമ്പൊൾ കാനനംതന്നിൽസുഗ്രീവനെന്നൊരു- മാനവെന്ദ്രനുമിത്രവുമുണ്ടായി ബാലിയെക്കൊന്നുരാമൻകപിരാജ്യം ചാലവെസുഗ്രീവനായിനൽകിനാൻ- കപിരാജനിയൊഗനദെവിയെ കപിവീരരുംനൊക്കിനടക്കുന്നു.

സമ്പാതിതൻെറവാക്കുകൾകെട്ടഞാ നമ്പൊടെദശയൊജനമായുള്ള- വാരിധിചാടിഇദ്ദെവികാരണാൽ വീരരാമനതുലിനലക്ഷണം- എല്ലാംപൂൎണ്ണമായുള്ളഇദ്ദെവിയെ ഉല്ലാസെനഞാൻ പ്രാപിച്ചുകണ്ടതെ - ഏവംചൊല്ലിക്കപിശനിരുന്നപ്പൊൾ ദെവിയക്കഥകെട്ടുപ്രസന്നയായ്- നീണ്ടിരുണ്ടുചുരുണ്ടുതലമുടികൊണ്ടുസംവൃതമാകുംമുഖാബ്ജവും- പൊക്കിനൊക്കിനാംശിംശപവൃക്ഷത്തെ ഉൾക്കൊമ്പിലെററംതൊഷിച്ചുസീതയും- നാലുദിക്കിലുംതാഴത്തുംമൊളിലും ചാലവെയാകെനൊക്കുന്നനെരത്ത- സീതാപിംഗാധിപാമാത്യനാകുന്ന വാതനന്ദനൻതന്നെക്കണ്ടുതദാ- ഉദയാചലംതന്നിൽവിളങ്ങുന്ന ആദിത്യൻപൊലെ ശാഖാന്തരംതന്നിൽ- സീതാദെവിയുംശാഖാന്തരംതന്നിൽ പീതമായുള്ളവസ്ത്രംധരിച്ചൊരു- വാതനന്ദനൻതന്നെയുംകണ്ടുപ്പൊൾ ചെതസിയെവംചിന്തിച്ചുശൊഭനാ- മാനസത്തിൻെറഭ്രാന്തിയൊസ്വപ്നമൊ വാനരൻതന്നെക്കണ്ടതുമിപ്പൊൾഞാൻ- സന്തൊഷാധിക്യമുന്മാദലക്ഷണം സന്തൊഷവുമിനിക്കില്ലെല്ലായിപ്പൊൾ- ശുഭമല്ലകപിദൎശനംസ്വപ്നെ ശുഭവുംമമവന്നീടുംനിൎണ്ണയം- ശ്രീരൂപനാംകാന്തനെക്കാണാഞ്ഞു നിദ്രയൊട്ടുമെയില്ലല്ലൊചിന്തിച്ചാൽ- ദൃഷ്ടമറ്റനാംരാമകഥകളെ സ്പഷ്ടമായിട്ടിവനുംപറയുന്നു- വല്ലതെങ്കിലുംവാനരൻചൊന്നതു നല്ലസത്യമായ്ഭവിക്കട്ടെ- ഇങ്ങിനെയാകെചിന്തിച്ചുമാനസെ മംഗലാംഗിയുംനിൽക്കുന്നനെരത്ത- പവിഴംപൊലെരക്തമുഖാ

ബ്രെജൻ പവനാത്മജൻബുദ്ധിമതാംവരൻ- ദ്രുമശാഖയിൽനി
ന്നങ്ങിറങ്ങീട്ടു ഭീമവിക്രമനെത്രയുംസൌമ്യനായ്- വിനയത്തൊ
ടെകൂടംഹനൂമാനും ജാനകീടെപുരൊഭാഗെ ചെന്നിട്ടു- ഏഷ്ട
നായിനമസ്കാരവുംചെയ്തു സാഷ്ടാംഗംസീതാതന്റെപാദാബ്ജ
ത്തെ- അഞ്ജലിയുംശിരസ്സിൽപിടിച്ചുടൻ മഞ്ജുവാംവർണ്ണംചൊ
ന്നാൻഹനൂമാനും- കാന്തംപത്മാക്ഷിക്ലിഷ്ടവസനയാ സ്സ്തപ
രംദ്രുമശാഖയുംകൈക്കൊണ്ടു- നിന്നീടുന്നനയനങ്ങളിൽനിന്ന ന
ന്നാശ്രുകജലംവരുന്നൊരുതെ- ദേവഗന്ധർവ്വകിന്നരനാരി
യൊദ്രുപതിനാഗമാനവനാരിയൊ- രോഹിണിയുംശശാങ്കനെ
ക്കൂടാതെ മഹിതന്നിൽപതിച്ചിട്ടുനിൽക്കയൊ- വസിഷ്ഠപത്നി
യാകുമരുന്ധതി വസിഷ്ഠൻതന്നെകൂടാതെനിൽക്കയൊ- ആരു
തെസുതനാരുതെഭ്രാതാവു മാരുതെതാതനാരുതെവല്ലഭൻ-ഏതൊ
രുദിക്കിൽനിന്നിഹവന്നതും യാതൊന്നുകൊണ്ടുദുഃഖിച്ചീടുന്നതും-
രോദനംകൊണ്ടുംദീർഘശ്വാസംകൊണ്ടും മേദിനിതൊട്ടുനിൽക്കയും
കൊണ്ടുമെ- ദേവനാരിമാരല്ലെന്നുംതോന്നുന്നു കേവലംരാജപ
ത്നിഭവതിയും- രാവണൻജനസ്ഥാനത്തിൽനിന്നിട്ടു ദേവക
ണ്ടകൻകൊണ്ടുപോന്നുള്ളൊരു- സാരസാക്ഷിയാംസീതയെന്നാ
കിലൊ പരമാത്ഥമരുളെണമെന്നൊട- അതിമോഹനമായുള്ളരൂ
പംതെ: അതിഘോരമായുള്ളതപസ്സുംതെ_ കോമളാംഗിവിചാരി
ച്ചുകാണുമ്പോൾ രാമപത്നിഭവതിധ്രുവംതന്നെ- പത്മകോമള
ലോചനനാകുന്ന രാമചന്ദ്രന്റെകീർത്തനംകേൾക്കയാൽ- സാര
സാക്ഷിയാംസീതപ്രസന്നയാ മ്മാരുതിയൊടിവണ്ണമരുൾചെ
യ്തു- പാരിടത്തിൽപ്രസിദ്ധനായുള്ളൊരു വീരനാകുംദശരഥൻത
ന്നുടെ- പുത്രഭാര്യ്യഞാൻവൈദേഹൻതന്നുടെ പുത്രിസീതയെ
ന്നെന്നുടെനാമവും- ഭീമവൈരിഭവാനലനാകുന്ന രാമചന്ദ്ര
ന്റെഭാര്യ്യയാകുന്നുഞാൻ- ദ്വാദശാബ്ദമയൊദ്ധ്യയിൽവാണെഞാ
ൻസാദരംസുഖമായിട്ടനന്തരം- രാജരാജൻത്രയൊദശവഷത്തി
ൽ രാജ്യംതന്നിൽപ്രജകളെരക്ഷിപ്പാൻ- അഭിമാനിയാംശ്രീരാമ
ചന്ദ്രനെ യഭിഷെകവുംചെയ്യാൻതുടങ്ങിപ്പോൾ- അപ്പോൾ
കൈകയിയാകുന്ന ഭാര്യ്യയുംകെല്പൊടെഭൂപതിയൊടുരചെയ്തു -
മുന്നംചൊന്നവരംസത്യമാക്കുവാൻ മന്നവഭവാൻഭാവമുണ്ടെ
ങ്കിലൊ- ഒട്ടുംതാമസംകൂടാതെഭൂപതെ കാട്ടിലെക്കായിപ്പോകട്ടെ
രാഘവൻ- എന്നതുകെട്ടുബൊധവുംകെട്ടുതെ മന്നവൻപിന്നെ
ബൊധമുണ്ടായപ്പോൾ- ശൊകസംപൂർണ്ണമാനസനായിട്ടു കൈ
കെയിതന്നൊടുതാപനവുംചെയ്തു- മെദിനീപാലൻജ്യെഷ്ഠനാം

പുത്രന ഭൊഗനംചെയ്യരാജ്യത്തെയാചിച്ചു- അഭിഷെകത്തെ
ക്കായിൽപിതൃവാക്യ മഹിമാനിപ്രിയമെന്നുറച്ചുള്ളിൽ- സ്വീകരി
ച്ചുദൃഢസത്യവിക്രമൻ സകലജനമാതപ്രിയൻവഴൻ- ജന
നിയൊടൊരുമിച്ചിരിക്കുവാൻ മാനവെന്ദ്രനുമെന്നെനിയൊഗി
ച്ചു- മുമ്പിൽകാന്തൻറഞാനുംപുറപ്പെട്ടു അമ്പൊടെകാനനംത
ന്നിൽവാഴുവാൻ- തെനഹീനയായസ്വപ്നെപിവാസവുമിനിക്കാ
ഗ്രഹമില്ലമനതാരിൽ- ചാരുശീലനാംസൌമിത്രിയുംമുമ്പിൽ മര
ത്തൊലുമുടുത്തുപുറപ്പെട്ടു- താതവാക്യത്താൽഞങ്ങളെല്ലാവരും
പ്രീതരായിട്ടപൊന്നുവന്നാരെ- ഘൊരമായുള്ളദണ്ഡകാരണ്യ
ത്തിൽ സ്വൈരമായിട്ടുഞങ്ങളിരിക്കുമ്പൊൾ- വിശ്വവാരിധിയാ
കുന്നരാമൻറ ഭാര്യയാകുന്നഎന്നെനിശാചരൻ- രാവണൻ
താനുംകൊണ്ടുപൊയീടിനാൻ ഏവംമൊരിചൊന്നസമയവും-
രണ്ടുമാസത്തെജീവിതമെന്നുമെ രണ്ടുമാസംകഴിഞ്ഞാൽത്യജിക്കും
ഞാൻ- ഖിന്നയായ്മൈഥിലിയെവംപറഞ്ഞപ്പൊൾ നന്നസ്വാന്ത
മായ്ചൊന്നാൻഹനൂമാനും- രാമകല്പനകൊണ്ടിഹ ദൂതൻഞാൻ കൊ
ള്ളാംശിവിരവൊടുവന്നതെ- വൈദെഹികുശലിരഘുനായകൻ
സാദരംഭവതിടെകുശലവും - ചൊദിച്ചീടുന്നുവീരശിഖാമണി മ
തിബിംബസമാനമുഖാംബുജൻ- ഖെദത്തൊടെസ്സുമിത്രതനയ
നും സാദരംതെയഭിവാദ്യംചെയ്യുന്നു- കുശലംദെവികെട്ടവർത
ന്നുടെ ആശയംതന്നിൽഹൃഷ്ടയായ്ചൊല്ലിനാൾ- എന്തെന്നാകി
ലുംജീവിച്ചിരുന്നെങ്കിൽ സന്തൊഷവുംവരുമെന്നുനിർണ്ണയം- നൂ
റുസംവത്സരംകഴിഞ്ഞെങ്കിലും അറിവുള്ളവരെവംപറയുന്ന- വാ
ക്കുഞാൻപരമാർത്ഥമെന്നൊർക്കുന്നു ഉൾക്കാമ്പിലൊട്ടുംസംശയമി
ല്ലമെ- ഏറക്കാലമായ്സ്മാമകഥകെട്ടു പറഞ്ഞിപ്പൊൾനീകെട്ടപ്രി
യകഥ- സീതാദെവിയുംവാതതനയനും ജാതവിശ്വാസമൊ
രൊന്നെചൊല്ലിനാർ- ദെവിതന്നുടെവാക്കുകൾകെട്ടിട്ടു ദെവിത
ന്നുടെസന്നിധിയിലെക്ക - ഹനൂമാൻതാനുംചെല്ലുന്നനെരത്തു
തന്വംഗിയുമെവംവിചാരിച്ചു- രൂപംമാറിയരാവണനാമിവൻ
പാപമിന്നുരചെയ്യുന്നുമാകവെ- ഏവംചിന്തിച്ചശൊകരുതശൊഖ
മെവികൈവിട്ടിരുന്നാൾധരണിയിൽ- ആയതാക്ഷിയാംശ്രീരാമ
പത്നിയെ ഭയംകൊണ്ടെററ മൊഹിതയായുണ്ടു- ഖിന്നഖിന്ന
നായ്വീരൻഹനൂമാനും സന്നതാംഗിയാംസീതയെവന്ദിച്ചു- വന്ദ
നംചെയ്തീടുന്നതുകണ്ടപ്പൊൾ സുന്ദരിസീതഏവമരുൾചെയ്തു-
മായാവിയാകുംരാവണനെങ്കിൽനീ ഞായമല്ലെന്നെദുഃഖിപ്പിക്കു
ന്നതു- കള്ളസ്സന്യാസിവെഷത്തെക്കൈക്കൊണ്ടു ഉള്ളകാട്ടിജന

സ്ഥനെവന്നൊരു- രാവണൻതന്നെയാകുന്നീയഹൊ ഏവം
ദീനയാമെന്നെനിശാചരാ- സന്താപിപ്പിക്കുന്നെന്തിനുപിന്നെ
യും ഹന്തശൊഭനമല്ലെന്നറിഞ്ഞാലും- ഇങ്ങിനെയഹം ചിന്തി
ച്ചതുമിപ്പൊ ഴിങ്ങിനെയല്ലയെന്നുമെതൊന്നുന്നു- നിന്നെക്കാ
ണ്കയാലെ നുടെമാനസെയിന്നുസന്തൊഷമെററമുളവായി-വല്ല
ഭൻതന്റെദൂതൻനീയെങ്കിലൊ നല്ലതുതവവന്നീടട്ടെസദാ- ചൊ
ദിക്കുന്നെൻഞാൻവാനരപുംഗവാ പ്രീതിയുണ്ടുമെരാമകഥാകെ
ൾപ്പാൻ- കൊമളമായിയെന്നുടെകാന്തനാം രാമൻതന്റെഗുണ
ങ്ങളെചൊല്ലുകാ-ഇങ്ങിനെയരുൾചെയ്തിട്ടനന്തരംമംഗലാംഗിയു
മെവംവിചാരിച്ചു- സ്വപ്നമൊമതിഭ്രംശമൊവാനിദം സ്വപ്നവു
മല്ലഭ്രാന്തിയുമല്ലമെ- മായികളെല്ലൊനക്തഞ്ചരന്മാരും മായാവി
യാകുംരാവണനാമിവൻ_ എന്നുചിന്തിച്ചരുളിയതുമില്ല പിന്നെ
മാരുതിതന്നൊടുസീതയും_ നിശ്ചയംമെവിതന്റെയറിഞ്ഞിട്ട
ത്യാശ്ചൎയ്യമായിച്ചൊന്നാൻകപിവരൻ- സൂൎയ്യനെപ്പൊലെതെ
ജസ്വിയായിട്ടും വീൎയ്യവാനാകുംചന്ദ്രമനൊജ്ഞനാം- ബ്രഹ്മാ
സ്ത്രാദിസകലസ്ത്രപാനാകും ബ്രഹ്മചൎയ്യവ്രതൊദിതനായിട്ടും- സ
കലവെദവെദാംഗവെത്താവാം സകലഗുണസാഗരനായിട്ടും-
ജിഷ്ണുവാംസകലാധിപതിയാകും വിഷ്ണുതുല്യപരാക്രമനായിട്ടും- രാ
മചന്ദ്രനെമായമൃഗത്തിനാൽ യാമിനിചരൻരാവണൻവഞ്ചി
ച്ചു- കൊണ്ടുപൊന്നല്ലൊശൂന്യെഭവതിയെ കണ്ടിട്ടുമതിനുള്ള
ഫലമവൻ- യാതൊരുദെഹംഘൊരശരങ്ങളാൽ യാതുധാനനാം
രാവണനെക്കൊല്ലും- തെനപ്രെഷിതനായിട്ടഹമിപ്പൊൾ ജാ
നകിതെസമീപത്തുവന്നതും- ഭവതിദെവിയൊടെശനഖിന്നനാ
യ്യവൻ ചൊദിച്ചീടുന്നുകുശലംതെ - ലക്ഷ്മണനഭിവാദ്യത്തെ
ചെയ്തിട്ട ലക്ഷ്മീവാൻനമസ്കാരവുംചെയ്യുന്നു- ഭദ്രെതെകാന്ത
ൻതന്റെസഖിയായ സുഗ്രീവനാകുംവാനരരാജാവും- ചൊദി
ക്കുന്നുകുശലംഭവതിടെ മതിബിംബസമാനമുഖാംബുജെ-വാന
രകൊടിമദ്ധ്യെരഘൂത്തമംമാനിയാകുന്നലക്ഷ്മണൻതന്നെയും-സു
ഗ്രീവനെയുംകാണുംഭവതിയും- ഭദ്രെയൊട്ടുമെതാമസംകൂടാതെ -
മാനിസുഗ്രീവൻതന്റെസചിവൻഞാൻ ഹനൂമാനെന്നുപെ
രായവാനരൻ- വാരിധിചാടിലംകയെപ്രാപിച്ചു വാരിജാക്ഷി
തെസന്നിധിയിൽവന്നു - രാവണന്റെതലയിൽപദന്യാസം
കെവലമഹംവച്ചുപരാക്രമാൽ - എങ്ങിനെമെവിയെന്നെനിന
ക്കുന്നു അങ്ങിനെയുള്ളവനല്ലഞാനഹൊ- വെണ്ടാതുള്ളൊരു
ശംകകളെയെണം കൊണ്ടൽവെണിയുറപ്പുമെഭാഷിതം- വാതന

ന്ദനഭാഷിതംകെട്ടെവം സീതാദെവിയിവണ്ണമരുൾചെയ്തു- രാമ
സംബന്ധംകുത്രതെയുണ്ടായി സൌമിത്രിയെ അറിഞ്ഞുനീയെ
ങ്ങിനെ- നരവാനരന്മാൎക്കുസമാഗമം പരിചിൽക്കഥമുണ്ടായിഎ
ന്നതും- വല്ലഭൻതന്റെരൂപവുംചൊല്ലുക അല്ലലെന്നാലിനി
ക്കുഭവിക്കില- എന്നതുകെട്ടുചൊന്നാൻകപിവരൻ മന്നവമണി
രാമന്റെലക്ഷണം-കണ്ടറിഞ്ഞെടത്തൊളംഞാൻചൊല്ലുന്നെൻ
കൊണ്ടൽവെണ്ണിമണിയാളെകെട്ടാലും- അരുണമണിവണ്ണജ
ടാഭാരം തിരുമുടിയിലുണ്ടുപ്രകാശിച്ചു- പുണ്ഡരികദളായതലൊച
നൻ പുണ്ഡരികസുധാംശുസമാനനൻ- ചാരുനാസികൻബിം
ബഫലാധരൻ ചാരുദന്തൻമനൊജ്ഞകപൊലവാൻ- അ
ത്തുതശൊളൻവിസ്തീൎണ്ണവക്ഷസനത്തുതാശ്വത്ഥപത്രസമൊദര
ൻ- സൎപ്പഭൊഗസമാനകരാംബുജൻ കെല്പൊടെദ്രുമചീരാവിഭൂ
ഷിതൻ - കരിരാജകരൊരുസ്സുജംഘവാൻ ചാരുപാദപ്രപദാം
ഗുലിനഖൻ - ഘൊരബാണാസിചാപെഷുധീധരൻ മാ
രകൊടിമനൊജ്ഞകളെബരൻ- നല്ലവെണ്ടുന്നലക്ഷണമാക
വെ വല്ലഭൻതന്നിലുണ്ടുതെശൊഭനെ - മാനവെന്ദ്രനാം
ശ്രീരാമചന്ദ്രന അനുരൂപനാംസൌമിത്രിസൊദരൻ - സൊ
ദരനൊടുംകൂടെരഘൂത്തമൻ സാദരംഭവതിയെവനംതന്നിൽ -
ഉൾക്കാമ്പിലെററംശൊകത്തൊടുംകൂടെ നൊക്കിനൊക്കിനടക്കു
ന്നനെരത്ത - ഉഗ്രനാകുന്നബാലിയെപ്പെടിച്ചു വ്യഗ്രനായി
ശ്യമൂകെവസിക്കുന്ന - സുഗ്രീവൻകണ്ടുഭീതനായെററവും ഭ
ദ്രരൂപനാംശ്രീരാമചന്ദ്രനെ - എന്നെത്തന്നെപറഞ്ഞയച്ചുതദാ
മന്നവാന്തികെസുഗ്രീവനുംഭയാൽ - ചെന്നുഞാൻരാമചന്ദ്ര
നെവന്ദിച്ചു മന്നവൻതന്നെസുഗ്രീവസന്നിധൌ - കൂട്ടിക്കൊ
ണ്ടുപൊയ്സഖ്യവുംചെയ്യിച്ചു ഹൃഷ്ടനായ്രാമൻകൊന്നിതുബാലി
യെ - ഉഗ്രവിക്രമനാകുംരഘൂത്തമൻ സുഗ്രീവനുകപിരാജ്യവും
നൽകി - രാമസുഗ്രീവന്മാൎക്കെവംസഖ്യവും കൊമളാംഗിഭവിച്ചു
വനാന്തരെ - കപിരാജനിയൊഗാൽഭവതിയെ കപിവീരരും
നൊക്കിനടക്കുന്നു- സുഗ്രീവൻതന്റെകല്പനയാലഹം വ്യഗ്രംകൂ
ടാതെവാരിധിചാടീട്ടു - ലംകതന്നിൽകടന്നുഞാൻനൊക്കീട്ടു പം
കജാക്ഷിതെസന്നിധിയിൽവന്നു - കെസരിപത്നിയിലഹംശൊ
ഭനെ വാസവെശാഹിവിശ്ഗുരുവാകും - മാരുതന്റെപുത്ര
നായുണ്ടായി പെരുമെന്റെഹനൂമാനെന്നാകുന്നു - വീരവീര
നാംരാമന്റെദൂതൻഞാൻ അരുളീടണമെന്നൊട്ടുവൈദെഹി-
.രൻ,രൊത്തമൻഭാഷിതംകെട്ടപ്പൊൾജാനകിദെവിതാനമളനെ

രം — ഓരൊരൊരടയാളങ്ങൾകൊണ്ടുള്ളിൽ മാരുതിദൂതനെന്നു
നിനക്കുമ്പൊൾ — ഹരിപുംഗവൻ പിന്നെയും ചൊല്ലിനാൻ വാ
രിജാക്ഷിയാം മൈഥിലിയൊടപ്പൊൾ — വാനരനഹം ശ്രീരാമദൂത
ൻ ഞാൻ ഭാനുവംശമണിരാജവല്ലഭെ — രാമനാമാംകിതമായ
മൊതിരം കൊമളം ദെവികാണ്കവഴിപൊലെ — വിശ്വാസംവ
ന്നീടുവാൻ ഭവതിക്ക വിശ്വനായകൻ തന്നയച്ചുമുദാ — ഏവം
ചൊല്ലി കപിവരൻ മൊതിരം ദെവിക്കായിട്ടു നൽകി വിനീതനാ
യ് — മംഗലാംഗുലിഭൂഷണം കാന്തന്റെ മംഗലാംഗിയും കൈ
ക്കൊണ്ടു നൊക്കീട്ടു — വല്ലഭൻ വന്നതുപൊലെയന്നേരം മല്ല
ലൊചന സീതാ പ്രസാദിച്ചു — രാഹുനിർമ്മുക്തപൂർണ്ണശശിപൊ
ലെ മൊഹനാംഗിയുമെററം പ്രകാശിച്ചു — ജാനകി തന്റെനെത്ര
ങ്ങളിൽ നിന്ന ആനന്ദാശ്രുക്കൾ വീണുതുടങ്ങിതെ — ആശയംത
ന്നിൽ ഹൃഷ്ടയായ് സീതയും പ്രശംസിച്ചു കപിവരനെയപ്പൊൾ
വിക്രമൻ നീ സമൎത്ഥൻ നീ പ്രാജ്ഞൻ നീ സംഭ്രമമൊട്ടുമില്ലാതെയ
ത്ഭുതം — സകലക്രൂരരാക്ഷസസ്ഥാനത്തെ ഏകനായിന്നാലിന്നു
പ്രധൎഷിതം — അതിഘൊരമകരാകുലമായ ശതയൊജനവി
സ്തീൎണ്ണസാഗരം — കെല്പൊടെനീയും ചാടീട്ടുമാരുതെ ഗൊഷ്പദം
പൊലെയാക്കി മഹാവീരാ — പ്രാകൃതനായ വാനരനല്ലനീ വിക്ര
മാംബുധെ വാനരസത്തമാ — രാവണങ്കൽനിന്നുമെ ഭീതിയും
പവനാത്മജാ ഒട്ടുംതെല്ലില്ലല്ലൊ — ഞാനുമായി വിശെഷം പറയു
വാൻ വാനരെശാ തെ അൎഹതയുമുണ്ടു — വല്ലഭനെന്റെ സന്നി
ധിയിലെക്ക നല്ലടക്കനെതന്നെ അയച്ചിട്ടു — ലക്ഷ്യരാമൻ കുശ
ലിമെ വല്ലഭൻ ലക്ഷ്മണനും കുശലി വീരാ — കാന്തനെന്റെ
കുശലിയെന്നാകിലൊ എന്തുകാരണം ക്രുദ്ധനായ്ഭൂമിയെ — പ്രള
യാഗ്നിയെപ്പൊലെ പ്രവൃദ്ധനായ് ഊഴിയത്തെ വരുത്തൊത്തുമാരുതെ —
സുരന്മാരെയും നിഗ്രഹിച്ചീടുവാൻ ശ്രീരാമചന്ദ്രൻ ശക്തൻ കപി
വരാ — പിന്നെയെന്തെന്നെ കൊണ്ടുപൊവാത്തതു മന്നവാധി
ശൻ രാമൻ മെ വല്ലഭൻ — ഷൾഗുണാദിനൃപഗുണമാകവെ സ
ൽഗുണാംബുധി ചെയ്യുന്നതില്ലയൊ — അമ്മയാകുന്ന കൌസ
ല്യതന്റെയും ചെമ്മെ സൌമിത്രിമാതാവുതന്റെയും — കീൎത്തിമാ
നാം ഭരതന്റെയും വീരാ വൎത്തമാനങ്ങൾ കെൾക്കുന്നതുമുണ്ടൊ —
രാവണനെൻ തന്നെ കൊന്നെന്നെ വല്ലഭൻ പവനാത്മജാ കൊണ്ടു
പൊവില്ലയൊ — ഭരതൻ ചതുരംഗമാം സൈന്യത്തെ പടി
യൊടുപറഞ്ഞയച്ചീടുമൊ — വാനരന്മാരൊടൊന്നിച്ചു സുഗ്രീവൻ
വാനരെശൻ വരുമൊ വാൻ മൽകൃതെ — അത്യുജ്ജ്വലെന സൈ

മിത്രിവെഗത്തിൽ രാത്രിഞ്ചരസമൂഹത്തെകൊല്ലുമൊ - ദുഷ്ടനാകു
ന്നരാവണനെകൊന്ന ഹൃഷ്ടയായെന്നുകാണുംപതിയെത്താൻ-
വിക്രമാംബുധിയാകുന്നരാമന ധൎമ്മംവ്യാജെനരാജ്യംത്യജിക്കാ
നും - കാട്ടിലെക്കായിട്ടെന്നെഅയക്കാനു മൊട്ടുംശൊകവുംഭീതി
യുമില്ലല്ലൊ - വീൎയ്യശാലിതപൊവിധൻമെപതി ധൈൎയ്യത്തൊ
ടെവസിക്കുന്നതില്ലയൊ -താതമാതൃസഹൊദരരെക്കായിൽ പ്രീ
തിയെങ്കലുണ്ടെത്രയുംവീരനെ - പ്രിയന്റെവൃത്തംകെൾക്കുമ്പൊ
ളത്തെക്കും വായുനന്ദനാജീവിച്ചിരിക്കുവൻ - സീതാഖ്യവമതളി
യിരുന്നപ്പൊൾ വാതനന്ദനൻവന്ദിച്ചുചൊല്ലിനാൻ- ഇവിടെ
ദ്ദേവിവാണരുളുന്നതും ദൈവദൈവനറിയാഞ്ഞുകൊണ്ടല്ലൊ- കൊ
ണ്ടുപൊവാത്തുദെവിയെവെഗത്തിൽ കണ്ടിടാമിനിവെഗത്തിൽ
നാഥനെ - പെട്ടെന്നിക്കഥതൊൻചെന്നുണൎത്തിക്കും ഒട്ടുംതാമ
സംകൂടാതെയന്നെരം - രാമചന്ദ്രൻഹരിവീരരൊന്നിച്ചു ഭീമസാ
ഗരംസ്കംഭിപ്പിച്ചുടനെ - ലംകയിൽവന്നുരാക്ഷസന്മാരെ
യും പംകജാക്ഷൻദശകണ്ഠന്റെതന്നെയും - കൊന്നീടുംദെവിവീര
ശിഖാമണി എന്നതിനിന്നുവിഷ്ണമാശ്ചൎയ്യവും - വന്നുവെന്നാകി
ൽരാമൻശരംകൊണ്ടു കൊന്നീടുംമൃത്യുതന്നെയുംനിൎണ്ണയം - അം
ബൊതെത്രകാലാണഇനിവെഗം അംബുജാക്ഷനാംശ്രീരാമചന്ദ്ര
ന്റെ- ചന്ദ്രകൊമളകാന്തമുഖാംബുജം ഭദ്രെകാണുംഭവതിയുംനി
ൎണ്ണയം- അല്ലലൊടെഭവതിയെരാഘവൻ എല്ലാനെരവുംചിന്തിച്ചീട്ടു
ന്നതെ- ജാതനിദ്രനായങ്കിൽജഗല്പതിസീതയെന്നരുൾചെയ്തിട്ടുണൎ
ന്നീടും- അന്വൊടെനല്ലപുഷ്പഫലംകണ്ടാൽഅപ്പൊൾഹാപ്രിയെ
എന്നരുൾചെയ്തീടും- ഭവതിതന്നെക്കൊണ്ടുപൊവാനായി കെവ
ലംദൈവൻചെയ്യുന്നുയത്നവും- എന്നതുകെട്ടരുൾചെയ്തുസീതയുമിന്നു
നിന്നുടെഭാഷിതംമാരുതെ- അമൃതംവിഷയുക്തംപൊലെയാകുംഅ
മൃതാംശുസഹസ്രസമാനനൻ- അന്യമാനസനല്ലെന്നുംവല്ലഭൻ
മാന്യനശൊകമുണ്ടെന്നുംകെട്ടിട്ടു- രാക്ഷസന്മാരെയാകവെകൊ
ന്നിട്ടു രാക്ഷസാധിപൻതന്നെയുംകൊന്നിട്ടു- ലംകയെഉൾ
മ്മൂല യുമാക്കീട്ടു പംകജാക്ഷൻകദാകാണുമെന്നെയും- എന്നെ
ക്കൊണ്ടുപൊയ്ക്കൽകുകരാമന എന്നുചൊല്ലിട്ടുഭ്രാതാവിഭീഷണന്റെ-
രാവണനതുബൊധിച്ചീട്ടുന്നീല രാവണന്റെതന്നെനൊക്കീട്ടുന്നു
മുജ- നാമശീലവിഭീഷണപുത്രിയാം ശ്യാമളയെന്നൊടെവ
മുരചെയ്തു- അന്നുഞങ്ങളായരശ്മികളുള്ളൊരു വിക്രമിയാകുംരാമ
ദിവാകരൻ- ശത്രുക്കളായരാക്ഷസതൊയത്തെ എത്രയുംവെ
ഗംശൊഷിപ്പിക്കുംകാലെ- രാമചന്ദ്രനെചൊല്ലീട്ടുവിനയാസ്ഥാ

മകണ്ണീരൊടൊന്നിച്ചിരിക്കുമ്പൊൾ- വാനരെന്ദ്രനമഞ്ജലിയുമ
ചെയ്തു ജാനകിതന്നൊടെവമുണൎത്തിച്ചു- വെഗംവന്നീടുംവ
ല്ലഭൻതെദെവിസാഗരൊപമസെനയൊടുംകൂടി- ദുഷ്ടനെക്കു
ലചെയ്തുരഘൂത്തമൻ തുഷ്ടിനൽകുംഭവതിക്കുനിൎണ്ണയം- അ
ല്ലെങ്കിലഹമിപ്പൊൾകളഞ്ഞിടാം അല്ലൽതെദെവിഇല്ലൊരുസം
ശയം- മെരുപൊലെവിശാലമായുള്ളെന്റെ ചാരുശീലെപുറ
ത്തുകരെറുക- ചാടിതൊന്നിയിടെനിന്നുവെഗത്തി ലാടൽതെ
യൊട്ടുംകൂടാതെകൊണ്ടുപൊയ- രാമചന്ദ്രപുരൊഭാഗെവയ്ക്കുവ
ൻ താമരസനയനെഭവതിയെ- എന്നതുകെട്ടരുൾചെയ്തുസീ
തയും ഇന്നിതുതവവാനരബുദ്ധിയും- അല്പദെഹനായുള്ളനീ
യെങ്ങിനെ കെല്പൊടെയെന്നെക്കൊണ്ടുപൊകുന്നതും- ദെവി
തന്നുടെഭാഷിതംകെട്ടെവം പവനാത്മജനെവംവിചാരിച്ചു -
ഘൊരമായുള്ളഎന്നുടെരൂപത്തെ സാരസാക്ഷിയാംസീതയെ
ക്കാട്ടണം- എന്നുറച്ചുമഹാമെരുതുല്യനാ യ്നിന്നുതാമ്രമുഖനാം
കപിവരൻ- വജ്രതുല്യനഖദംഷ്ട്രവാനായി ഭദ്രശീലയൊടെ
വമുണൎത്തിച്ചു- രാമദാസരിൽമുമ്പനായുള്ളഞാൻ ഭൂമിയാക
വെതന്നെയെടുത്തിടാം- ലംകയുംരജനിചരരൊന്നിച്ചു പംകജം
പൊലെയിന്നുനയിച്ചീടാം- രണ്ടരനാഴികകൊണ്ടുദെവിയെ
കൊണ്ടുപൊയിഞാൻ കാട്ടുവൻനാഥനെ- ജാനകിദെവിയ
പ്പൊഴരുൾചെയ്തു വാനരെശതെശക്തിയുംബുദ്ധിയും- ന
ന്നായ്ത്താനമറിഞ്ഞുമനതാരിൽ മുന്നംതന്നെകപികുലശെഖരാ-
പങ്ക്തികണ്ഠനിരിക്കുന്നലംകയിൽ ശക്തിഹീനൻവരുന്നതുമെ
ങ്ങിനെ- രാമചന്ദ്രനിവിടെയെഴുന്നെള്ളി യാമിനീചരന്മാ
രെഹനിച്ചിട്ടു- ദെവതാപസകണ്ടകനായിട്ടും രാവണനെയും
കൊന്നുരണംതന്നിൽ- സാദരമെന്നെക്കൊണ്ടുപൊയീടണം
സദൃശമെന്നെയായുള്ളകാന്തന- ജാനകിയരുൾചെയ്തതുകെ
ട്ടിട്ടു വാനരെശൻതൊഴുതുരചെയ്തതെ- രാമപത്നിക്കുചിതമി
ദംവാക്യ മാമൊദംമെവരുതന്നുകെട്ടിദം- ദെവിതന്നുടെശൊക
ത്തെകാണ്കയാൽ കെവലംഭക്തികൊണ്ടുഞാൻചൊല്ലിനെൻ
അഭിജ്ഞാനംതരെണമടിയന അഭിജ്ഞനാഥനിന്നറിഞ്ഞീടു
വാൻ- എന്നതുകെട്ടരുൾചെയ്തുസീതയും മുന്നമുണ്ടായൊരുക
ഥചൊല്ലിനെൻ- ചിത്രകൂടത്തിൽഞങ്ങളിരിക്കുമ്പൊൾ ചി
ത്രമായൊരുവൃത്തവുമുണ്ടായി- കാന്തനെന്റെമടിയിൽതലവ
ച്ചു സന്തൊഷെണ ഉറങ്ങുന്നനെരത്ത- ഒരുകാകനത്തുനെരം
വന്നിട്ടു ക്രൂരനെന്നെയുപദ്രവിച്ചീടിനാൻ- കാന്തനെഞാനു

തോത്തിയതുനെരം കാന്തനെന്നെപ്പരിഹസിച്ചീടിനാൻ- ഖി
ന്നയായെന്നെക്കണ്ടപ്പൊൾവല്ലഭൻ പിന്നെസ്സാന്ത്വവുംചെ
യ്തുരഘൂത്തമൻ- മാനവെന്ദ്രാങ്കംതന്നിൽതലവച്ചു ഞാനും പി
ന്നെയുറങ്ങിഉണർന്നപ്പൊൾ- വീരനെന്നങ്കെവച്ചുതിരുമുടി പ
രിചിൽനിദ്രചെയ്യുന്നനെരത്ത- പുത്രവൈരിസുതനായ കാക
നംതത്രവന്നെന്റെസന്നിധിയിൽപിന്നെ- കൊത്തിക്കൊ
ത്തിക്കുചങ്ങൾമുറിച്ചുമെ രക്തവുമപ്പൊൾവീണുതുടങ്ങിതെ -
ചൊരവീണിട്ടുണർന്നുമഹാവീരൻ പാരംക്രുദ്ധനായെവമരു
ൾചെയ്തു- ആരുതെമുലഏവംപിളർന്നതും ആരുപഞ്ചമുഖമുള്ള
പാമ്പിനാൽ-കളിച്ചീടുന്നുഭീതിയുംകൂടാതെ കളവാണികരികരൊരു
പ്രിയെ- ശൂരനെവമരുൾചെയ്യുന്നൊക്കുമ്പൊൾ ചൊരകൊ
ക്കിലണിഞ്ഞുനെന്നൊക്കിട്ട- ഇരിക്കുന്നൊരുകാക്കയെനൊ
ക്കിട്ട പാരംകൊപിച്ചുവീരശിഖാമണി- വല്ലഭൻദർഭകയ്യിലെ
ടുത്തുടൻപുല്ലിൽബ്രഹ്മാസ്ത്രംയൊജിപ്പിച്ചീടിനാൻ-കല്പാഗ്നിപൊ
ലെയെററംജ്വലിച്ചുതെ തൽപക്ഷിനെരെയപ്പൊൾതദസ്ത്രവും-
അയച്ചുകാന്തനസ്ത്രവുംവെഗത്തിൽ വായസംപ്രതിചെന്നുത
ദസ്ത്രവും- കാകനുമപ്പൊൾത്രാണനത്തിന്നായിട്ടു ആകവെഗമി
ച്ചിടിനാൻലൊകങ്ങൾ- ആരുമെരക്ഷിക്കാഞ്ഞൊരുനെരത്ത പ
രിതാപെനവന്നിതുകാകനും- പാദാബ്ജംതന്നിൽവീണുമെകാന്ത
ന്റെ പാദെവീണതുകണ്ടിട്ടുകാകനെ- കൊല്ലുവാൻപിഴയുണ്ടെ
വനെങ്കിലും വല്ലഭൻകൃപയാപരിപാലിച്ചു- ഊഴിനായകൻ
ബ്രാഹ്മമാമസ്ത്രത്തെ പാഴിലാക്കാൻവഹിയായ്കകാരണാൽ
ഒരുകണ്ണുകളഞ്ഞിതുകാകന്റെ പാരംപ്രീതനായപ്പൊളവൻതാ
നും- രാമചന്ദ്രനെവന്ദിച്ചുവെഗത്തി ലാമൊദെനഗമിച്ചാ
നവൻഗൃഹം- എന്നെച്ചൊല്ലീട്ടുകാകന്റെനെരെയും മന്നവാ
ബ്രഹ്മമസ്ത്രമയച്ചല്ലൊ- എന്നെക്കൊണ്ടുപൊയുള്ളവനെയി
ന്നമന്നവാഎന്തുപെക്ഷിച്ചിരിക്കുന്നു- എന്നതുകൊണ്ടിതിൽത
വമാനസം മന്നവാധിപമെറലെയുണ്ടാകണം -
നാഥനായുള്ളവാനുള്ളൊരുഞാനിപ്പൊൾ നാഥഹീനയെപ്പൊലെ
മരുവുന്നു- ഞാനറിഞ്ഞിട്ടുണ്ടല്ലൊതെശക്തിയും മാനഗാംഭീര്യ
ശൌര്യാദികളെയും- എത്രയുംശക്തനായഭവാനിപ്പൊൾ അസ്ത്രം
രാക്ഷസരിലെന്തയയ്ക്കാഞ്ഞു- ഇനിക്കെററവുംദുഷ്കൃതമുണ്ടെന്ന
മനതാരിൽനിനക്കുന്നുസാംപ്രതം- ശ്യാമളാംഗനായുള്ളൊമളനാ
യുള്ള ഭീമവിക്രമൻരാമൻനൊക്കായ്കയാൽ- കരുണാമായവെ
ടെടാക്ഷിതം മാരുതികെട്ടുവന്ദിച്ചുണർത്തിച്ചു- സത്യമാണഭവതി

ടെശൊകെന സത്യവിക്രമൻദുഃഖിച്ചീടുന്നതെ- കഥഞ്ചിലിന്നു
കണ്ടുഭവതിയെ നാഥയൊട്ടുമെ ദുഃഖിക്കരുതെ- സുസ്ഥിതെരഘു
നായകൻസാനുജൻ ഭസ്മമാക്കുവൻലംകയെനിർണ്ണയം- ക്രൂര
നാകുന്നരാവണനെക്കൊന്ന പുരിതന്നിൽനയിക്കുംഭവതിയെ-
എന്നുണർത്തിക്കവെണംപ്രിയനൊട സന്തൊഷത്തൊടതി
നതംചെയ്യണം- രാമഭക്തരിൽമുമ്പനൊടന്നെരം രാമപത്നി
യതംചെയ്തുസാദരം- വിശ്വസാക്ഷിതനയാകപിവരാ വി
ശ്വനാഥനാംരാമൻറെപാദാബ്ജെ- സീതാതൊൻനമസ്കാരവും
ചെയ്തിട്ടു ചൊദിക്കുന്നുകുശലംനിരന്തരം- ഇങ്ങിനെചെന്നുണ
ർത്തിക്കമാരുതെ മംഗലാംഗനാമെൻറപ്രിയനൊട- ചാരുശീ
ലനാംലക്ഷ്മണൻതന്നൊടും പരിചൊടുകുശലത്തെചൊദിക്ക-
എന്നുടെക്രൂരനാകുംപ്രിയനൊട പിന്നെയുംപിന്നെയുമിദംചൊ
ല്ലുക- ഒരുമാസംധരിക്കുവൻജീവിതം വീരഎൻനാഥപിന്നെ
ക്കളഞ്ഞിടും- സത്യമിച്ചൊന്നതെന്നുധരിക്കെണം സത്യസ
ന്ധാദശരഥനന്ദനാ- രാവണനാലപഹൃതയാമെന്നെ ഖെദമെ
വെശൊകിക്കവെണ്ടാമെ- വിശ്വനായകിയെവമരുൾചെ
യ്തു വിശ്വമൊഹനമായചൂഡാമണി- നന്ദകകാന്തനെന്ന
രുൾചെയ്തിട്ടു നൽകിനാളുത്തുവായുസുതൻകയ്യിൽ- വാതനന്ദന
ൻചൂഡാമണിയെയും സീതാദെവിയെവന്ദിച്ചുമെടിച്ചു- ദെവി
തന്നെപ്രദക്ഷിണവുംചെയ്തു പവനാത്മജൻപിന്നെയുംവന്ദി
ച്ചു- സീതപാർശ്വത്തിൽനിന്നുഹനൂമാനും ജാതമൊദംവിനിതനാ
യെത്രയും- സീതാദർശനംകൊണ്ടുണ്ടായുള്ളൊരു ചെതസിയെ
റെംതൊഷന്മാരുതി- മനസ്സുകൊണ്ടുരാമനെപ്രാപിച്ചുമാനി
തശരീരെണനിന്നുതെ- മണിരത്നംകൊടുത്തിട്ടുസീതയും
പ്രാണനന്ദനനൊടരുൾചെയ്തുതെ- വീരാഇന്നടയാളംരഘുത്ത
മനറിഞ്ഞിടുംകപികുലശെഖരാ- ഇതുകാണുമ്പൊൾമുമ്പുവരെചി
ന്തിക്കും ചെതസിരഘുനായകൻമാരുതെ- എന്നെയുമെൻറമാ
താവുതന്നെയും മന്നവനാംദശരഥൻതന്നെയും- വീരാനിന്നു
ടെവാക്കിനാൽരാഘവൻ വിരവൊടെന്നെക്കൊണ്ടുപൊയിടണം-
പ്രാണപുത്രായിക്കെട്ടുങ്ങൾക്കാകവെ പ്രമാണംഭവാൻതന്നെ
യാകുന്നതെ- എങ്ങിനെയെൻറദുഃഖങ്ങൾപൊയിട്ടു മങ്ങി
നെഭവാൻചെയ്യാവൂയത്നവും- അങ്ങിനെതന്നെയെന്നുപ്രതി
ജ്ഞയും പിംഗാധിപസചിവവരൻചെയ്തു- സീതാദെവിയെ
വന്ദനവുംചെയ്തു വാതനന്ദനൻപൊവാൻതുടങ്ങുമ്പൊൾ- ബാ
ഷ്പത്തൊടെയരുൾചെയ്തുസീതയും കെള്പൊടെപവനാത്മജൻത

ന്നോട- ശ്രീരാമലക്ഷ്മണന്മാരോടു സുഗ്രീവനോടുംമന്ത്രി
വരരോടും- ഹരിവീരന്മാരോടുംകുശലത്തെ മാരുതാത്മജാചൊൽ
കെണംമൽകൃതെ- ഹനൂമാനപ്പോൾവന്ദിച്ചുണർത്തിച്ചു ജനനി
യൊടുംവൈദേഹിക്കരുളുതെ- ഏറക്കാലമിരെന്ദ്രമാംദേശത്തി ലിരി
ക്കിലാദേവതിയുംനിർണ്ണയം- ഉല്ലാസേനഞാൻരാമസമീപത്തി
ൽ ചെല്ലുവൊളത്തെകാലംക്ഷമിക്കണം- വാനരപ്പടയൊടുമൊ
രുമിച്ചു മാനവെന്ദ്രനനുജനമൊന്നിച്ചു- വെഗംവന്നിഹകൊന്നു
ദശാസ്യനെ സാദരംദെവിതന്നെനയിച്ചീടും- മിന്നീടുംമണിക്ക
ക്കൊണ്ടുമാരുതി പിന്നെവന്ദിച്ചുപൊവാൻതുടങ്ങുമ്പോൾ- അ
ശ്രുപൂർണ്ണമുഖിയായിമിനയാസ്സശ്രോണിഹനൂമാനൊടരുൾചെ
യ്തു- രാമലക്ഷ്മണസുഗ്രീവന്മാരൊട ഭീമവിക്രമാചൊതിക്ക
സൌഖ്യത്തെ- എന്നെദുഖാംബുധിയിൽനിന്നെങ്ങിനെ എന്നു
ടെകാന്തൻതാരണംചെയ്തീടും- നീയതിന്നുപ്രയത്നത്തെചെയ്യു
ണം വായുനന്ദനാബുദ്ധിമതാംവരാ- എന്നുടെയിക്കഠിനമാം
ദുഃഖവും എന്നെരാക്ഷസർഭത്സിച്ചീടുന്നതും- പറയെണംനീരാമ
നെപ്രാപിച്ചു വീരാതെമാഗ്ഗമസ്തുശിവമയി- ദെവിതന്നെപ്രദ
ക്ഷിണംവുംചെയ്തു പവനാത്മജൻവന്ദിച്ചുസാദരം- മംഗളകര
വാക്കുകളാലപ്പോൾ മംഗളാംഗിയാൽപൂജിതനായിട്ടു- മാരുതിയ
വിടെനിന്നമാറീട്ടുവീരവിരുന്നിവണ്ണം വിചാരിച്ചു- കല്പിച്ചെന്നെ
യയച്ചോരുകാര്യത്തെ കെല്പൊടെഞാനുംചെയ്തുവെന്നാകിലും-
ഇനിയുമെശസ്സുണ്ടാക്കുവാനായി ഞാനിവിടെചിലവസ്തുചെയ്യു
ണം- എന്നതുകൊണ്ടീദുഷ്ടൻറയുദ്യാനം നന്നായ്പുഷ്പിതമനോ
ഹരമായുള്ളൂ- ശുഷ്കമാംതൃണജാലത്തെതീപോലെ ഒക്കവെഗംന
ശിപ്പിക്കുമനഘം- ഏവംനിശ്ചയിച്ചുഗ്രപരാക്രമൻ ദെവൊദ്യാ
നസമാനമാമുദ്യാനെ- മാരുതിമാരുതൻപൊലെക്രുദ്ധനാ യുരു
വെഗത്താൽവൃക്ഷങ്ങളെയൊക്കെ- കളഞ്ഞീടുവാനാരംഭിച്ചീടിനാ
ൻ പ്രളയാഗ്നിയെപ്പൊലെഭയങ്കരൻ- അഞ്ജനാസുതൻവീര
ൻഹനൂമാനും ഭഞ്ജനംചെയ്തുകാന്തമാമുദ്യാനം- പൂത്തുനന്നായു
ളുത്തുഫലത്തൊടു മൊത്തുചാരുവായ്വിളങ്ങുന്ന- വൃക്ഷങ്ങളെ
തകർത്തുപൊടിച്ചപ്പോൾ പക്ഷികളുംപറന്നുഭയപ്പെട്ടു- ചാരുപു
ഷ്പങ്ങളുള്ളലതകളെ നൂറുനൂറായിരമായ്മുറിച്ചുതെ- ചിത്രമാകുംല
താഗൃഹമാകവെ ചിത്രമായുള്ളക്രീഡാഗൃഹങ്ങളും- ഒക്കതല്ലിത്ത
കർത്തുസഹസ്രധാ സൽകപികുലശെഖരൻമാരുതി- മുത്തുകൊ
ണ്ടുംപവിഴങ്ങളെക്കൊണ്ടും ചെത്തുകെട്ടിനവാപിസരസ്സുകൾ-
ഭീമവിക്രമനാകെപൊടിച്ചുതെ കൊമളമാംഗിരിയുംതകർത്തുതെ- ത

കന്റുള്ളൊരുക്രീഡഗിരികൊണ്ടും തകന്റുള്ളഭവനങ്ങളെക്കൊ
ണ്ടും തകന്റുള്ളൊരുവൃക്ഷങ്ങളെക്കൊണ്ടും- തകന്റുള്ളല
താജാലങ്ങൾകൊണ്ടും- വാടിവീണുള്ള പല്ലവങ്ങൾകൊണ്ടും
പൊടിഞ്ഞുള്ളൊരു രത്നങ്ങളെക്കൊണ്ടും- പൊട്ടിച്ചീടിനവാ
പികളെക്കൊണ്ടും നഷ്ടരൂപമായ്പാപന്റെയുദ്യാനം- പവ
നാത്മജൻ രാവണനെത്രയും ഏവമപ്രിയംചെയ്യിട്ടനന്ത
രം- വീരനെകാനാസ്ഥാത്രിഞ്ചരരൊട പൊരുചെയ്യുവാനിച്ഛിച്ചു
മാനസെ- മാരുതാത്മജൻസിംഹനാദത്തൊടെ തൊരണാതെ
ന്നിൽകെറിഇരുന്നതെ- പക്ഷികളുടെശബ്ദങ്ങളെക്കൊണ്ടും വൃ
ക്ഷങ്ങൾതകരുന്നശബ്ദംകൊണ്ടും-രാക്ഷസികളുണന്റുവശമായി
ത്രക്ഷകൻനാലുദിക്കിലുംനൊക്കുമ്പൊൾ - വനമാകെത്തക
ന്റുകിടപ്പതും വാനരൊത്തമൻതന്നെയുംകണ്ടതെ- അവനെ
ക്കണ്ടനെരത്തുമാരുതി വീരൻരൂപത്തെയെററംവലുതാക്കി -
മാരുതിതന്റെരൂപത്തെക്കണ്ടിട്ട ഘൊരകളെററംഭീതിയൊടെയു
ള്ളിൽ- ദെവിതന്നുടെസന്നിധിയിൽചെന്ന ഈവണ്ണമവർ
ചൊല്ലിത്തുടങ്ങിനാർ - ആരിവൻസീതെനിങ്ങൾതമ്മിലെ
ന്തു പരിചൊടെവിശെഷംപറഞ്ഞതും- ചൊല്ലുകഞങ്ങളൊടി
പ്പൊൾവെഗത്തിൽ മല്ലനെർമിഴിയാളെപരമാത്ഥം- എന്നതു
കെട്ടരുൾചെയ്തുസീതയും ഇന്നുനിങ്ങൾക്കുതന്നെയറിയാവു -
പാമ്പിന്റെപാദങ്ങളെവിചാരിച്ചാൽ പാമ്പുതന്നെയറിഞ്ഞി
ട്ടുനിണ്ണയം- മായികളാകുംനക്തഞ്ചരരുടെ മായഞാനുമറിയുന്ന
തെങ്ങിനെ- സീതാദെവിടെഭാഷിതംകെട്ടെവം യാതുധാനിക
ളെററംഭയപ്പെട്ട- ഓടിച്ചെന്നുദശാസ്യസമീപത്തിൽ പെടി
യൊടെപറഞ്ഞുതുടങ്ങിനാർ- കൊമളമാമശൊകവനികയിൽ ഭീ
മരൂപനായുള്ളൊരുവാനരൻ- സീതയൊടുവിശെഷങ്ങൾചൊ
ല്ലീട്ട ഭീതികൂടാതെനിൽക്കുന്നുരാജാവെ- അശൊകൊദ്യാനമൊ
ക്കതകത്തവൻ ശിംശപയൊന്നൊഴിച്ചുധരിച്ചാലും- രാക്ഷ
സിമാരിവണ്ണംപറഞ്ഞപ്പൊൾ രാക്ഷസാധിപൻരാവണൻ
കൊപിച്ചു- ദീപങ്ങളിൽനിന്നഗ്നിയൊടൊന്നിച്ച ആപതിച്ചീ
ടുംസ്നെഹവിന്ദുപൊലെ- കണ്ണുകളിൽനിന്നപ്പൊൾ ദശാസ്യ
ന്റെകണ്ണുനീരുകൾവീണുതുടങ്ങിതെ- ശങ്കരന്റെവരത്താല
വദ്ധ്യരാംകിംകരരെദശാനനനെരം- യുദ്ധംചെയ്യുവാൻ
വായുസുതനൊട ക്രുദ്ധനായിപ്പറഞ്ഞയച്ചീടിനാൻ- എഴുപ
തുകൊടിഎഴുപതിനായിരം അംബൊടെകിംകരന്മാരതുനെരം- നാ
നാശസ്ത്രങ്ങൾകൈക്കൊണ്ടുവെഗത്തിൽ മാനശാലികൾസിം

ഹനാദത്തോടെ- തൊരണാന്തികെചെന്നൊരുനെരത്ത മെ
രുപൊലെകപീശനെയുംകണ്ടു- ശംകഹീനൻകപികുലശെഖ
രൻ ലംകയാകെമുഴങ്ങുമാറന്നെരം- കൊട്ടിക്കയുംകഠൊരപരാ
ക്രമൻ ഹൃഷ്ടനായിട്ടിവണ്ണമരുൾചെയ്തു- രാമചന്ദ്രൻജയി
ക്കാമഹാബലൻ സൌമിത്രിയുംജയിക്കാഗ്ഗുരുഹിതൻ- ഉഗ്ര
വിക്രമരാമകടാക്ഷത്താൽ സുഗ്രീവനുംജയിക്കാകപീശ്വരൻ -
കൊസലാധിപതിയായരാമന്റെ ദാസനാമഹംശത്രുഭയങ്കര
ൻ- മാരുതൻതന്റെപുത്രനായീടുന്നു പെരുമെന്റഹനൂമാ
നെന്നാകുന്നു- പത്തുനൂറായിരംകൊടിരാവണൻ ഒത്തുയുദ്ധ
ത്തിന്നായിട്ടുവന്നാലും- തുല്യമല്ലെന്റശക്തിക്കുമൂഢരെ തല്ലീ
ട്ടുകഗദകൊണ്ടുനിങ്ങളും- ലംകയെയിന്നുബാഹുബലത്തിനാൽ
സങ്കടത്തോടെചെത്തുഞാൻക്രൂരരെ- മംഗലാംഗിയാംസീതയെ
വന്ദിച്ചു നിങ്ങൾനൊക്കിഇരിക്കവെപൊകുവൻ- വാതനന്ദനാ
ദീനാദംകെട്ടു യാതുധാനന്മാർപെടിച്ചുനിങ്ങിതെ- രാവണാ
ജ്ഞയാൽശംകയുംകൂടാതെ പവനാത്മജൻതന്നുടെദെഹത്തിൽ-
ശസ്ത്രവർഷങ്ങൾചെയ്തുതുടങ്ങിനാർ രാത്രിഞ്ചരന്മാരെത്രയുംക്രു
ദ്ധരായ്- അപ്പൊൾവാലുമടിച്ചുധരണിയിൽ കെല്പൊടെസിം
ഹനാദവുംചെയ്തിട്ടു- തൊരണത്തിലിരിക്കുംപരിഘത്തെ മാരു
താത്മജൻകൈക്കൊണ്ടുവെഗത്തിൽ- ചാടിരാത്രിഞ്ചരസൈന്യ
മദ്ധ്യത്തിൽ പെടികൂടാതെതല്ലിത്തുടങ്ങിനാൻ- പരിഘംകൊ
ണ്ടുപ്രാണതനയനും ക്രൂരരെവെഗംകൊന്നുതുടങ്ങിനാൻ- ക്ഷ
ണദാചരസൈന്യത്തെയാകവെ ക്ഷണത്താലെവധിച്ചുകപീ
ശ്വരൻ- എഴുപതുകൊടിഎഴുപതിനായിരം കിങ്കരരെവധിച്ചി
ട്ടുമാരുതി- തൊരണംതന്നിൽകെറിയിരുന്നിട്ടു മാരുതാത്മജനെ
വംവിചാരിച്ചു- അത്യുന്നതമായ്ശൊഭിച്ചുനിൽക്കുന്ന ചൈത്യ
പ്രാസാദമിന്നുകളഞ്ഞീല- ഇന്നിവെഗംനശിപ്പിക്കയുംവെണം
അനിലാത്മജൻനിശ്ചയിച്ചിങ്ങിനെ- ചൈത്യപ്രാസാദെചാ
ടിവീണുവീരൻ ചൈത്യപാലരുംക്രുദ്ധരായന്നപ്പൊൾ- ഒരു
തൂണുപിടിച്ചുമഹാബലൻ മാരുതിയതിവെഗംതിരിക്കുമ്പൊൾ
അവിടെനിന്നു വഹ്നിയുമുണ്ടായി ദെവനൊത്തമമാശുദഹിച്ചുതെ-
ത്തൂണുതന്നെയെടുത്തുകരംതന്നിൽ പ്രാണനന്ദനൻചൈത്യ
പാലന്മാരെ- തല്ലിക്കൊന്നുധരണിയിലിട്ടിട്ടു ഉല്ലാസത്തൊടെ
ഏവമരുൾചെയ്തു- എന്നെപ്പൊലുള്ളവാനരവീരന്മാർ മന്നവ
നാകുംസുഗ്രീവസന്ദെശാൽ- നടന്നീടുന്നുഭൂമിയിലാകവെകൂട
യൊധികുലാധമകീടരെ- പത്തുകുഞ്ജരശക്തിയുള്ളൊർകളും പ

ത്തുറ്റൊന്നശക്തിയുള്ളോർകളും- അപ്രമെയമായ്ശക്തിയുള്ളോർ
കളും തത്രവാഴുന്നസുഗ്രീവസന്നിധൌ- അങ്ങിനെയുള്ളവ
രൊടുമൊന്നിച്ച നിങ്ങളെക്കൊല്ലുവാൻവരുംരാഘവൻ- ഭെദി
ച്ചിട്ടുലലംകയുംനിങ്ങളും രാവണനുംഭെദിക്കിലന്നിണ്ണയം- ലൊ
കനാഥനാംശ്രീരാമനൊടെല്ലൊ സാകംവൈരത്തെഉണ്ടാക്കിവ
ച്ചതും- ഏവംവായുതനയനരുളംചെയ്തു സാവധാനമായ്പ്രാപി
ച്ചുതൊരണം- പ്രഹസ്താത്മജൻരാവണസന്ദെശാൽ മഹാമം
ഷ്ടൻധനുദ്ധരനായിട്ടു- ഖരയുക്തമാംതെരിൽക്കരെറീട്ടു ചാരു
കുണ്ഡലമാലയണിഞ്ഞിട്ടു- അംബുദംപൊലെയുള്ളനിറവുമായ്ജം
ബുമാലിയുംവാനരവീരനെ- നില്ലുനില്ലെന്നുചൊല്ലിട്ടു വെഗ
ത്തിലുല്ലാസത്തൊടെവന്നൊരുനെരത്ത- പ്രഹസ്താത്മജനെ
ക്കണ്ടുമാരുതി പ്രഹൃഷ്ടത്തൊടെസിംഹനാദംചെയ്തു- തൊര
ണത്തിലിരിക്കുന്നവീരന്റെ നെരെയസ്ത്രങ്ങളംരാക്ഷസൻവ
ഷിച്ചു- അസ്ത്രവഷത്തെചെയ്യുന്നതുകണ്ടുവിക്രമാംബുധിയാകും
ഹനുമാനും-വലുതായശിലയെഎടുത്തുടൻബാലശാലിയവനെയെ
റിഞ്ഞപ്പൊൾ-അഞ്ചുബാണങ്ങൾകൊണ്ടുനിശാചരൻ ചഞ്ചല
മെന്നിയെമുറിച്ചാൻശിലാ-ശിലയപ്പൊൾമുറിഞ്ഞതുകണ്ടിട്ടുസാല
മാശുപറിച്ചുകപിവരൻ- ചുറ്റുന്നെരമസ്സാലത്തെയുമവൻ തെ
റ്റന്നുമുറിച്ചീടിനാൻബാണത്താൽ- അപ്പൊളെത്രയുംക്രുദ്ധനാ
യ്മാരുതികെല്പൊടെയാപ്പരിഘമെടുത്തുടൻ- അതിവെഗനച്ചു
റ്റിമഹാബലൻ യാതുധാനന്റെമാറത്തെറിഞ്ഞതെ- ക്രൂര
ന്റെതലയുമപ്പൊളസ്ഥിയുമുരുബാഹുരഥാശ്വവുമസ്ത്രവും- ത
ത്രയെങ്ങുമെകാണാതെയായിതെ ചിത്രംവീണുനിശാചരൻചൂ
ണ്ണമായ്- അംബുധിസമഗംഭീരനാകിയ ജംബുമാലിയെക്കൊ
ന്നതുകെട്ടിട്ടും- ഏഴുപതുകൊടികിംകരന്മാരെയും കമ്പംകൂടാതെ
കൊന്നതുകെട്ടിട്ടും- യുദ്ധംചെയ്യുവാൻമന്ത്രിതനയരെ ക്രുദ്ധനാ
യ്ദശകണ്ഠനയച്ചുതെ- ഏഴുമന്ത്രിതനയരതുനെരം വഴിപൊ
ലെയലംകൃതന്മാരായി- ശരചാപെഷുധീധരന്മാരായി തെരിൽ
ക്കെറീട്ടുയാത്രപുറപ്പെട്ടു- അപ്പൊൾകിംകരന്മാരെവധിച്ചതുംഅ
ന്പൊടെകെട്ടവരുടെയമ്മമാർ- എന്തുവാൻവരുമെന്നുവിചാരി
ച്ചു സന്താപത്തൊടെവാണിതുദുഷ്ടകൾ- യാതുധാനാധിപാ
മാത്യപുത്രരുംചതുരംഗബലത്തൊടൊരുമിച്ചു- തൊരണത്തിലി
രിക്കുംകഠൊരനാംഹരിരാജസചിവനെപ്രാപിച്ചു- ശരവഷ
ത്തെചെയ്യാരവരപ്പൊൾ മാരുതാത്മജൻതന്നുടെദെഹത്തിൽ-
യാതുധാനന്മാരസ്ത്രങ്ങളെയ്യുമ്പൊൾ വാതനന്ദനൻസിംഹനാ

മംചെയ്തു- ഹരിപുംഗവൻസൈന്യത്തിൽ പാടിട്ട ഘോരമെ
വംവധിച്ചുതുടങ്ങിതെ- ചിലരെക്കയ്യുകൊണ്ടുവധിച്ചിതെ ചില
രെക്കാലുകൊണ്ടുവധിച്ചിതെ- ചിലരെതലകൊണ്ടുവധിച്ചിതെ
ചിലരെമാറുകൊണ്ടുവധിച്ചിതെ- ചിലരെനഖംകൊണ്ടുവധി
ച്ചിതെ ചിലരെനാദംകൊണ്ടുവാകൊന്നിതെ- ആനതേർകുതി
രകാലാളെന്നിവ ഭിന്നമാംവണ്ണംശബ്ദിച്ചു ചത്തിതെ- ക്ഷോണി
യിൽരഥച്ഛത്രങ്ങൾവീണിതെ ശോണിതവുമൊഴുകിത്തുടങ്ങിതെ
യാതുധാനന്മാരിൽചിലരന്നേരം ഭീതിയോടാശ്രുമങ്ങിത്തുടങ്ങി
തെ ലങ്കതന്നിൽവികൃതമാംശബ്ദവുംസങ്കടത്തോടെകേട്ടുതുടങ്ങിതെ-
ഏവംരാക്ഷസസൈന്യത്തെക്കൊന്നിട്ടു പവനാത്മജൻതോര
ണെവാണിതെ- മന്ത്രിപുത്രരെസൈന്യത്തോടൊന്നിച്ചു മന്ത്ര
ശാലിഹനുമാൻവധിച്ചതും- കേട്ടനേരംവിചാരത്തോടെയുള്ളി
ൽ ദുഷ്ടൻവാണുകുറെനേരംമൌനമായ്- ക്രൂരനാംദശകണ്ഠ
നനന്തരം വിരൂപാക്ഷാദികളോടുചൊല്ലിനാൻ- ദേവദാന
വമാനുഷന്മാരെഞാൻ ഭവാന്മാരൊടുകൂടെയല്ലോപുരാ- പോ
രിലാകെജയിച്ചുവെന്നാകിലും പറഞ്ഞിടേണമെല്ലോഞാൻപ
ഥ്യത്തെ- അല്പനല്ലയീവാനരനോട്ടമെകെല്ലൊടെനിങ്ങളെന്നു
ധരിച്ചാലും- അത്രവന്നേവംചെയ്തതുമൊക്കെപ്പോൾ ഏത്രയും
മഹൽഭൂതമഹോകപി- ബലശാലികളുണ്ടുകപികളിൽ ബാലിസു
ഗ്രീവൻനീലനെന്നിങ്ങിനെ- അവർക്കൊക്കെയെചിന്തിച്ചുകാണെ
പ്പോളെവംശക്തിയുമില്ലെന്നുനിർണ്ണയം- എന്നതുകൊണ്ടുന
ന്നായിസൂക്ഷിച്ചുചെന്നുയുദ്ധത്തെചെയ്കകപിയോട- ഏവമ
രവണസന്ദേശംകേട്ടപ്പോൾ ദേവസജ്ജനകണ്ടകരായുള്ള -
പഞ്ചസേനഭടന്മാരുംവേഗത്തിൽ അഞ്ചാതെതേരിലേറീട്ടുപോ
യിനാർ- പഞ്ചഘോരങ്ങളാകുന്നപാപങ്ങൾ അഞ്ചുരൂപമായല്ലോ
കുന്നതുപോലെ- ആനതേരശ്വകാലാൾപ്പടയോടും മാനശാ
ലികൾസേനാഗ്രയായികൾ- വാനരേന്ദ്രനെയുംകണ്ടുതോര
ണെ ഭാനുമണ്ഡലംപോലെപ്രകാശിച്ചു- യുദ്ധകൌശലംന
ന്നെയറിഞ്ഞവർ യുദ്ധംചെയ്യുവാൻവായുസുതനോടെ- ബല
ശാലിയാംവാനരവീരന്റെ നാലുഭാഗവുംനിന്നിട്ടുസൈന്യത്തെ
വിരൂപാക്ഷാദികളാംഭടന്മാരുംക്രൂരരാകുന്നരാത്രിഞ്ചരന്മാരും- ഘോ
രമാംവണ്ണംശസ്ത്രാസ്ത്രവൃഷ്ടിത്തെവീരമൌലിയിടനേരെതുടങ്ങിനാർ-
മാരുതാത്മജൻവീരനതുനേരം ഘോരഘോരമായ്സിംഹനാദംചെ
യ്തു- കൂടലർകാലനായകപിവരൻ ധീരനാകാശമാർഗ്ഗത്തിൽവേ
ഗേനാ- അസ്ത്രശസ്ത്രങ്ങളൊന്നുമെകൊള്ളാതെ ചിത്രമാകാശ

മാൎഗ്ഗ്ഗചരിച്ചുതെ- ദുൎദ്ധരനതുനെരംകപീന്ദ്രനെ ക്രുദ്ധനായെ
റ്റമസ്ത്രങ്ങൾവൎഷിച്ചു- അപ്പൊൾകൊപിച്ചുവാനരപുംഗവൻ
കെല്പൊടെയവൻതന്നുടെസ്യന്ദനെ- ചാടിവീണുജഗൽപ്രാണ
നന്ദനൻ പൊടിയായിയവനുംരഥത്തൊടെ- വിരൂപാക്ഷനും
യൂപാക്ഷനുമപ്പൊൾ ഘൊരമായമുസലങ്ങൾകൈക്കൊണ്ടു -
ചാലവെചെന്നടിച്ചുകപീശനെ സാലംകൊണ്ടുവരെത്തല്ലിമാരു
തി- അപ്പൊൾരണ്ടുരജനിചരന്മാരും മൃൾപിണ്ഡംപൊലെയാ
യിട്ടുവീണുതെ- കൊപിച്ചുപ്രഘസഭാസകൎണ്ണന്മാർ കപിവീര
ന്റെപാൎശ്വത്തിലന്നെരം- പട്ടസംകൊണ്ടുംതീക്ഷ്ണശൂലംകൊ
ണ്ടും വെട്ടികത്തിനനെരംകപിവരൻ- തരുജാലമൃഗഗണമു
ള്ളൊരു ഗിരിശൃംഗംപറിച്ചുമഹാബലൻ- അതുകൊണ്ടവരെക്കു
ലചെയ്യുതെ വാതനന്ദനൻവീരശിഖാമണി- ഗജങ്ങളെഗ
ജങ്ങളെക്കൊണ്ടെവം വാജികളെയുംവാജികൾകൊണ്ടെവം -തെ
രുകളെയുംതെരുകൾകൊണ്ടെവംവിരവൊടെകപികുലശെഖരൻ
കാലാളുകളെക്കാലാളുകൾകൊണ്ടും കാലമന്ദിരംചെൎത്തൊരുനെര
ത്ത- ചത്തുവീണമദയാനകൾകൊണ്ടും ചത്തുവീണുള്ളവാജി
കളെക്കൊണ്ടും- പത്തുനൂറായുകന്റരഥംകൊണ്ടും ചത്തുവീണു
ള്ളരാക്ഷസരെക്കൊണ്ടും- ധരണിരുദ്ധമാൎഗ്ഗയായ്പുന്നുതെ ചൊ
രയായപുഴയുമൊഴുകിതെ - കാഞ്ചനാദ്രിസമാനകളെബരൻ പ
ഞ്ചസെനഭടരെയുംസൈന്യവും- കുലചെയ്തിട്ടുവീരവീരാഗ്ര
ണി കാലനെപ്പൊലെവാണിതുതൊരണെ-പഞ്ചസെനാഭടന്മാ
രെമാരുതി പഞ്ചതപംവരുത്തിയതുകെട്ടിട്ടും- സെനയിൽതന്റെ
മൂന്നാലൊരുഭാഗം വാനരെന്ദ്രൻഹനിച്ചതറിഞ്ഞിട്ടും- ദുഷ്ടൻരാ
വണനക്ഷകുമാരനെ പെട്ടെന്നുനൊക്കിയുദ്ധൊന്മുഖനാകും- രാ
വണൻതാനുംനൊക്കിനനെരത്ത രാവണിദെവമാനവഭീഷ
ണൻ- അഞ്ചാതെനല്ലരത്നങ്ങൾവച്ചുള്ള കാഞ്ചനധ്വജംകൊ
ണ്ടുവിളങ്ങുന്ന- ശക്തിതൊമരമെന്നിവയാകവെ പങ്ക്തിയായി
ട്ടഥാക്രമംവച്ചുള്ള- എട്ടുസ്വൎണ്ണവിഭൂഷിതാശ്വങ്ങളെ കെട്ടിഎ
ത്രയുംവിസ്തീൎണ്ണമായുള്ള- തടവെങ്ങുംഗമിക്കുവാനില്ലാത്ത ഹാട
കമയമാകുംരഥംതന്നിൽ- ശൂരൻബാണാസിചാപധരനായി
കെറിയാത്രപുറപ്പെട്ടനെരത്ത- പത്തിഹസ്തിപതെരാളിസാദിക
ളൊത്തുമൊദംകുമാരന്റെസന്നിധൌ- നാലുഭാഗവുംവന്നുനി
റഞ്ഞുതെ ചാലവെയവരൊട്ടുമൊരുമിച്ചു- യാതുധാനാധിപതി
തനയനു മതിവെഗംരണാംകണെചെന്നപ്പൊൾ- പത്തുനൂറു
ദിവാകരബിംബങ്ങളൊത്തുനന്നായ്ജ്വലിക്കുന്നതുപൊലെ- വീര

മൌലിമണിയാംഹനൂമാനെ തൊരണംതന്നിൽവാഴുന്നതുകണ്ടു-
സംഹാരാഗ്നിസമാനകപീശനെ ബഹുമാനെനനൊക്കിനാന
ക്ഷനം- ശത്രുഭീഷണനാകുംകുമാരനെ വിക്രമാബ്ധികപീശ
നംനൊക്കിനാൻ- അവർതമ്മിലുണ്ടായസമാഗമം ദെവമാനവ
ന്മാൎക്കുംഭയാവഹം- കൊപിച്ചക്ഷനംമൂന്നുശരങ്ങളെ കപിവീ
രൻെറമൂൎദ്ധാവിലെയ്യുതെ- ശരമെററൊരുനെരംഹനൂമാനും പാ
രംഹൎഷനായ്യുദ്ധൊന്മുഖനായി- അക്ഷനെയുമവനുടെസൈ
ന്യവും രൂക്ഷമാംവണ്ണംനൊക്കികപീശ്വരൻ- അപ്പൊൾക്രൂര
നാമക്ഷകുമാരനും കെല്പൊടെശരവൎഷംതുടങ്ങിതെ- അപ്പൊൾ
മാരുതിസിംഹനാദംചെയ്തു കല്പകാലത്തെമെഘനാദംപൊലെ-
ബാലഭാവത്താലക്ഷനുംക്രുദ്ധനായ്ബലശാലീടെനെരെചെ
ന്നീടിനാൻ- ചാലവെപുല്ലുകൊണ്ടുമറഞ്ഞുള്ള വലുതായുള്ളകൂപ
ത്തിൻെറനെരെ- കെളിയാടിമദിച്ചുനടക്കുന്ന കളഭംഗമിച്ചീടുന്ന
തുപൊലെ- അവനസ്ത്രങ്ങൾവൎഷിച്ചീടുന്നെരം പവനാത്മജൻ
സിംഹനാദംചെയ്തു- ചാടിയാകാശെഘൊരസ്വരൂപനായ്ക്കൂടെ
യക്ഷനമംബരെചെന്നുതെ- ശരങ്ങളെക്കൊണ്ടാകാശമാകവെ
നിറച്ചീടിനാനക്ഷനത്ഭുതം - ഒരുബാണവുംകൊള്ളാതെമാരു
തി ചരിച്ചുവ്യൊമ്നിയെത്രയുമത്ഭുതം- അന്നെരമെവംചിന്തിച്ചു
മാരുതിഇന്നിവൻെറപരാക്രമമൊക്കുമ്പൊൾ- അമ്പൊടെദെവ
മാനവമാനസെ ഭംഗമുണ്ടാകുമില്ലൊരുസംശയം- രാവണൻ
തന്നൊടുതുല്യനാമിവൻ ദെവകണ്ടകനില്ലൊരുസംശയം- വിര
വൊടുവളരുന്നവഹ്നിയെ ഒരുനാളുമുപെക്ഷിക്കരുതെല്ലൊ- എ
ന്നതുകൊണ്ടിവനെയുംവെഗത്തിൽ കൊന്നീടെണമതിനില്ലസം
ശയം- ഏവംനിശ്ചയിച്ചുഗ്രപരാക്രമൻ രാവണീടെരഥകുതിര
കളെ- വായുനന്ദനൻബാഹുതലംകൊണ്ടു വായുമാൎഗ്ഗത്തിൽതല്ലി
ക്കൊന്നീടിനാൻ- തെരുംതെൎക്കുതിരകളുമന്നെരം പരിചൊടെ
പൊടിയായിവീണുതെ- അപ്പൊളക്ഷനമംബരെചാടീട്ടു കെ
ല്പൊടെവാളുംചൎമ്മവുംകൈക്കൊണ്ടു- ചരിച്ചീടിനനെരത്തുമാരു
തിമാരുതസമവിക്രമൻവെഗത്തിൽ- ക്രൂരനാമക്ഷൻതൻെറപ
ദങ്ങളെ കരംകൊണ്ടുമുറുക്കിപ്പിടിച്ചുതെ- വായുനന്ദനനക്ഷനെ
വെഗത്തിൽ ആയിരംചുററിതൊണിയിലിട്ടുതെ- കാലുംകയ്യുംത
ലയുമവൻതൻെറ ചാലവെകണ്ണുമസ്ഥികൾസന്ധികൾ- പൊ
ട്ടിച്ചൊരയണിഞ്ഞവൻചത്തിട്ടു പെട്ടെന്നുവന്നുവീണുധരണി
യിൽ- അക്ഷനെകുലചെയ്യൊരുനെരത്ത യക്ഷഗന്ധൎവ്വവിദ്യാ
ധരന്മാരും- ഇന്ദ്രനൊടുമൊരുമിച്ചുമരരും സാന്ദ്രമൊദംകലൎന്നു

മനതാരിൽ- വാതനന്ദനനാകും ഹനൂമാനെ സ്തുതിച്ചുപക്ഷവൃത്തി
യും ചെയ്യാതെ- രാവണന്റെമനതാരിലന്നേരം നവശോകഭ
യത്തെയുമുണ്ടാക്കി- ബലശാലിമണിപവനാത്മജൻ കാലനെ
പ്പോലെവാണിരുന്നൊക്കണെ- അക്ഷനെക്കപിവീരൻഹനിച്ച
തും രാക്ഷസാധിപൻകെട്ടേറ്റംകോപിച്ചു- രൌദ്രനാംദശക
ണ്ഠനനന്തരം ഇന്ദ്രജിത്തിനോടെവമുരചെയ്തു- വാരിജാസന
നെനിയ്യാരാധിച്ചു ഘോരമായുള്ളൊരസ്ത്രംലഭിച്ചല്ലൊ- അസ്ത്ര
വെത്താക്കളിൽമുഖ്യനാകുംനീ പുത്രായെന്നനുഗ്രപാധരിച്ചാലും -
വീരകിംകരരെയൊക്കെക്കൊന്നതെ ശൂരനാംജംബുമാലിയെയും
കൊന്നു- പഞ്ചതാംവരുത്തിമന്ത്രിപുത്രരെ പഞ്ചസേനാഭടന്മാ
രെയുംകൊന്നു- നിന്നുടെഇഷ്ടനാംസോദരനാകും നന്നായശൂര
നാമക്ഷനെയുംകൊന്നു - ഞാനതെൽക്കതിരകാലാളെന്നിവ വെ
നരൻബഹുകൊന്നുധരിച്ചാലും- വീരാതന്നുടെശക്തിയുംചിന്തി
ച്ചു പരൻതന്നുടെശക്തിയുംചിന്തിച്ചു- വിരവെടുനീപൊയിമ
ഹാരഥ പൊരുചെയ്കുകപിയൊടുസാംപ്രതം- താതൻതന്നുടെവാ
ക്കെവംകെട്ടിട്ടു താതൻതന്നെപ്രദക്ഷിണവുംചെയ്തു- നാലുവ്യാ
ഘ്രങ്ങൾകെട്ടിനസ്യന്ദനെ കാലതുല്യൻകരെറിനാനിന്ദ്രജിൽ- ചെറു
ഞാണൊലികൊണ്ടുദിഗന്തരം പരിചൊടെമുഴക്കിപ്പുറപ്പെട്ടു -
ജ്യാശബ്ദമപ്പൊൾകെട്ടുകപിവര നാശയംതന്നിലെറ്റംപ്രസാദി
ച്ചു- യാതുധാനപ്പടയൊടുംരാവണി അതിവെഗെനതൊർ
ണെചെന്നപ്പൊൾ- കെല്പൊടെകണ്ടുവാനരവീരനെ കല്പാഗ്നി
പൊലെതൊരണമദ്ധ്യത്തിൽ- ഇന്ദ്രജിത്തിനെക്കണ്ടൊരനേര
ത്ത സാന്ദ്രമൊദംകപികുലശെഖരൻ- സിംഹനാദവുംഘോരമാ
യ്ച്ചെയ്തു സംഹാരകാലമെഘനാദംപൊലെ- സർവ്വജീവതനയ
നവനുമാ സ്സർവ്വഭൂതമനോഹരമാംവണ്ണം- യുദ്ധംചെയ്തുതുടങ്ങി
നാനന്നേരംയുദ്ധമെത്രയുംഘോരമായ്ക്കന്നതെ- അതിവെഗംശര
ങ്ങളെരാവണി വാതപുത്രന്റെമെൽവർഷിക്കുന്നു- ശരങ്ങ
ളുടെയന്തരെമാരുതി ഘോരരൂപനായ്ക്കൂസ്യംപരത്തിട്ടു- ക്രൂരൻത
ന്നുടെസന്നിധൌചെല്ലുവാൻ ഒരുബാണവുംകൊള്ളാതെദെഹ
ത്തിൽ- പക്ഷികളുടെസൂക്ഷ്മപക്ഷത്തിലും ലക്ഷ്യംനിഷ്ഫലമായി
വരാളള- ലക്ഷ്യനാശയവാനാംസുരാരിടെ ലക്ഷ്യമാകെവി
ഫലമായ്തെന്തെ- അസ്ത്രങ്ങളാകെനിഷ്ഫലമായ്ക്കണ്ടു രാത്രിഞ്ചര
നിവംവിചാരിച്ചു- അവദ്ധ്യൻകപിയില്ലൊരുസംശയം ഇ
വിടെയിപ്പൊൾഞാനെന്തുചെയ്യെണ്ടു- ദൈവമാനവദ്വിഷണനാ
യുള്ള രാവണിയെവംചിന്തിച്ചുവെഗത്തിൽ- ബ്രഹ്മതുല്യനാം

പ്രാണസുതൻപ്രതി ബ്രഹ്മാസ്ത്രത്തെപ്രയോഗിച്ചുകെട്ടുവാൻ- അപ്പോൾവായുതനയനുംചിന്തിച്ചുകെല്പൊടിന്നെന്നെവിഷ്ണുകടാക്ഷത്താൽ- കെട്ടുകയില്ലപാൎത്താലൊരസ്ത്രവുംശിഷ്ടമെന്തിതിനിപ്പോൾഞാൻചെയ്യെണ്ടു- നാലഞ്ചൊയിഞാൻബ്രഹ്മവരങ്ങളെ പാലവെയിപ്പോൾതട്ടിക്കളയുന്നു- ഘൊരമാകുന്ന ബ്രഹ്മമാമസ്ത്രത്തെ കുറെനെരമനുസരിച്ചീടുന്നെൻ- കെട്ടിയസ്ത്രത്താലെന്നുഞാൻഭാവിച്ചാൽ ദുഷ്ടനാകുന്നരാവണനെക്കാണാം- വിക്രമംബുദ്ധിയെവംവിചാരിച്ച അസ്ത്രത്തിൻറവശനായിരുന്നുതെ- ചെഷ്ടകൾവീരൻകാട്ടാതിരുന്നപ്പോൾ ദുഷ്ടന്മാരായിരാത്രിഞ്ചരന്മാരും- പെട്ടന്നുകപിവീരനെരാക്ഷസർ കെട്ടിനാർപാശജാലങ്ങൾകൊണ്ടപ്പൊ-ദുഷ്ടൻരാവണിയപ്പോൾ വിചാരിച്ചു കഷ്ടംരാക്ഷസർമന്ത്രമറിഞ്ഞീലാ- ഊറ്റമായുള്ളൊരസ്ത്രമഴിഞ്ഞുപൊം മറ്റൊന്നുകൊണ്ടുകെട്ടിയാൽനിൎണ്ണയം -ഏവംചിന്തിച്ചുദുഷ്ടനകതാരിൽ രാവണിയപ്പോൾഏറ്റംവിഷണ്ണനായ്- കെട്ടിരാത്രിഞ്ചരന്മാർകപീശനെ പെട്ടെന്നപ്പൊൾവലിച്ചുതുടങ്ങിതെ- രാവണിരാക്ഷസന്മാരൊരുമിച്ച പവനാത്മജനെക്കൊണ്ടുപൊകുമ്പൊൾ- മുഷ്ടികൾകൊണ്ടവരടിക്കുന്നെരം ശിഷ്ടമൌലിയിവണ്ണംവിചാരിച്ചു- പാശമാകെമുറിച്ചുഞാൻ വെഗത്തി ലാശമാധമരെയിപ്പോൾകൊന്നീടാം- രാമചന്ദ്രനുവെണ്ടീട്ടുഞാനിപ്പോൾ യാമിനീചരചെഷ്ടസഹിക്കുന്നെൻ- ഏവംനിശ്ചയിച്ചുഗ്രപരാക്രമൻ പവനാത്മജൻസ്വസ്ഥനായ്പ്പൊണ്ടതെ- രാവണിയുംകപിവരനെവെഗം രാവണൻതന്റെമുമ്പിൽനയിച്ചുതെ- കൊപത്താലതിരക്തനയനവാൻ കപിസത്തമൻവീരശിഖാമണി- പവനാത്മജനായഹനുമാനും ഏവംകണ്ടുദശാസ്യനെയന്നെരം- മുക്താജാലമണിഞ്ഞകിരീടങ്ങൾ പത്തുമൂൎദ്ധാവുതന്നിലണിഞ്ഞിട്ടു- തരികങ്കണകെയൂരമെന്നിവയിരുപത്തുഭുജത്തിലണിഞ്ഞിട്ടു- അഞ്ജനാചലംപൊലുള്ള ദെഹത്തിൽ മഞ്ജുവായുള്ളഹാരമണിഞ്ഞിട്ടു- രക്തചന്ദനംതെച്ചിട്ടുദെഹത്തിൽ രക്തവസ്ത്രവുംനന്നായിമിന്നീട്ടു - നീണ്ടചുണ്ടുകൾക്രൂരമാംദംഷ്ട്രങ്ങൾ കൊണ്ടുരൌദ്രമാംപത്തുമുഖവുമായ്- തുറിച്ചേറ്റംമിഴിച്ചതിരക്തമായ് ഘൊരമായുള്ളകണ്ണുകളുമായി- ഹാടകരത്നശൊഭിതമായുള്ള സ്ഫടികാസനംതന്നിലിരിക്കുന്നു- ചാമരങ്ങൾകരങ്ങളിൽകയ്ക്കൊണ്ടു കാമിനീകുലമൌലിമാർവീശുന്നു- ദുൎദ്ധരപ്രഹസ്താദികളൊന്നിച്ച ക്രുദ്ധനായ്ദശകണ്ഠനിരിക്കുന്നു- ഏവം രാവണൻവാഴുന്നതുകണ്ടു പാവനീധീരൻസ്വസ്ഥനായ്പ്പൊണെ

തെ- രാവണൻതാനും വായുതനയനെ കെവലം തെജൊരാശി
യായ്ക്കണ്ടിട്ട- ശങ്കയൊടും മനതാരിലന്നെരം ലങ്കനായകനെ
വം വിചാരിച്ചു- നന്ദികെശപരൻതന്നെയൊ വാനിവ നിന്ദുചൂ
ഡപ്രിയനായ ബാണനൊ- പിംഗാക്ഷനെപ്പുരൊഭാഗെകണ്ടിട്ട
ഇങ്ങിനെദുഷ്ടൻ ചിന്തിച്ചുകൊപിച്ചു- പ്രഹസ്തൻതന്നൊടെവ
മുരചെയ്തു പ്രഹസ്താനീയിവനൊടു ചൊദിക്ക- ആരിവനെന്തു
കാരണമുദ്യാനം പരിചൊടെ കളഞ്ഞീടുവാനിപ്പൊൾ- എന്നുടെ
പുരിതന്നിൽ വരുവാനു മിന്നു യുദ്ധം പരിചൊടു ചെയ്യാനും- ഹന്ത
രാക്ഷസികളെ തജ്ജ്ഞിക്കാനു മെന്തു കാരണമെന്നു നീ ചൊദിക്ക -
പ്രഹസ്തനപ്പൊൾ ചൊല്ലിത്തുടങ്ങിനാൻ സിംഹവിക്രമനാം ഹ
നുമാനൊട- ഇന്ദ്രവൈശ്രവണാജ്ഞയെക്കൊണ്ടൊ നീ വ്യഗ്രം
കൂടാതെ വന്നതിവിടയ്ക്ക- വരുണയമകല്പനയെക്കൊണ്ടൊ വരു
വാനിഹ കാരണം ചൊല്ലുക- വാനരൻ തന്റെ തെജസ്സുമല്ലതെ വാ
നരൻ രൂപം കൊണ്ടു നീ കെട്ടാലും- അവനെവം പറഞ്ഞൊരു നെര
ത്ത പവനാത്മജൻ വീരശിഖാമണി- ദശകണ്ഠനൊടെവമുര
ചെയ്തു ആശരാന്തകൻ ധീരധിരാഗ്രണി- ശക്രാദികൾ നിയൊ
ഗിക്കകാരണാ ലത്രവന്നവനല്ല ഞാൻ കെട്ടാലും- പ്ലവഗനഹം
ജാതിസ്വഭാവത്താ ലിവിടെ വന്നു എന്നു ധരിച്ചാലും- വീരനാം
രാക്ഷസെന്ദ്രനെ കാണുവാൻ ചാരുവാം വനമിന്നു കളഞ്ഞെൻ
ഞാൻ- രാക്ഷസരപ്പൊൾ കൊല്ലുവാൻ വന്നെന്നെ രക്ഷിപ്പാൻ
ദെഹം യുദ്ധവും ചെയ്തു ഞാൻ- അസ്ത്രപാശങ്ങൾ കൊണ്ടെന്നെ
കെട്ടുവാ നിത്രിലൊകത്തിലാരുമെയില്ലടൊ- കെട്ടുകൊള്ളുക പുത്ര
ന്റെ കർമ്മത്തി ലൊട്ടും കൌതുകം വയ്ക്കുണ്ടു മാനസെ- നിന്നെക്കാ
ണ്മാനായിട്ടു ഞാനെടാ യിന്നസ്ത്രത്തെയനുസരിച്ചീടിനെൻ -
കൊസലെന്ദ്രനാം ശ്രീരാമചന്ദ്രന്റെ ദാസൻ ഞാനെന്നറികനീ
രാവണാ- എന്നുടെ പത്ഥ്യമായുള്ള വാക്കിനെ യിന്നു രാത്രിഞ്ചരാ
ധിപ കെട്ടാലും- രാജകാര്യത്താലിന്നിഹ വന്നു ഞാൻ രജനീചര
പാലാ ധരിച്ചാലും- ആശരെശാ ഹരീശനാം ഭ്രാതാവും കുശലം ത
വ ചൊദിച്ചീടുന്നതെ- ഭ്രാതാവാകിന സുഗ്രീവ സന്ദെശം യാതു
ധാനെശാ കെൾക്കാ വഴിപൊലെ- ചാരുശീലൻ ദശരഥൻതന്നു
ടെ വീരമൌലിമണിയായ നന്ദനൻ- ശ്രീരാമചന്ദ്രൻ ഭാര്യയൊ
ടൊന്നിച്ചു വീരനാകുന്ന ഭ്രാതാവൊടും കൂടെ- ദണ്ഡകാരണ്യെ വാ
ഴുന്ന കാലത്ത പുണ്ഡരീകാക്ഷൻ സീതയെക്കാണാഞ്ഞു- കൊണ്ട
ൽ വെണിയെ നൊക്കി നടക്കുമ്പൊൾ കണ്ടു ഞങ്ങളും സഖ്യത്തെ
ചെയ്തുതെ- ഉഗ്രവിക്രമൻ ബാലിയെക്കൊന്നിട്ട സുഗ്രീവനെക

പിരാജ്യവുംനൽകി- ബാലിതന്റെപരാക്രമശക്തികൾ ചാല
വെറിയറിഞ്ഞിട്ടുമുണ്ടല്ലൊ- അങ്ങിനെയുള്ളബാലിയെവെഗ
ത്തിൽ മംഗലമൂൎത്തികൊന്നൊരുബാണത്താൽ- വാനരെശന്റെ
കല്പനയാൽഞങ്ങൾ ജാനകീതന്നെനൊക്കിനടക്കുന്നു-വാതനന്ദ
നൻഞാൻദെവികാരണാൽ ശതയൊജനസാഗരംചാടീട്ടു-ഇവി
ടെയാകെനൊക്കിനടക്കുമ്പൊൾ ദെവിയെക്കണ്ടുഞാൻനിന്റെ
മന്ദിരെ- പരദാരൊപരൊധത്തെചെയ്കയും പാരംപാപമെന്നൊ
ൎക്കാമദൊന്നനാ- യാതൊരുദെവിയെനീയുംമാനസെസീതയെന്നു
നിനയ്ക്കുന്നുസാദെവി-സൎവ്വലങ്കവിനാശനിയായുള്ളകെവലംകാ
ളരാത്രിയെന്നൊൎക്കെടാ- യാമിനീചരദെവിയെക്കൊണ്ടുപൊയ്യൂ
മപാദാബ്ജംവച്ചുനീവന്ദിച്ചാൽ- ദാരചൌൎയ്യത്തെനീയിന്നുചെ
യ്തതും വീരമൌലിയാംരാമൻക്ഷമിച്ചീടും- ഇന്നുഞാനൊരുത്ത
ൻമതിരാവണാ നിന്നെയുംനിന്റെസൈന്യവുംലംകയും- ആ
കവെവെഗംസംഹരിച്ചീടുവാൻ അകതാരിലിവണ്ണമുറയ്ക്കടാ- യ
ശസ്സുണ്ടാകുവാനെന്റെനാഥന ആശരാധമഞാനുംക്ഷമിക്കു
ന്നെൻ- സൎവ്വലൊകെശ്വരനായരാമന ഏവമപ്രിയംചെയ്തി
ട്ടുനീയിനി- എവിടെപ്പൊയിട്ടിന്നിതിൽമൊക്ഷത്തെ രാവണാ
നീലഭിക്കുന്നുദുൎമ്മതെ- ബ്രഹ്മശങ്കരദെവാധിരാജന്മാർ രാമച
ന്ദ്രനാൽവദ്ധ്യനെരക്ഷിപ്പാൻ- ശക്തരല്ലൊട്ടുമെന്നുധരിക്കടാ പ
ങ്ക്തികണ്ഠാവഴിപൊലെമാനസെ- രാമബാണമൊന്നെല്ലാലൊ
കത്തെയും അമരാസുരന്മാരെയുംകൊന്നിടും- അല്പസാരനാംനി
ന്നെഹനിക്കുവാൻ അല്പബദ്ധെന്തതിനെന്തുദുഷ്കടം- എന്നതു
കൊണ്ടുശങ്കവിക്കൊല്ല ചെന്നുരാമനെയാശ്രയിച്ചീടുനീ- ഏ
വംമാരുതിചൊന്നതുകെട്ടിട്ടു രാവണൻതാനുമെത്രയുംക്രുദ്ധനാ
യ്- പ്രാണപുത്രനെയപ്പൊൾവധിക്കുവാൻ നാണംകൂടാതെ
ചൊല്ലിനാൻരാവണൻ- ദുൎമ്മതിയെവംചൊന്നതുകെട്ടിട്ടു സ
ന്മതിയാംവിഭീഷണൻചൊല്ലിനാൻ- ദൂതന്മാരെക്കൊലചെയ്കയെ
ന്നതും യാതുധാനെശാഎങ്ങുമെഇല്ലല്ലൊ- എന്നതുകൊണ്ടിവ
നെഹനിക്കൊല്ല പിന്നെമറെറാരുദണ്ഡത്തെചെയ്യുക- ഏവം
സൊദരൻചൊന്നതുകെട്ടിട്ടു രാവണൻതാനുമിങ്ങിനെചൊല്ലി
നാൻ- വാനരന്മാൎക്കുവാലല്ലൊഭൂഷണം വാനരനാമിവന്ത
ന്റെവാലിന്മെൽ അനലനെകൊളുത്തുകവെഗത്തിൽ തെനമിന
നാണ്ടൊകട്ടെവാനരൻ- രാക്ഷസെശനിവണ്ണംപറഞ്ഞപ്പൊൾ
രാക്ഷസന്മാരുംവസ്ത്രങ്ങൾകൊണ്ടുപന്ന -ക്രൂരന്മാർവാലിൽചുററു
ന്നനെരത്ത മാരുതിദെഹമെററംവലുതാക്കി- ഞെരുങ്ങീട്ടവർവാ

ലുമ്മെൽചുററിട്ടു പരിചൊടുനനച്ചുകൊളുത്തിനാർ - പവനാത്മ ജൻവീരനതുനെരം അവരെവാലുകൊണ്ടുവധിച്ചുതെ- അപ്പൊ ൾരാക്ഷസർകെട്ടിനാർവീരനെ അപ്പൊൾമാരുതിയെവംവിചാ രിച്ചു- കെട്ടിനപാശമൊക്കെമുറിച്ചുഞാൻ പെട്ടന്നുദുഷ്ടരെക്കൊ ലചെയ്തീടാം- രാത്രിയാകയാൽമുമ്പെവഴിപൊലെ രാത്രിഞ്ചര ൻെറലങ്കയെക്കണ്ടില്ല- എല്ലാമിക്കിലുംകൊണ്ടുനടക്കുവാ നെ ല്ലൊദുഷ്ടന്മാരിപ്പൊളുരചെയ്തു-കാണെണമിനിലങ്കവഴിപൊലെ പ്രാണപുത്രൻനിനച്ചെവംവാണുതെ- കെട്ടിദുഷ്ടന്മാർവാനര വീരനെ പെട്ടന്നുകൊണ്ടുപൊയിത്തുടങ്ങിതെ- ഭെരികൾകൊട്ടി ശംഖുംമുഴക്കീട്ടു വീരനെദുഷ്ടർകൊണ്ടുനടക്കുമ്പൊൾ- രാക്ഷ സികളുംരാക്ഷസവൃദ്ധരും രാക്ഷസന്മാരുംരാക്ഷസബാലരും- വ ന്നുതത്രനിറഞ്ഞുകുതൂഹലാൽ ഭിന്നനീലാഞ്ജനാചലദെഹന്മാർ - യാമിനീചരനാരിമാരന്നെരം രാമപത്നിയൊടെവമുരചെയ്തു- ജാ നകീനീവിശെഷംപറഞ്ഞൊരു വാനരൻതന്റെവാലുമ്മൽതീവ ച്ചു- രാക്ഷസന്മാരുംകൊണ്ടുനടക്കുന്നു രാക്ഷസാധിപൻതന്റെ നിയൊഗത്താൽ- അപ്രിയമെവംകെട്ടപ്പൊൾദെവിയും ക്ഷിപ്ര മഗ്നിയെപ്രാൎത്ഥനംചെയ്തുതെ- ഇനിക്കുണ്ടെങ്കിൽഭൎത്തൃശുശ്രൂഷ യുമിന്നിക്കുണ്ടെങ്കിലെകപത്നിതാവും വാതനന്ദനൻതന്നുടെവാ ലുമ്മെൽ ശീതമായിഭവിക്കനീവെഗത്തിൽ- അപ്പൊളഗ്നിപ്രദ ക്ഷിണജ്വാലയാ യ്യൂല്ലൊടെകത്തിയെററംപ്രകാശിച്ചു- പവ നാത്മജൻതന്നുടെമംഗളം ദെവിയൊടുപറയുന്നതുപൊലെ- അ നലൻവാലിലെററംജ്വലിക്കുമ്പൊ ളനിലാത്മജനെവംവിചാരി ച്ചു- നന്നായ്ക്കത്തിജ്വലിക്കുന്നവഹ്നിയും ഹിമംപൊലെതണു ക്കുന്നുവാലുമ്മൽ- സീതാരാഘവകാരുണ്യത്തെക്കൊണ്ടും താത സഖ്യത്തെക്കൊണ്ടുംമഹിക്കാത്തു- രാക്ഷസന്മാർവലിച്ചാലടങ്ങാ തെ അക്ഷിണബലൻനിന്നുകുറെനെരം- ഘൊരഘൊരമായ്സിം ഹനാദംചെയ്തു മാരുതിവെഗംചാടിനാൻമെല്പൊട്ടു- പ്രാണന ന്ദനൻദെഹംവലുതാക്കി ക്ഷണത്താൽപിന്നെദെഹംചെറുതാ ക്കി- കെട്ടുമാകെയഴിഞ്ഞുപൊയന്നെരം പെട്ടന്നുവീരൻമെരുസ മാനമായ്- തൊരണത്തിലിരിക്കുംപരിഘത്തെ വീരൻപിന്നെ യുംകൈക്കൊണ്ടുവെഗത്തിൽ- രക്ഷിപ്പാനായികൂടെനടക്കുന്ന രാ ക്ഷസന്മാരെയാകവെകൊന്നുതെ- വാലുമ്മെൽവഹ്നിയൊടുംജ്വ ലിക്കുന്നബലശാലിവരൻപവനാത്മജൻ- കാലനന്നൽകിരാത്രി ഞ്ചരന്മാരെ ചാലവെവീരൻനൊക്കിനാൻലങ്കയെ- വിശ്വശാ ലിയായുള്ളഹനുമാനും കാൎയ്യശെഷത്തെചിന്തിച്ചുപിന്നെയും എ

ന്തിവിടെയിനിയുംഞാൻചെയ്യെണ്ടു സന്താപംരജനിചരൎക്കു
വാൻ- അതെപ്പൊടെവനമിന്നുകളഞ്ഞെൻഞാൻ വമ്പരാംരാക്ഷ
സന്മാരെയുംകൊന്നു- മൂന്നാലൊന്നുഞാൻസൈന്യത്തിൽ കൊ
ന്നുതെ ഇനിദുൎഗ്ഗംകളയണംദുഷ്ടന്റെ- എന്നുടെവാലുതന്നിലു
ള്ളഗ്നിക്കു മിന്നീടുന്നയീനല്ലഗ്രഹങ്ങളെ- ഇന്നുഞാനുംകൊടുത്തി
ട്ടുസാദരം നന്നായ്പ്രീതിവരുത്തുകയുംവെണം- ലാംഗ്ഗലംതന്നി
ലഗ്നിയൊടൊന്നിച്ചു പിംഗാധിപസചിവനനന്തരം- മിന്നലു
ള്ളവെളുത്തമെഘംപൊലെ മിന്നീടുംഭവനാഗ്രചരിച്ചുതെ- ഭവ
നങ്ങളൊന്നുമൊഴിയാതെ വനങ്ങളിലുമുദ്യാനങ്ങളിലും-പ്രാസാ
ദങ്ങളിലുമതിവെഗത്തിൽ ഭാസുരനായവീരൻഹനൂമാനും- നടന്നു
തിയ്യുംവച്ചുതുടങ്ങിനാൻ പൊടിയൊട്ടുമെകൂടാതെമാനസെ- പ്രഹ
സ്തന്റെഭവനത്തിൽചാടീട്ടുസിംഹവിക്രമനഗ്നിയുംവച്ചുതെ- മ
ഹാപാൎശ്വന്റെമന്ദിരെചാടിട്ടു മഹാവീരൻകൊളുത്തിനാൻവഹ്നി
യെ-വജ്രദംഷ്ട്രന്റെമന്ദിരെതീവച്ചുഇന്ദ്രജിത്തിന്റെഗെഹംദഹി
പ്പിച്ചു- ജംബുമാലിസുമാലിടെഗെഹങ്ങൾപിംഗാക്ഷനാംകപിശ
ൻദഹിപ്പിച്ചു-സൂൎയ്യശത്രുഭവനത്തെയുംവീരൻ വീൎയ്യവാൻരശ്മി
കെതുഭവനവും-യുദ്ധൊന്മത്തന്റെയുംമത്തൻതന്റെയും ക്രുദ്ധ
നാംശൊണിതാക്ഷന്റെയുംവീരൻ- കുംഭന്റെയുംനികുംഭന്റെ
യുംവീരൻ കുംഭകൎണ്ണന്റെയുംഗ്രഹമാകവെ- ദഹിപ്പിച്ചുകപികു
ലശെഖരൻ ദഹിപ്പിച്ചുമകരാക്ഷഗെഹവും- പിന്നെയുംരാക്ഷ
സായുധപ്രവരുടെ മിന്നീടുന്നഭവനങ്ങളാകവെ- നന്നായ്തീവച്ചു
വീരൻദഹിപ്പിച്ചു ഒന്നൊഴിച്ചുവിഭീഷണമന്ദിരം- എല്ലാരാക്ഷ
സമന്ദിരെതീവച്ചു ഉല്ലാസെനകപികുലശെഖരൻ- അക്ഷീണ
ബലൻകാലാഗ്നിയെപ്പൊലെ രാക്ഷസെന്ദ്രഭവനത്തിൽചാടി
നാൻ- ഹീനകാന്തികളല്ലാതെയുള്ളൊരു നാനാരത്നങ്ങൾകൊണ്ടു
വിളങ്ങുന്ന- ഗ്രഹമുഖ്യത്തിൽരാവണന്തന്നുടെ സിംഹവിക്രമ
ൻമാരുതിതീവച്ചു- കെല്പൊടെസിംഹനാദവുംചെയ്തുതെ കല്പം
മെഘനിനാദംകണക്കിനെ- ക്ഷണംകൊണ്ടെപ്പൊൾലംകയിലാ
കവെ പ്രാണപുത്രനെക്കണ്ടുനിശാചരർ- വിശ്വസാക്ഷിതന
യൻമഹാബലൻ വിശ്വരൂപത്തെപ്രാപിച്ചതുപൊലെ- കാററു
മപ്പൊളുളവായിഘൊരമായ് ചുററുമാകെപ്പടൎന്നിതുവഹ്നിയും- കെ
ല്പൊടെപടൎന്നാകെപിടിച്ചപ്പൊൾ കല്പാഗ്നിപൊലെതീയുംജ്വ
ലിച്ചുതെ- കൊടിയാദിത്യൻമാരൊടുതുല്യനായ് കുടുതായുള്ളജ്വാ
ലകളൊന്നിച്ചു- ഇടിപൊലുള്ളഘൊരശബ്ദത്തൊടും കൂടെയപ്പൊ
ൾപ്രകാശിച്ചുപാവകൻ- തങ്ങൾതങ്ങടെമന്ദിരംരക്ഷിപ്പാൻ മ

ങ്ങിനമുഖരശൊഭയൊടുംകൂടി- യാതുധാനന്മാർമണ്ടുന്നശബ്ദവും
അതിഘൊരമായ്വന്നിതുലംകയിൽ- അപ്പൊഴുത്തുംഗങ്ങളാംവിമാന
ങ്ങൾ കെല്പൊടെദഹിച്ചാശുപതിക്കുന്നു- ഭവനങ്ങളിലുള്ളപദാ
ൎത്ഥങ്ങൾ കെവലംദഹിച്ചാകെനശിക്കുന്നു- ഓരൊന്നിൽചെന്നു
തീപിടിച്ചീടുമ്പൊൾഒരൊരൊവിധംശബ്ദങ്ങൾകെൾക്കുന്നു- മുത്തു
വൈഡൂൎയ്യവജ്രപവിഴങ്ങൾ കത്തിയാകെ ഉരുകിയൊഴുകുന്നു -
പത്തുമാറ്റുള്ളസ്വൎണ്ണങ്ങളുമപ്പൊൾ കത്തിസ്വൎണ്ണപ്പുഴപൊലൊ
ഴുകുന്നു- വെള്ളിയുമുരുകിയൊഴുകുന്നു വെള്ളംപൊലെവഴി
യിലുംലംകയിൽ- ഇന്നുവാനരവെഷമാണ്ടാവകൻ തന്നെവ
ന്നുനശിപ്പിക്കുന്നുലംക- സ്ത്രീകളെവംമുറയിട്ടുവെഗത്തിൽ പു
ത്രന്മാരെയെടുത്തുപതിക്കുന്നു- ചിലരിക്കിലതുനെരംസൌധത്തി
ൽ ചാലവെതീപിടിച്ചൊരുനെരത്ത- കെശങ്ങളുമഴിച്ചിട്ടുപെ
ണ്ണുങ്ങൾ ഉത്തുംഗസൌധത്തിൽനിന്നുപതിക്കുന്നു- നന്നായ്തീക
ത്തിലംകദഹിക്കുമ്പൊൾ ഖിന്നതപൂണ്ടുരാക്ഷസരന്യൊന്യം -
പുത്രിയെന്നുടെകാന്തഎന്മാതുല മിത്രന്മാരെഎൻതാതായെൻ
സൊദര- എങ്ങുപൊകെണ്ടുഎന്തുഞാൻചെയ്യെണ്ടു ഇങ്ങിനെ
യവർഘൊരംമുറയിട്ടു- ഗജവാജിമൃഗപക്ഷിദെഹവും രജനിചര
ദെഹവുമാകുന്ന- പരിചൊടാജ്യംകൊണ്ടുസമിദ്ധനായ ഘൊര
ഘൊരമായഗ്നിയുംജ്വലിക്കുന്നു- അഗ്നിയിൽതൃണജാലങ്ങളിട്ടെങ്കി
ലഗ്നിക്കുതൃപ്തിയില്ലെന്നതുപൊലെ- യാതുധാനരെക്കൊല്ലുന്നതി
നൊട്ടും വാതപുത്രനലംഭാവവുമില്ല- അതിമൊഹനമന്ദിരജാല
വും അതിമൊഹനസൌധസമൂഹവും- അതിചിത്രമാംചന്ദ്ര
ശാലകളു മതിചിത്രപദാൎത്ഥസമൂഹം- ചാരുവായുള്ളരത്നസമൂഹ
വും ചാരുവായുള്ളവസ്ത്രസമൂഹവും- ഗജവാജിരഥഗൃഹജാല
വും - ഗജവാജിരഥഗണജാലവും ചാരുവായുള്ളൊരുദ്യാനജാ
ലവും ചാരുവാകുംലതാഗൃഹജാലവും-ഘൊരമായുള്ളപ്രാകാരവൃന്ദ
വും ചാരുഘൊരമാംഗൊപുരജാലവും-ഒക്കെക്കത്തിജ്വലിച്ചാശുഭസ്മ
മായ്സൽക്കപിവരൻതന്നുടെശക്തിയാൽ- വിശ്വസാക്ഷിതനയ
ന്റെശക്തിയാൽ വിശ്വകൎമ്മകൃതമായലംകയും- സൎവ്വസമ്പത്തൊ
ടൊന്നിച്ചുവെഗത്തിൽ സൎവ്വവുംദഹിച്ചുഭസ്മമായിതെ-കപിനാഥ
ന്റെകൊപത്താൽലംകയും ശാപംകൊണ്ടുനശിച്ചതുപൊലെയ
യ- സങ്കടരവതൊടുമതുനെരം ലംകഘൊരനരകംപൊലെയുമാ
യ്- വിസ്മയമായലംകനഗരിയും ഭസ്മമായിക്കിടക്കുന്നതുംകണ്ട
പെടിസംഭ്രമശൊകങ്ങളൊടുള്ളിൽ കൂടബുദ്ധികൾമണ്ടുന്നതുംകണ്ട
വീരമൌലിമണിയാംഹനുമാനും ധീരൻവാലുമ്മെലഗ്നിയൊടെ

ന്നിച്ചു- നിന്നീടുന്നുപവനാഗ്രശൃംഗത്തിൽ നന്നായ്ശ്ശീരശ്രീയോ
ടുംപ്രകാശിച്ചു- ദെവകളെററമെല്ലാംപ്രസന്നരാ യ്പവനാത്മ
ജൻതന്നെസ്തുതിച്ചുതെ- വീരമൌലിഹനൂമാൻകപീശ്വരൻ പതി
ച്ചിൽലംകയാകെദഹിപ്പിച്ചു- ഭീമമാംവാലിൽകത്തുന്നവഹ്നി
യെ സമുദ്രംതന്നിൽമുക്കിക്കെടുത്തുതെ- ചാലവെയെല്ലാലൊകം
ദഹിക്കുന്ന കാലാഗ്നിതന്നെയെന്നുവിചാരിച്ചു- സൎവ്വജീവതന
യനെക്കണ്ടിട്ടു സൎവ്വജീവഗണങ്ങളുംപെടിച്ചു- അശൊകൊദ്യാ
നഭഞ്ജനംചെയ്തിട്ടുആശരവീരന്മാരെയുംകൊന്നിട്ടു രാവണൻത
ന്റെലംകയുംചുട്ടിട്ടു പവനാത്മജൻശൊഭിച്ചുനിന്നുതെ- മാരു
താത്മജനായയജമാനൻപരിചൊടെവംയാഗത്തെചെയ്തിട്ടു- സ
മുദ്രത്തിലവഭൃതവുംചെയ്തു രാമനായിട്ടുകൎമ്മത്തെയൎപ്പിച്ചു-ലംകയാ
കവെകത്തീട്ടുഭസ്മമാ യ്പംകജാക്ഷിയാംസീതാദഹിച്ചില്ല- ശിംശ
പവൃക്ഷവുംദഹിച്ചില്ലെല്ലൊ ആശയംതന്നിലെത്രയുംവിസ്മയം-
നീതിയുള്ളവർചെയ്യുന്നകൎമ്മങ്ങൾ അതിചിത്രമായ്വന്നെഭവിച്ചി
ട്ടു- ഇത്തരമൃഷിവാക്യങ്ങൾകെട്ടുള്ളിൽ സത്തമൻകപിവീരൻ
പ്രസാദിച്ചു- കൊമളാശൊകമൂലെവസിക്കുന്ന രാമപത്നീടെസ
ന്നിധിയിൽചെന്നു- ഹൃഷ്ടനായ്വിനയത്തൊടെമാരുതി സാഷ്ടാം
ഗംസീതാദെവിയെവന്ദിച്ചു- അഞ്ജലിബന്ധവുംചെയ്തുസാദര
മഞ്ജനാസുതൻനിന്നുവിനീതനായ്- ദെവിയപ്പൊളിവണ്ണമരു
ൾചെയ്തു പവനാത്മജൻതന്നൊടുസാദരം- വീരമൌലിശിഖാ
മണെമാരുതെ ധീരായെത്രയുംശക്തനെല്ലൊഭവാൻ- നീതന്നെ
മതിദുഷ്ടരെക്കൊല്ലുവാൻ വാതനന്ദനഘൊരപരാക്രമാ- ശക്താ
ലെന്നരാവണനെക്കൊന്ന ക്രൂരന്മാരെയുംകൊന്നുരഘൂത്തമൻ-
സാദരമെന്നെക്കൊണ്ടുപൊയീടണം സദൃശമെന്നെയായുള്ളവീ
രന- സീതായെവമരുൾചെയ്യുന്നെരത്തു വാതനന്ദനൻവന്ദി
ച്ചുചൊല്ലിനാൻ- ദെവിയൊട്ടുമെതാമസംകൂടാതെ ദെവദെവ
നിവിടെയെഴുന്നെള്ളി- പൌലസ്ത്യനെയുംനക്തഞ്ചരരെയും
ചാലവെയുദ്ധംതന്നിൽവധിച്ചിട്ടു- സാദരംഭവതിയെനയിച്ചിട്ടും
വെദവെദ്യനയൊദ്ധ്യനഗരിയിൽ- മംഗലാംഗിയാംദെവിയൊടു
ഒന്നര മിങ്ങിനെകപിവീരനണർത്തിച്ചു- ദെവിതന്നെപ്രദ
ക്ഷിണവുംചെയ്തു പവനാത്മജൻവന്ദിച്ചുസാദരം- സീതാദെ
വീടെകല്പനയുംവാങ്ങി വാതനന്ദനൻചാടിനാനാകാശെ- രാമ
ദൂതനെകാണ്മാനായിട്ടുആമൊദത്തൊടെഏററംകപീശ്വരൻ-
രിഷ്ടാചലംതന്നിൽകരെറീട്ടു വീരമൌലിപ്രകാശിച്ചുനിന്നു
വീരമൌലിഹനൂമാൻകപിവരൻ ഗിരിതന്നിൽകരെറിതെ

നെരത്ത- ഗിരിയാലിലപൊലെയിളകിതെ തരുജാലങ്ങളാകവെ വീണുതെ- ഗിരിവൃക്ഷങ്ങളിൽവാഴുംസത്വങ്ങളും പരിചൊടെ ഭയപ്പെട്ടുമണ്ടിതെ- ഉരുണ്ടുപൊങ്ങിനീണ്ടുവലുതായ തിരമാലകളുംകൊണ്ടുനിറഞ്ഞുള്ള- ഘൊരനക്രമകരാതികളാൽ പാരംഭീഷണമായിമരുവുന്ന- ശുക്തിശംഖസമാകുലവുമായി പത്തുദിക്കുംമുഴങ്ങികിടക്കുന്ന- പാരമില്ലാതെയുള്ളൊരുവാരിധി ഹരിപുംഗവൻകണ്ടുപ്രസാദിച്ചു- അത്തമൊദംകപികുലശെഖരൻ ഉത്തരതീരംപ്രാപിക്കുവാനായി- ഗിരിതന്നിൽനിന്നഞ്ജനാനന്ദനൻ മാരുതാത്മജൻചാടിനാൻവെഗത്തിൽ- ദശയൊജനവിസ്താരവുമായി ത്രിംശദ്യൊജനപൊക്കവുമായുള്ള- ഗിരിമാരുതി ചാടിനനെരത്ത ധരണിയൊടുതുല്യമായ്വന്നുതെ- മാരുതിതാനുമാകാശമാൎഗ്ഗത്തിൽ മാരുതൻപൊലെവെഗംഗമിച്ചുതെ- വിരനാകാശമായുള്ളസാഗരെ ചാരുവാംവഞ്ചിപൊലെഗമിച്ചുതെ- സീതാദെവിയെവന്ദനവുംചെയ്തു യാതുധാനന്മാരെയുംകൊലചെയ്തു- രാവണനെററംദുഃഖവുമുണ്ടാക്കി രാവണൻതൻെറലങ്കയുംചുട്ടിട്ടു- മാരുതാത്മജനാകാശമാൎഗ്ഗെണ വിരവൊടെഗമിച്ചുമനൊജവൻ- മൈനാകത്തെയുംതൊട്ടുകരംകൊണ്ടു ഹനുമാനതിവെഗംഗമിക്കുമ്പൊൾ- സിംഹവിക്രമൻസന്തൊഷത്തൊടുള്ളിൽ സിംഹനാദവുംചെയ്തുതുടങ്ങിതെ- ഉത്തമനാംകപീശൻെറനാദവും പത്തുദിക്കുംമുഴങ്ങിയതുനെരം- ഉത്തരതീരെവാഴുംകപികളും സത്തമൻതൻെറസിംഹനാദംകെട്ടു- ബന്ധുദൎശനകാംക്ഷികളായിട്ടു ബദ്ധമൊദംവസിക്കുന്നനെരത്ത- എത്രയും മൊദത്തൊടപ്പൊൾജാംബവാ നത്രവാനരരൊടെവംചൊല്ലിനാൻ- കൊണ്ടൽവെണിമണിയാളാംസീതയെ കണ്ടുമാരുതിയില്ലൊരുസംശയം- ജാനകിതന്നെക്കണ്ടില്ലെന്നാകിലൊ മാനിയിങ്ങിനെശബ്ദിക്കയുമില്ല- എന്നതുകെട്ടുവാനരന്മാരെല്ലാം നന്നെഹൃഷ്ടരായ്ചാടിത്തുടങ്ങിതെ- പൎവ്വതാഗ്രങ്ങളിൽനിന്നുവാനരൻ പൎവ്വതാഗ്രങ്ങളിൽചാടിനിൽക്കുന്നു- ശിഖരങ്ങളിൽനിന്നുകപികളും ശിഖരാഗ്രങ്ങളിൽചാടിനിൽക്കുന്നു- ഹനുമാൻതന്നെക്കാണുവാനായിട്ടു മാനസംതന്നിലെത്രയുംഹൃഷ്ടരായ - ചിലരന്നെരംപുഷ്പങ്ങളുള്ളൊരു പാലവെശാഖകൈക്കൊണ്ടുനിൽക്കുന്നു - എത്രയുംതൊഷത്തൊടെകപികളും വസ്ത്രങ്ങളപ്പൊൾവീശിത്തുടങ്ങിതെ- ഗിരിരാജഗുഹകളിൽനിന്നിട്ടു മാരുതൻശബ്ദിച്ചീടുന്നതുപൊലെ- ഹരിവംശമഹാമണിയായുള്ള മാരുതാത്മജൻതാനുംഗജ്ജിച്ചുതെ- മെഘംപൊലെമഹാകപിതന്നെയും ആഘൊഷെ

ണവരുന്നതുകണ്ടിട്ട- വാനരന്മാരുമെറ്റപ്രസന്നരാ യ്യാന
രെന്ദ്രനെകൈകൂപ്പിനിന്നുതെ- മെരുതുല്യൻകപിവരനന്നെരം
ചാരുനാനാവിധദ്രുമമുള്ളൊരു- മഹെന്ദ്രാചലംതന്റെശിഖരത്തി
ൽ മഹാവിക്രമൻ ചാടിവീണുമുദാ - വാനരപുംഗവരപ്പൊൾ
ഹൃഷ്ടരാ യ്യാനരാധിപൻതന്റെചുഴലവും- ചെന്നുനിന്നിട്ടുസ
ന്തൊഷിച്ചീടിനാർ നന്നായ്പ്രീതനായ്ക്കൊണ്ടുഹനുമാനെ- ഫലമൂ
ലങ്ങൾകൊണ്ടുചന്നു വാനരംബലശാലിക്കുകാഴ്ചയുംവെച്ചുതെ-വൃ
ദ്ധന്മാരാകുംവാനരരെയപ്പൊൾ ബദ്ധമൊടെനവന്ദിച്ചുമാരുതി-
കണ്ടുഞാൻദെവിയെഎന്നരുൾചെയ്തു ഇണ്ടൽനീങ്ങുമാറെവം
കപികൾക്ക- ടംഗിയെറ്റംമഹെന്ദ്രശിഖരത്തിൽ അംഗദൻത
ന്റെകയ്യുംപിടിച്ചിട്ട- മാരുതാത്മജൻവീരശിഖാമണി ഇരുന്നു
പ്രീതിയൊടെമനതാരിൽ- വാനരന്മാരുംവൃത്താന്തംകെൾക്കുവാ
ൻ വാനരെന്ദ്രന്റെസന്നിധൌനില്ക്കുമ്പൊൾ - അപ്പൊൾ
ജാംബവാൻകാര്യവൃത്താന്തത്തെ കെല്പൊടെഹനുമാനൊടുചൊ
ദിച്ചു- എങ്ങിനെദെവൻദെവിയെക്കണ്ടതു മെങ്ങിനെദെവിതാ
നുംവസിക്കുന്നു- എന്തുനാംരാമനൊടുണർത്തിക്കണം സന്തൊ
ഷത്തൊടതാകെപ്പറഞ്ഞാലും- ഇത്തരംജാംബവൊക്തികൾകെ
ട്ടപ്പൊൾ ഉത്തമബലശാലിഹനുമാനും- സീതാവാഴുന്നദിക്കി
ലെക്കായിട്ട ജാതമൊദംനമസ്കാരവുംചെയ്തു- ജാതവൃത്തമശെ
ഷണമാരുതി പ്രീതനായരുൾചെയ്തുധരിപ്പിച്ചു- ഹനുമാനരു
ൾചെയ്തുകഥകളെ വാനരവീരരാകവെകെട്ടപ്പൊൾ- ആനന്ദാം
ബുധിമഗ്നഹൃദയരാ യ്യാനരന്മാരുംസിംഹനാദംചെയ്തു- ചിലര
ന്നെരംഭീമമായുള്ളൊരു വാലുകളെയിളക്കിത്തുടങ്ങിതെ- പെട്ടന്നു
ചിലർവായുതനയനെ തൊട്ടീടുന്നുകുതൂഹലാലെത്രയും- അന്നെ
രമംഗദാദികപിവര രൊന്നിച്ചുകാര്യംചിന്തിച്ചനെരത്ത- വാത
നന്ദനനായഹനുമാന്റെ മതമെല്ലാരുംനിശ്ചയിച്ചീടിനാർ- വാ
നരവീരന്മാരൊടുമൊന്നിച്ച പവനാത്മജൻവീരൻഹനുമാനും-
മഹെന്ദ്രംതന്നിൽനിന്നിട്ടുചാടിനാൻ മഹാവിക്രമനാകാശമാർഗ്ഗ
ത്തിൽ- ഗിരികാനനഗ്രാമനദികളെ വിരവൊടെകടന്നുകപിവ
രർ-ഉഗ്രശാസനനായിയിരിക്കുന്ന സുഗ്രീവന്റെമധുവനവുംക
ണ്ടു- വാനരന്മാർമധുവനംകണ്ടപ്പൊൾ വാനരയുവരാജനെവ
ന്ദിച്ചു- യാചിച്ചുമധുവെത്രയുംപ്രീതരായ് യാചിച്ചനെരംശ്രുത
നാമംഗദൻ- ഹനുമാന്റെമതവുമറിഞ്ഞിട്ട അനുജ്ഞയെകൊടു
ത്തുകപികൾക്ക- അപ്പൊൾവാനരന്മാരുംപ്രസാദിച്ചു അമ്പൊടെ
വനംതന്നിൽകടന്നുടൻ- മധുപിംഗലന്മാരാംകപികളും മധുപാന

ത്തചെയ്യുതുടങ്ങിതെ-വാനരന്മാർമധുപാലമത്തരായ്യന്നാചെഷ്ട
കൾകാട്ടിത്തുടങ്ങിതെ-പാടിടുന്നു ചിലരുന്നെരത്തകിടന്നിടുന്നുവാ
നരരിൽ ചിലർ-ചാടിടുന്നു ചിലരത്തുന്നെരത്തൊടിടുന്നു ചിലരതിവെ
ഗത്തിൽ-തമ്മിൽതമ്മിൽപിടിച്ചിടുന്നു ചിലർതമ്മിൽതമ്മിൽപറഞ്ഞി
ടുന്നു ചിലർ-തമ്മിൽതമ്മിൽരസിച്ചിടുന്നുചിലർതമ്മിൽതമ്മിൽകളി
ച്ചിടുന്നുചിലർ- മധുപാനത്തെവാനരർചെയ്യുമ്പൊൾ ദധിവ
ക്ത്രനും വന്നുതട്ടത്തിതെ-വാനരന്മാർദധിമുഖനെയപ്പൊൾ ജാനു
ക്കൾകൊണ്ടും മുഷ്ടികളെക്കൊണ്ടും- ഇടിച്ചുകുത്തിഭൂമിയിലിട്ടിട്ടചെ
ടികൂടാതുതട്ടിത്തുടങ്ങിനാർ- ദധിവക്ത്രനമപ്പൊളെഴുന്നെററ അധി
കം കൊപത്തൊടെമനതാരിൽ- വാനരരിൽചിലരെഅടിക്കുന്നു
വാനരരിൽചിലരെവലിക്കുന്നു- കപിവൃന്ദത്തെതല്ലുന്നതുകണ്ടു
കപിനായകനായിട്ടുമംഗദൻ- ബലശാലിദധിമുഖനെയപ്പൊൾ
ചാലവെതല്ലിഭൂമിയിലിട്ടതെ- വനപാലന്മാരെയതുന്നെരത്തു വാ
നരവീരന്മാരുമടുത്തുടൻ- മുട്ടുകൾകൊണ്ടും മുഷ്ടികളെക്കൊണ്ടും ധൃ
ഷ്ടന്മാരായിടിച്ചുതുടങ്ങിനാർ- പൃരിയത്തെയും കാട്ടിനാരന്നെരം പ
രിചിൽമെഘമാർഗ്ഗവും കാട്ടിനാർ- രണ്ടരനാഴികകൊണ്ടുബൊധവു
മുണ്ടായിദധിവക്ത്രനേററിട്ട- ദീനനായിദധിമുഖനന്നെരം വന
പാലന്മാരൊടെവം ചൊല്ലിനാൻ- നമ്മളിക്കഥയാകവെവെഗ
ത്തിൽ ചെമ്മെസുഗ്രീവനൊടുപറയണം- അംഗദൻതങ്കലൊററ
വും കുററമാ ശ്ലിംഗാധീശനൊടുനാം പറയണം- വാനരരാജനി
ക്കഥകെൾക്കുമ്പൊൾ വാനരന്മാരെകൊന്നിടും നിർണ്ണയം- വന
പാലനിവണ്ണമുരചെയ്തു വനപാലരുമൊന്നിച്ചുവെഗത്തിൽ -
വാനരെശനൊടിക്കഥചൊല്ലുവാൻ ദീനനായിട്ടുപൊയിദധിമുഖ
ൻ- സൂര്യ്യവംശതിലകനുമൊന്നിച്ചു സൂര്യ്യപുത്രനിരിക്കുന്നപ
ർവ്വതെ- ചെന്നുവന്ദിച്ചുസുഗ്രീവൻതന്നൊട ഖിന്നനായെവം
ചൊന്നാൻദധിമുഖൻ- വാനരെശധരിക്കമഹാമതെ വാനര
ന്മാർമധുവനെവന്നിട്ട- മധുവാകെകുടിച്ചിടുന്നുവീര മധുശെഷി
ച്ചുഎങ്കിൽകളയുന്നു- ഞാനിവരൊടുകൂടെതടുത്തതെ വാനരന്മാ
രതുന്നെരം ഞങ്ങളെ- മുഷ്ടികൾകൊണ്ടും മുട്ടുകളെക്കൊണ്ടും ധൃഷ്ടന്മാ
രായിടിച്ചുകപീശ്വരാ- അംഗദപ്രമുഖരാം കപികളു മിങ്ങിനെയൊ
ക്കചെയ്തധരിച്ചാലും- ലക്ഷ്മണനപ്പൊൾസുഗ്രീവൻതന്നൊട
ലക്ഷ്മീകാന്തന്റെസന്നിധൌചൊദിച്ചു- വനപാലനിവനെന്തു
ചൊല്ലുന്നു ദീനനായിട്ടഭാനുസുതായിപ്പൊൾ- എന്നതുകെട്ടുസു
ഗ്രീവൻചൊല്ലിനാൻ ഇന്നിവനെവംചൊല്ലുന്നുസൌമിത്രെ -
അംഗദപ്രമുഖന്മാരാം വാനരർ തിങ്ങിനമൊദം വന്നുമധുവനെ -

മധുവാകെകുടിക്കുന്നു സ്വഛന്ദരായ്ദധിവക്ത്രനിവണ്ണംപറയുന്നു-
കണ്ടുദെവിയെയില്ലൊരുസംശയം കണ്ടതുംഹനൂമാനെന്നുനിൎണ്ണ
യം- സൂൎയ്യങ്കൽതെജസ്സെന്നകണക്കിനെ കാൎയ്യസിദ്ധിയുംബു
ദ്ധിയുംശക്തിയും- ഹനൂമാൻതങ്കലുണ്ടുധ്രുവമായി മാനസെചെ
റ്റുംസംശയമില്ലമെ- കാൎയ്യംസാധിച്ചിടാഞ്ഞാലവരെവം ധൈ
ൎയ്യത്തൊടെയനുഷ്ഠിക്കയുമില്ല-വനമാകതകൎത്തുകപികളും പാനം
ചെയ്യുന്നനെരംപ്രഹൃഷ്ടരായ് ഇവർചെന്നുതടുത്തസമയത്തി
ലവർമുട്ടുകൾകൊണ്ടുഇടിച്ചുന്നും - പറവാനായിവന്നുദധിമുഖ
ൻ ഏറെസന്തൊഷമുള്ളൊരുവാക്കിനെ- സീതയെക്കണ്ടുയില്ലൊ
രുസംശയം ചെതസിസുമിത്രാസുതാചിന്തിക്ക- വാനരർദെവി
യെക്കണ്ടില്ലെന്നാകിൽ വനമെൻറകളുകയുമില്ലല്ലൊ- രാമച
ന്ദ്രനുംലക്ഷ്മണനുമപ്പൊൾ ആമൊദംമനതാരിലുളവായി- ശ്രൊ
ത്രാനന്ദമാംവാക്കിനെകെട്ടിട്ട മിത്രപുത്രവദനത്തിൽനിന്നിട്ട - വ
നപാലനൊടെററംപ്രഹൃഷ്ടനാം വാനരരാജനെവമുരചെയ്തു- പ്രീ
തനായിഞാൻകെൾക്കദധിമുഖ കൃതവൎമ്മന്മാരായകപികളാൽ -
മധുവാകകുടിച്ചതുകെട്ടിട്ടും മധുവനംതകൎത്തതുകെട്ടിട്ടും- പ്രാണ
പുത്രനെയുംകപികളെയും കാണ്മാനെററമിച്ഛിച്ചിട്ടുന്നെൻഞാ
ൻ- കെട്ടിട്ടുവാനുംസീതാവൃത്താന്തത്തെ പെട്ടന്നുനീയതുചെന്നു
ചൊല്ലുക- ആമൊദത്തൊടെയപ്പൊൾദധിമുഖൻ രാമസുഗ്രീവ
ന്മാരെവണങ്ങിട്ട- വനപാലന്മാരൊടുമൊരുമിച്ചു വാനരരാജമാ
തുലൻവെഗത്തിൽ- മധുവനത്തെപ്രാപിച്ചനെരത്ത മധുസക്ത-
രായുണ്ടുകപികളെ- അഞ്ജലിബന്ധംചെയ്തുവനപാലൻ അ
ഞ്ജനതനയാംഗദവീരരെ - എവംചൊല്ലിനാൻവീരന്മാരൊട
പ്പൊൾ സാവധാനമായെററംവിനീതനായ് - നിങ്ങളിന്നിവി
ടെവന്നവൃത്തത്തെ പിംഗാധിപനൊടുഞാനുണൎത്തിച്ചു-അതുകെ
ട്ടിട്ടുവാനരരാജനും പ്രീതനായെന്നൊടെവമരുൾചെയ്തു- വെഗ
മെല്ലാരുംവന്നിടണമിഹ വെഗംനീയവരൊടെവംചൊല്ലുക- വ
നപാലനിവണ്ണംപറഞ്ഞപ്പൊൾ ഹനൂമൽപ്രമുഖന്മാരാംവാന
രർ- അതിവെഗെന ചാടിയാകാശത്തിൽ പ്രീതരായിട്ടുപൊയി
ത്തുടങ്ങിതെ- മെഘതുല്യശരീരരാംവാനരർ മെഘനാദനിനാദ
ത്തൊടുംകൂടി- ഭാനുവംശമഹാമണിയൊന്നിച്ച ഭാനുനന്ദനൻ
വാഴുംഗിരിതന്നിൽ- ചെന്നുചാടിവീണീടിനാരെല്ലാരും മന്നവ
രാമസുഗ്രീവസന്നിധൌ- ഹൃഷ്ടനായ്ഹനൂമാൻവെദവെദ്യനെ
സാഷ്ടാംഗംനമസ്കാരവുംചെയ്തിട്ട- അഷ്ടശക്തിമാനാംരാമനൊ
ടപ്പൊൾ ദൃഷ്ടദെവിമയായെന്നുണൎത്തിച്ചു- ധീരൊദാത്തൻപരി

പൂൎണ്ണസൽഗുണൻ ശ്രീരാമചന്ദ്രനപ്പൊൾപ്രസന്നനായ്- ത
ത്രവന്ദിച്ചുനിൽക്കുംഹനൂമാനെ എത്രയുംബഹുമാനെനനൊക്കി
തെ- മന്നവർമണിവാനരരൊന്നിച്ചു പിന്നെപ്രസ്രവണംത
ന്നിൽചെന്നുതെ- അന്നെരംസമെയാനുരാഗങ്ങളെ മന്നവാ
ന്തികെവാനരർചൊല്ലുന്നു - അക്ഷതയായിസീതയെക്കെട്ടിട്ടു
അക്ഷരൻരാമനെവന്ദനംചെയ്തു- എങ്ങുവാഴുന്നുവൈദെഹന
ന്ദിനി എങ്ങിനെയെങ്കൽവൎത്തിച്ചീടുന്നുസാ - എന്നതുനിങ്ങളി
പ്പൊൾപറഞ്ഞാലു മെന്നൊടുവെഗംവാനരവീരരെ- രാമനെവ
ന്ദനംചെയ്തുനെരത്ത ആമൊദത്തൊടെവാനരരെല്ലാരും- സീ
താവൃത്താന്തംതന്നെയറിഞ്ഞൊരു - വാതപുത്രനെപ്രെരിച്ചീടുന്നു
തെ- ദെവിയെദെവിവാഴുന്നദിക്കിനെ സാദരംനൊക്കിവന്ദിച്ചു
മാരുതി- വെദവെദ്യനാംശ്രീരാമനൊടപ്പൊൾ സാദരംവൃത്തമെ
വമുണൎത്തിച്ചു-നൂറുയൊജനവിസ്താരമായുള്ളവാരിധിയിന്നുചാടി
യടിയനും - ജാനകിതന്നെയന്വെഷിപ്പാനായി മാനനീയ
മനുവംശരത്നമെ - അവിടെലങ്കയെന്നനഗരിയും രാവണ
നാംദുരാത്മാവിനുണ്ടുതെ - ദക്ഷിണാബ്ധിയിടെദക്ഷിണതീരത്തി
ൽ അക്ഷിണാശങ്കവാഴുന്നുതൽപുരം - അവിടെരാവണാ
ന്തഃപുരംതന്നിൽ ദെവിയെക്കണ്ടുദെവശിഖാമണെ - അച്യു
തനാംഭവാൻതൻകൽമാനസം വച്ചുകെവലംജീവിച്ചിരിക്കുന്നു-
മന്നവകണ്ടെൻരാക്ഷസിമദ്ധ്യത്തിൽ പിന്നെയുംപിന്നെയുംത
ജ്ജമാനയായ്- വിരൂപികളാംനക്തഞ്ചരികളാൽ പരിരക്ഷി
തയായിപ്രമദാന- ദുഃഖെയൊഗ്യയല്ലാതുള്ളതെദെവി ദുഃഖിച്ചീ
ടുന്നുഎത്രയുംലൊകെശാ- രാവണാന്തഃപുരംതന്നിൽ ശുദ്ധയാ
യ്കെവലമധശ്ശയ്യയായ്ക്ഷീണയായ്- ഏകവെണിധരയായ്വിവൎണ്ണ
യാ ല്ലൊകനാഥ ഭവാനെനിരന്തരം- ചിന്തിച്ചുസ്വാന്തംതന്നി
ൽവസിക്കുന്നു സന്താപത്തൊടെദെവശിഖാമണെ- രാവ
ണൻതന്റെഘൊരമാംവാക്കുകൾ ദെവദെവിയുംകെട്ടൊരനന്ത
രം- പ്രാണത്യാഗവുംചെയ്യാൻതുടങ്ങുമ്പൊൾ പണിപ്പെട്ടു
ഞാൻമാൎഗ്ഗണംചെയ്തുതെ- ഇക്ഷ്വാകുവംശവിഖ്യാതിയെയ
പ്പൊൾ അക്ഷയഞാനംചൊല്ലിശ്ശനൈശ്ശനൈ- വിശ്വനാ
യകവിശ്വാസമുണ്ടാക്കി വിശ്വനായകിയാകിയദെവിക്കു- പി
ന്നെതമ്മിൽവിശെഷങ്ങൾചൊല്ലിതെ മിന്നീടുംമൊതിരവും
കൊടുത്തുതെ- സൎവ്വവൃത്താന്തത്തെയുമുണൎത്തിച്ചു സൎവ്വലൊ
കൈകനാഥരഘൂത്തമാ- രാമസുഗ്രീവസഖ്യത്തെക്കെട്ടിട്ടു ആ
മൊദംദെവിക്കെററമുളവായി- ദെവദെവസമാചാരങ്ങളും ക

വാൻതങ്കൽസുദൃഢമാംഭക്തിയും- ദെവിതങ്കൽനിയതമായുണ്ടു
തെ ഏവംകണ്ടുജനകതനയെഞാൻ- ഉഗ്രവിക്രമതാൽഭ
ക്തിയെക്കൊണ്ടു ഉഗ്രമായതപസ്സൊടുകൂടവെ- അഭിജ്ഞാന
വുംതന്നുഅടിയനെ അഭിജ്ഞാചിത്രകൂടെതവാന്തികെ- കാക
നെക്കുറിച്ചുണ്ടായവൃത്തത്തെ ആകവെയരുൾചെയ്തുജനകജാ -
അറിയിക്കണംവായുസുതാനീയും വീരമൌലിയാംശ്രീരാമൻത
ന്നൊട- പരിചൊടിഹകണ്ടതശെഷവും വിരവൊടിതുനൽകുക
കാന്തന- ഇങ്ങിനെവചനങ്ങൾപറയുമ്പൊൾ പിംഗാധിപനും
കെട്ടിങ്ങിരിക്കവെ- ഇതുഞാനുംതരുന്നെൻമഹാബലാ അതി
ശൊഭയുള്ളൊരുചൂഡാമണി- മനയൊലകൊണ്ടുള്ളതിലകവും
മാനനീയസ്മരിക്കവഴിപൊലെ- ഒരുമാസംഞാൻജീവൻധരി
ക്കുന്നെൻ വീരയെൻനാഥപിന്നെക്കളഞ്ഞീടും- രൂക്ഷന്മാരാ
യിപാപികളായുള്ള രാക്ഷസവശമാകിനഞാൻനാഥ - ഏവ
മെന്നൊടരുൾചെയ്തുദെവിയും രാവണാന്തഃപുരംതന്നിൽരുദ്ധ
യാം- സർവ്വവുംഞാനുണർത്തിച്ചെൻരാഘവാ സർവ്വഥാസമുദ്ര
ത്തെക്കടക്കുവാൻ- ക്ഷിപ്രംയത്നത്തെചെയ്യുകവെണമെ അ
പ്രമെയംസമസ്തഗുണാശ്രയെ- ഇങ്ങിനെയുണർത്തിച്ചുഹനു
മാനും മംഗലാംഗനാംരാമനെവന്ദിച്ചു- ചാരുവാംചൂഡാമ
ണിയെനൽകിനാൻ വാരിജാക്ഷൻറതൃക്കയ്യിൽമാരുതി- ദെ
വന്നായിമണിരത്നംനൽകീട്ടു ദെവിതാനരുൾചെയ്തതാകവെ-
ആനുപൂർവ്വെണചൊന്നാൻഹനുമാനും ഭാനുവംശമഹാമണി
യൊടപ്പൊൾ- വാരിജമല്ചാരുവിലൊചനൻ ശ്രീരാമൻചൂ
ഡാരത്നത്തെമെടിച്ചു-ശൌര്യ്യഗാംഭീര്യ്യസാഗരൻരാഘവൻ സു
ഗ്രീവപുത്രനൊടെവമരുൾചെയ്തു- മന്നവൻജനകനീമണിരത്ന
മെന്നുടെപ്രിയയ്ക്കായിട്ടുനൽകിനാൻ - എൻറവല്ലഭൻതന്നു
ടെമൂർദ്ധാവിലെററംശൊഭിച്ചിട്ടുനുഈരത്നവും- വൃത്രാരിയാ
ഗത്താലെററംതുഷ്ടനായ്ചിത്രമീമണിനൽകിജനകനു- ഇതുക
ണ്ടിട്ടുവൈദെഹംതന്നെയും താതൻതന്നെയുംകണ്ടതുപൊലെയാ
യ്- ഇന്നിവളിഹവന്നതുപൊലെഞാൻ മിന്നീടുംമണികണ്ടു
നിണയ്ക്കുന്നെൻ- എന്നുരചെയ്തുസീതാഹനുമാനെ സന്തൊ
ഷകരവാക്കിനെച്ചൊല്ലുക- ഇതിലെററയെന്നുള്ളിഹദുഃഖവും സീ
താത്യനുംവരാതെജലജമാ- മീമണിതാനുംനൊക്കിക്കാണുന്നു
തെ സൌമിത്രെമമസൊദരലക്ഷ്മണാ- ഏറ്റെജീവിച്ചിരിക്കു
ന്നുവൈദെഹി ഒരുമാസംധരിച്ചുഎന്നാകിലൊ- ഏണലൊ
ചനയാമവൾകൂടാതെ ക്ഷണംജീവിച്ചിരിക്കയുമിങ്ങിനെ - ഭീ

ഭീതതനയാംമെവല്ലഭാ പാരംഭീതിയെയുണ്ടാക്കീട്ടന്നൊരു
ഘൊരന്മാരാകും രാക്ഷസമദ്ധ്യത്തിൽ പാരശീലമിരിക്കുന്നതെ
ങ്ങിനെ - സീതയെന്നുപറഞ്ഞുഹനൂമാനെ അത്ഭുതപമായെ
ന്നൊടുചൊല്ലുക- ഇതുകൊണ്ടുഞാൻജീവിച്ചിരിക്കുവൻ ആതു
രൻവൈദ്യത്താലെന്നതുപൊലെ- മഞ്ജുളമഞ്ജുഭാഷിണിഭാമി
നി കഞ്ജലൊചനകുഞ്ജരഗാമിനി- എന്നൊടുവർപിരിഞ്ഞെ
ൻെറവല്ലഭ ചൊന്നതെന്നൊടുചൊൽകഹനൂമാനെ- ദെവനെ
വമരുംചെയ്യുന്നെരത്ത പവനാത്മജൻവന്ദിച്ചുണർത്തിച്ചു- ദെ
വിതാൻമിവണ്ണമരുംചെയ്യ ദെവദെവശിഖാമണെകെട്ടാ
ലും- മംഗളാംഗഭവാൻമൊരുമിച്ച മംഗളാംഗിസുഖമായുറങ്ങീ
ട്ട - മുമ്പിൽദെവിയുണരുന്നെരത്ത അമ്പൊടെയവിടെ
വന്നൊരുകാകൻ- ദെവിതന്നെയുപദ്രവിച്ചീടിനാൻ ദെവിയ
പ്പൊൾഭവാനെയുണർത്തിനാൾ- പശ്ചാദെണഭവാൻദെവിത
ന്നംകെ വീഴ്ചരാശെയുറങ്ങുന്നെരത്ത- കാകൻപിന്നെയുംവ
ന്നവിടെയപ്പൊൾ ലൊകനാഥദെകൊത്തികചങ്ങളെ - ഭാര
ണംചെയ്തുചൊരയുംവീണതെ ചൊരവീണുഭവാനുമുണർന്നു
തെ- ഭാരിതസ്യനയായിട്ടദെവിയെ പാരംക്രുദ്ധനായ്ച്ചൊന്നാൻഭ
വാനെവം- ആരതെമുലയെവംപിളർന്നു ആരുപഞ്ചതലയു
ള്ളപാമ്പിനാൽ- കളിച്ചീടുന്നുഭീതിയുംകൂടാതെ കളവാണികമല
ലൊചനെ- ഭവാനെവമരുംചെയ്തുനൊക്കുമ്പൊൾ ദെവി
തന്നെയുംനൊക്കിയിരിക്കുന്ന- ചൊരകൊണ്ടലണിഞ്ഞുള്ളകാ
കനെ വീരനൌലെഭവാൻതാനുംകണ്ടുതെ- വൃത്രവൈരിസുത
ൻകലാവായസൻ വിക്രമംബുധെഎത്രയുംവെഗവാൻ - അ
വൻതന്നുടെനെരെയതുനെരം ഭവാനെത്രയുംക്രുദ്ധനായ്വെഗ
ത്തിൽ- ഭർതൈഭവാൻകയ്യൊണ്ടുരാഘവ ഭൈബ്രഹ്മാസ്ത്രംയൊ
ജിപ്പിച്ചീടിനാൻ - കല്പാഗ്നിപൊലെയപ്പൊൾജ്വലിച്ചുതെ തൽ
പക്ഷിനെരെയപ്പൊൾതദസ്ത്രവും - കാകനുമപ്പൊൾത്രാണ
ത്തിന്നായിട്ടു ആകവെഗമിച്ചീടിനാൻലൊകങ്ങൾ- ആരുമെര
ക്ഷിക്കാഞ്ഞൊരുനെരത്ത പരിതാപെനവന്നിതുകാകനും- പാ
ദാബ്ജംതന്നിൽവീണുഭവാൻതൻെറ പാദെവീണതുകണ്ടിട്ടുകാക
നെ- കൊന്നിടാൻപിഴയുണ്ടവനെങ്കിലും മന്നവകൃപയാൽഭ
വാൻപാലിച്ചു- ഉന്നഴിനായകബ്രഹ്മമാമസ്ത്രത്തെ പാഴിലാക്കാ
ൻവഹിയാശ്ശകാരണാൽ- ഒരുകണ്ണുകളഞ്ഞിതുകാകൻെറപാരം
പ്രീതനായപ്പൊളവൻതാനും -രാമചന്ദ്രഭവാനെനമിച്ചവൻആ
മൊദെനഗമിച്ചാൻനിജഗൃഹം - എത്രയുംശക്തനായഭവാനി

ല്പ്പൊൾ അസ്ത്രംരാക്ഷസരിലെന്തയയ്ക്കാത്തു- അമരാസുരനാ
ഗഗന്ധൎവ്വന്മാർ രാമനെതിൎമ്പിൽശക്തരല്ലനില്ലാൻ - വീരാസ്ന
ഹംഉവാനെന്നെയുണ്ടെങ്കിൽ ശരംകൊണ്ടാശുകൊൽകശാസ്യ
നെ- ഭ്രാതാവിന്റെറവിയോഗത്തെകയ്ക്കൊണ്ട യാതുധാനന്മാ
രെക്കൊലചെയ്യുവാൻ- വീരനാകുന്നലക്ഷ്മണനുമിപ്പൊൾ വി
രവൊടുവരാത്തതുമെന്തഹൊ- എനിക്കെറവും ദുഷ്കൃതമുണ്ടെന്നു
മനതാരിൽ നിനയ്ക്കുന്നുസാംപ്രതം- ശ്യാമളാംഗനായ്ക്കൊമള
നായുള്ള ഭീമവിക്രമൻരാമനൊടെല്ലായാൽ- കരുണമായദെവീ
ടെഭാഷിതം വിരവൊടഹംകെട്ടിട്ടണത്തിച്ചു- സത്യമാണദെവ
തീടെശൊകെന സത്യവിക്രമൻദുഃഖിച്ചീടുന്നതെ - രാമചന്ദ്ര
ന്റെവൈദത്തെക്കണ്ടിട്ട സൌമിത്രിതാനുംദുഃഖിച്ചീടുന്നതെ- ക
ഥിച്ചീലിന്നുകണ്ടുദെവതിയെ നാഥയൊട്ടുമെദുഃഖിക്കരുതെ- സു
സ്ഥിതെരഘുനായകൻസാനുജൻ ശസ്ത്രമാക്കുവൻലംകയെനിൎണ്ണ
യം- ക്രൂരനാകുന്നരാവണനെക്കൊന്ന പുരിതന്നിൽനയിക്കും
ദെവതിയെ- അഭിജ്ഞാനംതരണമടിയന്ന അഭിജ്ഞനാഥനി
ൻകഴൽകൂപ്പുന്നെൻ- അന്നെരംദെവിഎല്ലാമിക്കുംനൊക്കി മ
നവയിമണിരത്നംതന്നുതെ- വീരചൂഡാമണിയെയുംമെടിച്ചു
പൊരുവാനഹംഭാവിച്ചനെരത്ത- ബാഷ്പത്തൊടെയരുൾചെയ്തു
പിന്നെയും അപ്പൊൾനാഥഅടിയനൊടിങ്ങിനെ- മദശ്രീ
രാമലക്ഷ്മണന്മാരൊടും സുഗ്രീവനൊടുംമന്ത്രിവരരൊടും- ഹരിവീ
രന്മാരൊടുംകുശലംതെ മാരുതാത്മജാചൊല്ലിക്കമൽകൃതെ- എന്നെ
ദുംഖാംബുധിയിൽനിന്നെങ്ങിനെ എന്നുടെകാന്തൻതാരണംചെ
യ്തീടും- നീയതിനുപ്രയത്നത്തെചെയ്യെണം വായുനന്ദനാബു
ദ്ധിമതാംവരാ - എന്നുടെയിക്കഠിനമാംദുഃഖവും എന്നെരാക്ഷ
സർഭത്സിച്ചീടുന്നതും- പറയെണംനീരാമനെപ്രാപിച്ചു വീ
രാതെ മാൎഗ്ഗമസ്തുശിവമായി- ഇങ്ങിനെതവഭാഷ്യയരുൾചെയ്തു
മംഗളാംഗവിക്ഷാമത്തൊടുംകൂടി- ഇതറിഞ്ഞുദെവാനുംവിചാരിക്ക
സീതാദെവികുശലമശെഷെണ- പിന്നെയുമെന്നൊടെവമരു
ൾചെയ്തു മന്നവദെവൽസ്നെഹനദെവിയും- വാണീടുകയൊരു
ദിനംനീയിഹ പ്രാണപുത്രനീവിശ്രാന്തനായിട്ടു- നാളെപൊ
യിടാമെന്നരുൾചെയ്തുതെ കളുവാണിരവികുലരത്നമെ- സിംഹ
വിക്രമാനിന്നുടെസാന്നിദ്ധ്യാൽ മുഹുൎത്തംമമദുഃഖമൊക്ഷംവരും-
ഇങ്ങിനെയൊരുസംശയമുണ്ടുമെ പിംഗാക്ഷനീധരിക്കവെഴി
പൊലെ- പാരമില്ലാതെയുള്ളൊരുവാരിധി ഹരിവീരൻകടക്കു
ന്നതെങ്ങിനെ- ദെവിയെവമരുൾചെയ്യുനെരത്ത ദെവാവ

ന്ദിച്ചുഞാനമുണൎത്തിച്ചേൻ- പാരശീലെധരിക്കകപിവര ഒ
രു പാട്ടംകൊണ്ടെല്ലാരും വന്നിട്ടും- എന്നുടെപൃഷ്ഠംതന്നിൽകരെ
റീട്ടു മന്നവർമണിസാനുജൻവന്നീടും- യാമിനീചരതൂലദ
വാഗ്നിയാ യ്ഭീമവിക്രമനാകുന്നരാമനെ- ലംകദ്വാരത്തിൽചാ
പധരനായി പംകജാക്ഷനെസൌമിത്രിയൊന്നിച്ചു- ക്ഷിപ്രം
കാണും ഭവതിയുംഹൃഷ്ടയായ് അപ്രമെയയെഅതിനില്ലസംശയം-
നഖദംഷ്ട്രായുധന്മാരായുള്ളൊരു ശാഖാമൃഗവരരുടെനാദവും -
ലംകയാകെമുഴങ്ങുമവ്വെഗത്തിൽ പങ്കജാക്ഷി ഭവതിയുംകെട്ടിടും -
ക്ഷുദ്രരൌദ്രനാം രാവണനെവെഗം ഉഗ്രവിക്രമൻരാമൻവധി
ച്ചീടും- പുരിതന്നിൽനയിക്കും ഭവതിയെ പാരശീലെയതിനില്ല
സംശയം- വനവാസംകഴിഞ്ഞിട്ടയൊദ്ധ്യയിൽ മാമുനിയെഭവ
തിയൊടൊന്നിച്ചു- അഗ്നിമാനിയായുള്ളതെകാന്തനെ അഭിഷിക്ത
യായ്ക്കാണും ഭവതിയും- ഭവാൻതന്നുടെശൊകെനപീഡിതാ ശി
വമായിഷ്ടമായെന്റെവാക്കിനാൽ- സന്തുഷ്ടമിഥിലാധിപനന്ദി
നീ ശാന്തിമെയരുൾചെയ്തു ജഗന്നാഥ- ഹനുമാൻതന്റെവാ
ക്യത്തെക്കെട്ടിട്ടു ഭാനുവംശമഹാമണിശ്രീരാമൻ- മാനസംത
ന്നിലെററംപ്രസന്നനാ യ്മാനനീയനിവണ്ണമരുൾചെയ്തു -
അതിദുഷ്കരമെത്രയുമായുള്ള ചെയ്തുകാൎയ്യംഹനുമാൻവലുതായാ -
ഹനുമാനെന്നിയെയുള്ളവൎക്കാൎക്കും മനസ്സുകൊണ്ടുപൊലുമശക്യമാം-
ചതുരാനനരുദ്രാവരംകൊണ്ടു അതിമത്തരാംനക്തഞ്ചരന്മാരാൽ -
പരിപൂൎണ്ണയായ്ക്രൂരദശാസ്യനാ ല്പരിരക്ഷിതയായുള്ളലംകയിൽ-
ത്തുവാൻചെന്നുജീവിച്ചുപൊരുന്നു വീരവീരനാംമാരുതിയല്ലാ
തെ- സൂൎയ്യനന്ദനൻചെയ്യൊരുസത്യത്തെ വീൎയ്യരാശിസഫലമ
താക്കുമൊ- ഒരുകാൎയ്യത്തെചെയ്യുവാനായിട്ടു പരിചിൽസ്വാമി
ചൊല്ലിയയച്ചെങ്കിൽ- സ്വാമിയെസ്നെഹത്തൊടെയക്കാൎയ്യത്തെ
സാമൊദംചെയ്യീടുന്നവനുത്തമൻ - അതുവാൻപിന്നെകാൎയ്യ
ങ്ങൾചെയ്യിട്ടും നരപാലന്റെപ്രീതിയെചെയ്കിലും- അവൻമ
ദ്ധ്യമനെന്നുപറയുന്നു എവൻപിന്നെനരപതിതന്നുടെ- കല്പന
കളെചെയ്യാതിരിക്കുന്നു അല്പബുദ്ധിയവനാമധമനും- കാൎയ്യം
ചെയ്യുവാൻചൊല്ലിയയച്ചിട്ടു വീൎയ്യശാലിയാകുന്നഹനൂമാനും-
വീൎയ്യനാകവെകാൎയ്യങ്ങൾസാധിച്ചു ശൂരനാത്മാലഘുത്വംവരുത്തീ
ല- ഇനിക്കിങ്ങിനെപ്രീതിയുണ്ടാക്കിന ഹനൂമാനിപ്പൊളന്തി
തിൽതുല്യമായ് - ആനന്ദത്തെവരുത്തെണമെന്നുഞാൻ നിനച്ചു
ള്ളിലിവണ്ണമുരച്ചുതെ-സൎവ്വഗീൎവ്വാണവന്ദിതൻരാഘവൻ സൎവ്വ
നാഥനിവണ്ണമരുൾചെയ്തു- സൎവ്വസംഭൃതനാകും പരിഷ്വംഗം

സൎവ്വസാക്ഷിതന്നയാതരുന്നെൻഞാൻ- പരബ്രഹ്മമീവൎണ്ണമരു
ൾചെയ്തു പരിഷ്വംഗത്തെചെയ്തുഹനൂമാനെ- ഋഷ്ട്രൂപമാകും
ബ്രഹ്മപദത്തിനെയപ്രമേയൻകൊടുത്തുഹനൂമാന- പൂൎണ്ണശക്തി
സമസ്തഗുണാകരന്മാൎക്കൊത്തവൻതാതൻമയാനിധി- അ
ൎണ്ണവതനയരമണൻവിഭു പൂൎണ്ണവൈമപുരശപരൻശ്രീരാമൻ-
സാത്മദാനവുംചെയ്തുപ്രസന്നനായ ആത്മജ്ഞാനിവരനാം
ഹനൂമാന- രാമദൈവകൃപാമുഖ്യഭാജന രാമപാദാബ്ജഹംസമഹാ
ബല- ഭീമവാരണദപ്പവിനാശന യാമിനീചരകുലദവാനല-
സീതാദെവീകൃപാമുഖ്യഭാജനാപീതഹാലാഹലാമരവന്ദിതാ- വീരാ
ഗാന്ധാരിപുത്രാഹതാവീരാ കൃതസമ്മതാദൃമ്മതാഭജന- വായുപുത്രാ
ഹനൂമാൻനമസ്തേനുസ്തുത്യയുരാരോഗ്യസൌഖ്യാനിദേഹിമെ- പൂ
ൎണ്ണബോധഭവാന്റെചരിത്രത്തെ വൎണ്ണിപ്പാനേറ്റംകൌതുകം
കൊണ്ടുഞാൻ -വൎണ്ണിച്ചേനിതിലുണ്ടുപിഴയെങ്കിൽ പൂൎണ്ണപ്ര
ജ്ഞാഹനൂമാൻക്ഷമിക്കണം- ഹനൂമാൻഭവശ്രീരാമസേവയെ
പാനയായിഞാൻനിൎമ്മിച്ചതുകൊണ്ടു- പൂൎണ്ണപ്രജ്ഞാതൈഹൃൽക്ക
മലസ്ഥിതം പൂൎണ്ണവൈമപുരശപരൻപ്രീതിതാം.

ശ്രീ ഹനുമതെനമഃ

രാമായണം പാന

സമാപ്തം